വോൻ എങ്ങനെ കേൾക്കും? ഞാൻ വാ
ഗൈ്ഭവമുള്ളവനല്ലല്ലോ എന്നു യഹോവ
13 യുടെ സന്നിധിയിൽ പറഞ്ഞു. അന
ന്തരം യഹോവ മോശെയോടും അഹരോ
നോടും അരുളിച്ചെയ്തു, യിസ്രായേൽമക്ക
ളെ മിസ്രയീംദേശത്തുനിന്നു പുറപ്പെടുവി
ക്കേണ്ടതിന്നു അവരെ യിസ്രായേൽമക്ക
ളുടെ അടുക്കലേക്കും മിസ്രയീംരാജാവായ
ഫറവോന്റെ അടുക്കലേക്കും നിയോഗി
ച്ചയച്ചു.
14 അവരുടെ കുടുംബത്തലവന്മാർ ആരെ
ന്നാൽ: യിസ്രായേലിന്റെ ആദ്യജാതനാ
യ രൂബേന്റെ പുത്രന്മാർ: ഹനോക, ഫ
ല്ലൂ, ഹെസ്രോൻ, കൎമ്മി; ഇവ രൂബേന്റെ
15 കുലങ്ങൾ. ശിമെയോന്റെ മകന്മാർ:
യെമൂവേൽ, യാമീൻ, ഓഹദ്, യാഖീൻ,
സോഹർ, കനാന്യസ്ത്രീയുടെ മകനായ
ശൌൽ; ഇവ ശിമെയോന്റെ കുലങ്ങൾ.
16 വംശപാരമ്പൎയ്യപ്രകാരം ലേവിയുടെ പു
ത്രന്മാരുടെ പേരുകൾ ഇവ: ഗേൎശോൻ,
കഹാത്ത്, മെരാരി; ലേവിയുടെ ആയു
ഷ്കാലം നൂററിമുപ്പത്തേഴ സംവത്സരം ആ
17 യിരുന്നു. ഗേൎശോന്റെ പുത്രന്മാർ: കുടും
ബസഹിതം ലിബ്നിയും ശിമെയിയും
18 ആയിരുന്നു. കഹാത്തിന്റെ പുത്രന്മാർ:
അമ്രാം, യിസ്ഹാർ, ഹെബ്രോൻ, ഉസ്സീയേൽ;
കഹാത്തിന്റെ ആയുഷ്കാലം നൂററിമുപ്പ
19 ത്തുമൂന്നു സംവത്സരം. മെരാരിയുടെ പു
ത്രന്മാർ: മഹ്ലി, മൂശി; ഇവർ വംശപാര
മ്പൎയ്യപ്രകാരം ലേവിയുടെ കുലങ്ങൾ ആ
20 കുന്നു. അമ്രാം തന്റെ പിതാവിന്റെ
സഹോദരിയായ യോഖേബെദിനെ വി
വാഹം കഴിച്ചു; അവൾ അവന്നു അഹ
രോനെയും മോശെയെയും പ്രസവിച്ചു:
അമ്രാമിന്റെ ആയുഷ്കാലം നൂററിമുപ്പ
21 ത്തേഴ സംവത്സരം ആയിരുന്നു. യിസ്ഹാ
രിന്റെ പുത്രന്മാർ: കോരഹ്, നേഫെ.
ഗ്, സിക്രി. ഉസ്സീയേലിന്റെ പുത്ര 22
ന്മാർ: മീശായേൽ, എൽസാഫാൻ, സിത്രി.
അഹരോൻ അമ്മീനാദാബിന്റെ മകളും 23
നഹശോന്റെ സഹോദരിയുമായ എലി
ശേബയെ ഭാൎയ്യയായി പരിഗ്രഹിച്ചു; അ
വൾ അവന്നു നാദാബ് അബീഹൂ, എലെ
യാസാർ, ഈഥാമാർ എന്നിവരെ പ്രസ
വിച്ചു. കോരഹിന്റെ പുത്രന്മാർ: അ 24
സ്സീർ, എൽക്കാനാ, അബീയാസാഫ് ഇവ
കോരഹ്യകുലങ്ങൾ. അഹരോന്റെ മക 25
നായ എലെയാസാർ ഫൂതീയേലിന്റെ പു
ത്രിമാരിൽ ഒരുത്തിയെ വിവാഹം കഴിച്ചു.
അവൾ അവന്നു പീനെഹാസിനെ
പ്രസവിച്ചു; ഇവർ കുലം കുലമായി ലേവ്യ
കുടുംബത്തലവന്മാർ ആകുന്നു. നിങ്ങൾ 26
യിസ്രായേൽമക്കളെ ഗണം ഗണമായി മി
സ്രയീംദേശത്തുനിന്നു പുറപ്പെടുവിപ്പിൻ
എന്നു യഹോവ കല്പിച്ച അഹരോനും
മോശെയും ഇവർ തന്നേ. യിസ്രായേൽ 27
മക്കളെ മിസ്രയീമിൽനിന്നു പുറപ്പെടുവി
പ്പാൻ മിസ്രയീംരാജാവായ ഫറവോനോ
ടു സംസാരിച്ചവർ ഈ മോശെയും അഹ
രോനും തന്നേ. യഹോവ മിസ്രയീംദേ 28
ശത്തുവെച്ചു മോശെയോടു അരുളിച്ചെയ്ത
നാളിൽ: ഞാൻ യഹോവ ആകുന്നു; ഞാൻ 29
നിന്നോടു കല്പിക്കുന്നതൊക്കെയും നീ മിസ്ര
യീംരാജാവായ ഫറവോനോടു പറയേ
ണം എന്നു യഹോവ മോശെയോടു കല്പി
ച്ചു. അതിന്നു മോശെ: ഞാൻ വാഗൈ്ഭ 30
വമില്ലാത്തവൻ; ഫറവോൻ എന്റെ വാ
ക്കു എങ്ങനെ കേൾക്കും എന്നു യഹോവയു
ടെ സന്നിധിയിൽ പറഞ്ഞു.

## ൭. അദ്ധ്യായം.

യഹോവ മോശെയോടു അരുളിച്ചെയ്ത
തു: നോക്കു, ഞാൻ നിന്നെ ഫറവോന്നു
ദൈവമാക്കിയിരിക്കുന്നു; നിന്റെ സഹോ

Digitized by Google
Original from CORNELL UNIVERSITY

15 വെക്കു വഴിപാടു കൊടുക്കേണം. നിങ്ങ
ളുടെ ജീവന്നുവേണ്ടി പ്രായശ്ചിത്തം കഴി
പ്പാൻ നിങ്ങൾ യഹോവെക്കു വഴിപാടു
കൊടുക്കുമ്പോൾ ധനവാൻ അരശേക്കെ
ലിൽ അധികം കൊടുക്കരുതു; ദരിദ്രൻ കു
16 റെച്ചു കൊടുക്കയും അരുതു. ഈ പ്രായ
ശ്ചിത്തദ്രവ്യം നീ യിസ്രായേൽമക്കളോടു
വാങ്ങി സമാഗമനക്കൂടാരത്തിന്റെ ശുശ്രൂ
ഷെക്കായി കൊടുക്കേണം. നിങ്ങളുടെ
ജീവന്നുവേണ്ടി പ്രായശ്ചിത്തം കഴിക്കേ
ണ്ടതിന്നു അതു യഹോവയുടെ മുമ്പാകെ
യിസ്രായേൽമക്കൾക്കുവേണ്ടി ഒരു ജ്ഞാപ
കമായിരിക്കേണം.
17 യഹോവ പിന്നെയും മോശെയോടു ക
18 ല്പിച്ചതു എന്തെന്നാൽ: കഴുകേണ്ടതിന്നു
ഒരു താമ്രത്തൊട്ടിയും അതിന്നു ഒരു താമ്ര
ക്കാലും ഉണ്ടാക്കേണം; അതിനെ സമാഗ
മനക്കൂടാരത്തിന്നും യാഗപീഠത്തിന്നും മ
ദ്ധ്യേ വെച്ചു അതിൽ വെള്ളം ഒഴിക്കേ
19 ണം. അതിങ്കൽ അഹരോനും അവ
ന്റെ പുത്രന്മാരും കയ്യും കാലും കഴുകേ
20 ണം. അവർ സമാഗമനക്കൂടാരത്തിൽ
കടക്കയോ യഹോവെക്കു ദഹനയാഗം
കഴിക്കേണ്ടതിന്നു യാഗപീഠത്തിങ്കൽ ശു
ശ്രൂഷിപ്പാൻ ചെല്ലുകയോ ചെയ്യുമ്പോൾ
മരിക്കാതിരിക്കേണ്ടതിന്നു വെള്ളംകൊണ്ടു
21 കഴുകേണം. അവർ മരിക്കാതിരിക്കേ
ണ്ടതിന്നു കയ്യും കാലും കഴുകേണം; അതു
അവൎക്കു തലമുറതലമുറയായി എന്നേക്കു
മുള്ള ചട്ടം ആയിരിക്കേണം.
22 യഹോവ പിന്നെയും മോശെയോടു ക
23 ല്പിച്ചതു എന്തെന്നാൽ: മേത്തരമായ സു
ഗന്ധവൎഗ്ഗമായി വിശുദ്ധമന്ദിരത്തിലെ തു
ക്കപ്രകാരം അഞ്ഞൂറു ശേക്കെൽ അയഞ്ഞ
മൂരും അതിൽ പാതി ഇരുനൂറ്റമ്പതു ശേ
24 ക്കെൽ സുഗന്ധലവംഗവും അഞ്ഞൂറു ശേ
ക്കെൽ വഴനത്തൊലിയും ഒരു ഹീൻ ഒലി
വെണ്ണയും എടുത്തു തൈലക്കാരന്റെ വി 25
ദ്യപ്രകാരം ചേൎത്തുണ്ടാക്കിയ വിശുദ്ധമായ
അഭിഷേകതൈലമാക്കേണം; അതു വി
ശുദ്ധമായ അഭിഷേകതൈലമായിരിക്കേ
ണം. അതിനാൽ നീ സമാഗമനക്കൂടാര 26
വും സാക്ഷ്യപെട്ടകവും മേശയും അതി 27
ന്റെ ഉപകരണങ്ങളൊക്കെയും നിലവി 28
ളക്കും അതിന്റെ ഉപകരണങ്ങളും ധൂപ
പീഠവും ഹോമയാഗപീഠവും അതിന്റെ
ഉപകരണങ്ങളൊക്കെയും തൊട്ടിയും അ
തിന്റെ കാലും അഭിഷേകം ചെയ്യേണം.
അവ അതിവിശുദ്ധമായിരിക്കേണ്ടതിന്നു 29
അവയെ ശുദ്ധീകരിക്കേണം; അവയെ
തൊടുന്നവനൊക്കെയും വിശുദ്ധനായിരി
ക്കേണം. അഹരോനെയും അവന്റെ 30
പുത്രന്മാരെയും എനിക്കു പുരോഹിതശുശ്രൂ
ഷ ചെയ്യേണ്ടതിന്നു നീ അഭിഷേകം ചെ
യ്തു ശുദ്ധീകരിക്കേണം. യിസ്രായേൽമ 31
ക്കളോടു നീ പറയേണ്ടതു എന്തെന്നാൽ:
ഇതു നിങ്ങളുടെ തലമുറകളിൽ എനിക്കു
വിശുദ്ധമായ അഭിഷേകതൈലം ആയി
രിക്കേണം. അതു മനുഷ്യന്റെ ദേഹ 32
ത്തിന്മേൽ ഒഴിക്കരുതു; അതിന്റെ യോ
ഗപ്രകാരം അതുപോലെയുള്ളതു നിങ്ങൾ
ഉണ്ടാക്കുകയും അരുതു; അതു വിശുദ്ധമാ
കുന്നു; അതു നിങ്ങൾക്കു വിശുദ്ധമായിരി
ക്കേണം. അതുപോലെയുള്ള തൈലം 33
ഉണ്ടാക്കുന്നവനെയും അതിൽനിന്നു അന്യ
ന്നു കൊടുക്കുന്നവനെയും അവന്റെ ജന
ത്തിൽനിന്നു ഛേദിച്ചുകളയേണം.
യഹോവ പിന്നെയും മോശെയോടു ക 34
ല്പിച്ചതു എന്തെന്നാൽ: നീ നറുംപശ, ഗുല്ഗു
ലു, ഹൽബാനപ്പശ എന്നീ സുഗന്ധവൎഗ്ഗവും
നിൎമ്മലസാമ്പ്രാണിയും എടുക്കേണം; എ
ല്ലാം ഒരുപോലെ തൂക്കം ആയിരിക്കേണം.
അതിൽ ഉപ്പു ചേൎത്തു തൈലക്കാരന്റെ 35
വിദ്യപ്രകാരം നിൎമ്മലവും വിശുദ്ധവുമായ

Digitized by Google
Original from CORNELL UNIVERSITY

പ്പെട്ടു രിമ്മോൻ-പേരെസിൽ പാളയമിറ
20 ങ്ങി. രിമ്മോൻ-പേരെസിൽനിന്നു പുറ
21 പ്പെട്ടു ലിബ്നയിൽ പാളയമിറങ്ങി. ലിബ്ന
യിൽനിന്നു പുറപ്പെട്ടു രിസ്സയിൽ പാളയ
22 മിറങ്ങി. രിസ്സയിൽനിന്നു പുറപ്പെട്ടു കെ
23 ഹേലാഥയിൽ പാളയമിറങ്ങി. കെഹേ
ലാഥയിൽനിന്നു പുറപ്പെട്ടു ശാഫേർമല
24 യിൽ പാളയമിറങ്ങി. ശാഫേർമലയിൽ
നിന്നു പുറപ്പെട്ടു ഹരാദയിൽ പാളയമിറ
25 ങ്ങി. ഹരാദയിൽനിന്നു പുറപ്പെട്ടു മക്
26 ഹേലോത്തിൽ പാളയമിറങ്ങി. മക്ഹേ
ലോത്തിൽനിന്നു പുറപ്പെട്ടു തഹത്തിൽ പാ
27 ളയമിറങ്ങി. തഹത്തിൽനിന്നു പുറപ്പെട്ടു
28 താരഹിൽ പാളയമിറങ്ങി. താരഹിൽനി
ന്നു പുറപ്പെട്ടു മിത്ക്കയിൽ പാളയമിറങ്ങി.
29 മിത്ക്കയിൽനിന്നു പുറപ്പെട്ടു ഹശ്മോന
30 യിൽ പാളയമിറങ്ങി. ഹശ്മോനയിൽനി
ന്നു പുറപ്പെട്ടു മോസേരോത്തിൽ പാളയ
31 മിറങ്ങി. മോസേരോത്തിൽനിന്നു പുറ
പ്പെട്ടു ബെനേയാക്കാനിൽ പാളയമിറ
32 ങ്ങി. ബെനേയാക്കാനിൽനിന്നു പുറപ്പെ
ട്ടു ഹോർ-ഹഗ്ഗിദ്ഗാദിൽ പാളയമിറങ്ങി.
33 ഹോർ-ഹഗ്ഗിദ്ഗാദിൽനിന്നു പുറപ്പെട്ടു യൊ
34 ത്ബാഥയിൽ പാളയമിറങ്ങി. യൊത്
ബാഥയിൽനിന്നു പുറപ്പെട്ടു അബ്രോന
35 യിൽ പാളയമിറങ്ങി. അബ്രോനയിൽ
നിന്നു പുറപ്പെട്ടു എസ്യോൻ-ഗേബെരിൽ
36 പാളയമിറങ്ങി. എസ്യോൻ-ഗേബെരിൽ
നിന്നു പുപ്പെട്ടു സീൻമരുഭൂമിയിൽ പാള
37 യമിറങ്ങി. അതാകുന്നു കാദേശ്. അവർ
കാദേശിൽനിന്നു പുറപ്പെട്ടു എദോംദേശ
ത്തിൻെറ അതിരിങ്കൽ ഹോർപൎവ്വതത്തി
38 ങ്കൽ പാളയമിറങ്ങി. പുരോഹിതനാ
യ അഹരോൻ യഹോവയുടെ കല്പനപ്ര
കാരം ഹോർപൎവ്വതത്തിൽ കയറി, യിസ്രാ
യേൽമക്കൾ മിസ്രയിംദേശത്തുനിന്നു പോ
ന്നതിൻെറ നാല്പതാം സംവത്സരം അഞ്ചാം
മാസം ഒന്നാം തിയ്യതി അവിടെവെച്ചു മ
രിച്ചു. അഹരോൻ ഹോർപൎവ്വതത്തിൽ 39
വെച്ചു മരിച്ചപ്പോൾ അവന്നു നൂററിരുപ
ത്തിമൂന്നു വയസ്സായിരുന്നു. എന്നാൽ ക 40
നാൻദേശത്തു തെക്കു പാൎത്തിരുന്ന കനാ
ന്യനായ അരാദ് രാജാവു യിസ്രായേൽമക്ക
ളുടെ വരവിനെക്കുറിച്ചു കേട്ടു. ഹോർപ 41
ൎവ്വതത്തിങ്കൽനിന്നു അവർ പുറപ്പെട്ടു സ
ല്മോനയിൽ പാളയമിറങ്ങി. സല്മോന 42
യിൽനിന്നു പുറപ്പെട്ടു പൂനോനിൽ പാള
യമിറങ്ങി. പൂനോനിൽനിന്നു പുറപ്പെട്ടു 43
ഓബോത്തിൽ പാളയമിറങ്ങി. ഓബോ 44
ത്തിൽനിന്നു പുറപ്പെട്ടു മോവാബിൻെറ
അതിരിങ്കൽ ഈയേ-അബാരീമിൽ പാള
യമിറങ്ങി. ഈയീമിൽനിന്നു പുറപ്പെട്ടു 45
ദീബോൻഗാദിൽ പാളയമിറങ്ങി. ദീ 46
ബോൻഗാദിൽനിന്നു പുറപ്പെട്ടു അല്മോൻ
ദിബ്ലാഥയീമിൽ പാളയമിറാങ്ങി. അ 47
ല്മോൻദിബ്ലാഥയീമിൽനിന്നു പുറപ്പെട്ടു
നെബോവിന്നു കിഴക്കു അബാരീംപൎവ്വത
ത്തിങ്കൽ പാളയമിറങ്ങി. അബാരീംപ 48
ൎവ്വതത്തിങ്കൽനിന്നു പുറപ്പെട്ടു യെരീഹോ
വിന്നെതിരെ യോൎദ്ദാന്നരികെ മോവാബ്
സമഭൂമിയിൽ പാളയമിറങ്ങി. യോൎദ്ദാന്ന 49
രികെ മോവാബ് സമഭൂമിയിൽ ബേത്ത്-
യെശീമോത്ത് മുതൽ ആബേൽ-ശിത്തീംവ
രെ പാളയമിറങ്ങി.

യെരീഹോവിന്നെതിരെ യോൎദ്ദാന്നരി 50
കെ മോവാബ് സമഭൂമിയിൽവെച്ചു യ
ഹോവ മോശെയോടു അരുളിച്ചെയ്തതു:
നീ യിസ്രായേൽമക്കളോടു പറയേണ്ടുന്ന 51
തെന്തെന്നാൽ: നിങ്ങൾ യോൎദ്ദാന്നക്കരെ
കനാൻദേശത്തേക്കു കടന്നശേഷം ദേശ 52
ത്തിലെ സകലനിവാസികളെയും നിങ്ങ
ളുടെ മുമ്പിൽനിന്നു നീക്കിക്കളഞ്ഞു അ
വരുടെ വിഗ്രഹങ്ങളെയും ബിംബങ്ങളെ
യും എല്ലാം തകൎത്തു അവരുടെ സകലപൂ

Digitized by Google Original from CORNELL UNIVERSITY

പ്പെട്ടു രിമ്മോൻ-പേരെസിൽ പാളയമിറ
20 ങ്ങി. രിമ്മോൻ-പേരെസിൽനിന്നു പുറ
21 പ്പെട്ടു ലിബ്നയിൽ പാളയമിറങ്ങി. ലിബ്ന
യിൽനിന്നു പുറപ്പെട്ടു രിസ്സയിൽ പാളയ
22 മിറങ്ങി. രിസ്സയിൽനിന്നു പുറപ്പെട്ടു കെ
23 ഹേലാഥയിൽ പാളയമിറങ്ങി. കെഹേ
ലാഥയിൽനിന്നു പുറപ്പെട്ടു ശാഫേർമല
24 യിൽ പാളയമിറങ്ങി. ശാഫേർമലയിൽ
നിന്നു പുറപ്പെട്ടു ഹരാദയിൽ പാളയമിറ
25 ങ്ങി. ഹരാദയിൽനിന്നു പുറപ്പെട്ടു മക്
26 ഹേലോത്തിൽ പാളയമിറങ്ങി. മക്ഹേ
ലോത്തിൽനിന്നു പുറപ്പെട്ടു തഹത്തിൽ പാ
27 ളയമിറങ്ങി. തഹത്തിൽനിന്നു പുറപ്പെട്ടു
28 താരഹിൽ പാളയമിറങ്ങി. താരഹിൽനി
ന്നു പുറപ്പെട്ടു മിത്ക്കയിൽ പാളയമിറങ്ങി.
29 മിത്ക്കയിൽനിന്നു പുറപ്പെട്ടു ഹശ്മോന
30 യിൽ പാളയമിറങ്ങി. ഹശ്മോനയിൽനി
ന്നു പുറപ്പെട്ടു മോസേരോത്തിൽ പാളയ
31 മിറങ്ങി. മോസേരോത്തിൽനിന്നു പുറ
പ്പെട്ടു ബെനേയാക്കാനിൽ പാളയമിറ
32 ങ്ങി. ബെനേയാക്കാനിൽനിന്നു പുറപ്പെ
ട്ടു ഹോർ-ഹഗ്ഗിദ്ഗാദിൽ പാളയമിറങ്ങി.
33 ഹോർ-ഹഗ്ഗിദ്ഗാദിൽനിന്നു പുറപ്പെട്ടു യൊ
34 ത്ബാഥയിൽ പാളയമിറങ്ങി. യൊത്
ബാഥയിൽനിന്നു പുറപ്പെട്ടു അബ്രോന
35 യിൽ പാളയമിറങ്ങി. അബ്രോനയിൽ
നിന്നു പുറപ്പെട്ടു എസ്യോൻ-ഗേബെരിൽ
36 പാളയമിറങ്ങി. എസ്യോൻ-ഗേബെരിൽ
നിന്നു പുപ്പെട്ടു സീൻമരുഭൂമിയിൽ പാള
37 യമിറങ്ങി. അതാകുന്നു കാദേശ്. അവർ
കാദേശിൽനിന്നു പുറപ്പെട്ടു എദോംദേശ
ത്തിന്റെ അതിരിങ്കൽ ഹോർപൎവ്വതത്തി
38 ങ്കൽ പാളയമിറങ്ങി. പുരോഹിതനാ
യ അഹരോൻ യഹോവയുടെ കല്പനപ്ര
കാരം ഹോർപൎവ്വതത്തിൽ കയറി, യിസ്രാ
യേൽമക്കൾ മിസ്രയീംദേശത്തുനിന്നു പോ
ന്നതിന്റെ നാല്പതാം സംവത്സരം അഞ്ചാം
മാസം ഒന്നാം തിയ്യതി അവിടെവെച്ചു മ
രിച്ചു. അഹരോൻ ഹോർപൎവ്വതത്തിൽ 39
വെച്ചു മരിച്ചപ്പോൾ അവന്നു നൂററിരുപ
ത്തിമൂന്നു വയസ്സായിരുന്നു. എന്നാൽ ക 40
നാൻദേശത്തു തെക്കു പാൎത്തിരുന്ന കനാ
ന്യനായ അരാദ്‌രാജാവു യിസ്രായേൽമക്ക
ളുടെ വരവിനെക്കുറിച്ചു കേട്ടു. ഹോർപ 41
ൎവ്വതത്തിങ്കൽനിന്നു അവർ പുറപ്പെട്ടു സ
ല്മോനയിൽ പാളയമിറങ്ങി. സല്മോന 42
യിൽനിന്നു പുറപ്പെട്ടു പൂനോനിൽ പാള
യമിറങ്ങി. പൂനോനിൽനിന്നു പുറപ്പെട്ടു 43
ഓബോത്തിൽ പാളയമിറങ്ങി. ഓബോ 44
ത്തിൽനിന്നു പുറപ്പെട്ടു മോവാബിന്റെ
അതിരിങ്കൽ ഈയേ-അബാരീമിൽ പാള
യമിറങ്ങി. ഈയീമിൽനിന്നു പുറപ്പെട്ടു 45
ദീബോൻഗാദിൽ പാളയമിറങ്ങി. ദീ 46
ബോൻഗാദിൽനിന്നു പുറപ്പെട്ടു അല്മോൻ
ദിബ്ലാഥയീമിൽ പാളയമിറങ്ങി. അ 47
ല്മോൻദിബ്ലാഥയീമിൽനിന്നു പുറപ്പെട്ടു
നെബോവിന്നു കിഴക്കു അബാരീംപൎവ്വത
ത്തിങ്കൽ പാളയമിറങ്ങി. അബാരീംപ 48
ൎവ്വതത്തിങ്കൽനിന്നു പുറപ്പെട്ടു യെരീഹോ
വിന്നെതിരെ യോൎദ്ദാന്നരികെ മോവാബ്
സമഭൂമിയിൽ പാളയമിറങ്ങി. യോൎദ്ദാന്ന 49
രികെ മോവാബ്‌സമഭൂമിയിൽ ബേത്ത്-
യെശീമോത്ത്‌മുതൽ ആബേൽ-ശിത്തീംവ
രെ പാളയമിറങ്ങി.

യെരീഹോവിന്നെതിരെ യോൎദ്ദാന്നരി 50
കെ മോവാബ്‌സമഭൂമിയിൽവെച്ചു യ
ഹോവ മോശെയോടു അരുളിച്ചെയ്തതു:
നീ യിസ്രായേൽമക്കളോടു പറയേണ്ടുന്ന 51
തെന്തെന്നാൽ: നിങ്ങൾ യോൎദ്ദാന്നക്കരെ
കനാൻദേശത്തേക്കു കടന്നശേഷം ദേശ 52
ത്തിലെ സകലനിവാസികളെയും നിങ്ങ
ളുടെ മുമ്പിൽനിന്നു നീക്കിക്കളഞ്ഞു അ
വരുടെ വിഗ്രഹങ്ങളെയും ബിംബങ്ങളെ
യും എല്ലാം തകൎത്തു അവരുടെ സകലപൂ

Digitized by Google
Original from CORNELL UNIVERSITY

ലെ നിവാസികളെ വാളിന്റെ വായ്ത്തല
യാൽ കൊന്നു അതും അതിലുള്ളതു ഒക്കെ
യും അതിലെ മൃഗങ്ങളെയും വാളിന്റെ
വായ്ത്തലയാൽ ശപഥാൎപ്പിതമായി സംഹരി
17 ക്കേണം. അതിലെ കൊള്ളയൊക്കെയും
വീഥിയുടെ നടുവിൽ കൂട്ടി ആ പട്ടണ
വും അതിലെ കൊള്ളയൊക്കെയും അശേ
ഷം നിന്റെ ദൈവമായ യഹോവെക്കാ
യി തീയിട്ടു ചുട്ടുകളയേണം; അതു എന്നും
പാഴ്കുന്നായിരിക്കേണം; അതിനെ പി
18 ന്നെ പണികയുമരുതു. നിന്റെ ദൈവ
മായ യഹോവയുടെ വാക്കു കേട്ടു ഞാൻ
ഇന്നു നിന്നോടു ആജ്ഞാപിക്കുന്ന അവ
ന്റെ സകലകല്പനകളും പ്രമാണിച്ചു നി
ന്റെ ദൈവമായ യഹോവെക്കു ഹിതമായു
19 ള്ളതു ചെയ്തിട്ടു യഹോവ തന്റെ ഉഗ്ര
കോപം വിട്ടുതിരിഞ്ഞു നിന്നോടു കരുണ
യും കനിവും കാണിക്കേണ്ടതിന്നും നിന്റെ
പിതാക്കന്മാരോടു സത്യംചെയ്തതുപോലെ
നിന്നെ വൎദ്ധിപ്പിക്കേണ്ടതിന്നും ശപഥാ
ൎപ്പിതമായ യാതൊന്നും നിന്റെ കയ്യിൽ
പററിയിരിക്കരുതു.

## ൧൪. അദ്ധ്യായം.

നിങ്ങൾ നിങ്ങളുടെ ദൈവമായ യഹോ
വെക്കു മക്കൾ ആകുന്നു; മരിച്ചവന്നുവേ
ണ്ടി നിങ്ങളെ മുറിവേല്പിക്കയോ നിങ്ങൾ
ക്കു മുൻകഷണ്ടിയുണ്ടാക്കുകയോ ചെയ്യരുതു.
2 നിന്റെ ദൈവമായ യഹോവെക്കു നീ
വിശുദ്ധജനമല്ലോ; ഭൂതലത്തിലുള്ള സക
ലജാതികളിലുംവെച്ചു തനിക്കു സ്വന്തജ
നമായിരിപ്പാൻ യഹോവ നിന്നെ തിര
ഞ്ഞെടുത്തിരിക്കുന്നു.
3 മ്ലേച്ഛമായതൊന്നിനെയും തിന്നരുതു.
4 നിങ്ങൾക്കു തിന്നാകുന്ന മൃഗങ്ങൾ ആവിതു:
5 കാള, ചെമ്മരിയാടു, കോലാടു, കലമാൻ,
പുള്ളിമാൻ, കടമാൻ, കാട്ടാടു, ചെറുമാൻ,
മലയാടു, കവരിമാൻ. മൃഗങ്ങളിൽ കുള 6
മ്പു പിളൎന്നതും കുളമ്പു രണ്ടായി പിരിഞ്ഞ
തും അയവിറക്കുന്നതുമായ മൃഗത്തെ ഒക്കെ
യും നിങ്ങൾക്കു തിന്നാം. എന്നാൽ അയ 7
വിറക്കുന്നവയിലും കുളമ്പു പിളൎന്നവയി
ലും തിന്നരുതാത്തവ ഏവയെന്നാൽ: ഒട്ട
കം, മുയൽ, കുഴിമുയൽ; അവ അയവിറ
ക്കുന്നു എങ്കിലും കുളമ്പു പിളൎന്നവയല്ല;
അവ നിങ്ങൾക്കു അശുദ്ധം. പന്നി: അ 8
തു കുളമ്പു പിളൎന്നതെങ്കിലും അയവിറക്കു
ന്നില്ല; അതു നിങ്ങൾക്കു അശുദ്ധം; ഇവ
യുടെ മാംസം തിന്നരുതു; പിണം തൊടുക
യും അരുതു.

വെള്ളത്തിലുള്ള എല്ലാററിലും ചിറകും 9
ചെതുമ്പലും ഉള്ളതൊക്കെയും നിങ്ങൾക്കു
തിന്നാം. എന്നാൽ ചിറകും ചെതുമ്പലും 10
ഇല്ലാത്തതൊന്നും തിന്നരുതു; അതു നി
ങ്ങൾക്കു അശുദ്ധം.

ശുദ്ധിയുള്ള സകലപക്ഷികളെയും നി 11
ങ്ങൾക്കു തിന്നാം. പക്ഷികളിൽ തിന്ന 12
രുതാത്തവ: കടൽറാഞ്ചൻ, ചെമ്പരുന്തു,
കഴുകൻ, ചെങ്ങാലിപ്പരുന്തു, ഗൃദ്ധ്രം, അ 13
തതുവിധം പരുന്തു, അതതുവിധം കാക്ക, 14
ഒട്ടകപ്പക്ഷി, പുള്ളു, കടൽക്കാക്ക, അതതു
വിധം പ്രാപ്പിടിയൻ, നത്തു, കൂമൻ, 15
മൂങ്ങാ, വേഴാമ്പൽ, കുടുമച്ചാത്തൻ, നീർ 16
കാക്ക, പെരുഞാറ, അതതുവിധം കൊക്കു, 17
കുളക്കോഴി, നരിച്ചീർ എന്നിവയാകുന്നു. 18
ചിറകുള്ള ഇഴജാതിയൊക്കെയും നിങ്ങൾ 19
ക്കു അശുദ്ധം; അവയെ തിന്നരുതു. ശുദ്ധി 20
യുള്ള പക്ഷികളെയൊക്കെയും നിങ്ങൾക്കു
തിന്നാം.

താനേ ചത്ത ഒന്നിനെയും തിന്നരുതു; 21
അതു നിന്റെ പട്ടണങ്ങളിലുള്ള പരദേ
ശിക്കു തിന്മാൻ കൊടുക്കാം; അല്ലെങ്കിൽ
അന്യജാതിക്കാരന്നു വില്ക്കാം; നിന്റെ
ദൈവമായ യഹോവെക്കു നീ വിശുദ്ധജ

Digitized by Google
Original from CORNELL UNIVERSITY

കുന്നവരെ ജയിച്ചടക്കുകയും യോശുവ യി
സ്രായേലിന്നു ഗോത്രവിഭാഗപ്രകാരം അ
വകാശമായി കൊടുക്കയും ചെയ്ത ദേശത്തി
8 ലെ രാജാക്കന്മാർ ഇവർ ആകുന്നു. മലനാ
ട്ടിലും താഴ്വീതിയിലും അരാബയിലും മല
ഞ്ചരിവുകളിലും മരുഭൂമിയിലും തെക്കേ ദേ
ശത്തും ഉള്ള ഹിത്യൻ, അമോര്യൻ, കനാ
ന്യൻ, പെരീസ്യൻ, ഹിവ്യൻ, യെബൂ
9 സ്യൻ എന്നിവർ തന്നേ. യെരീഹോരാ
ജാവു ഒന്നു; ബേഥേലിന്നരികെയുള്ള ഹാ
10 യിരാജാവു ഒന്നു; യെരൂശലേംരാജാവു
11 ഒന്നു; ഹെബ്രോൻരാജാവു ഒന്നു; യർമ്മൂത്ത്
രാജാവു ഒന്നു; ലാഖീശിലെ രാജാവു ഒന്നു;
12 എഗ്ലോനിലെ രാജാവു ഒന്നു; ഗേസർരാജാ
13 വു ഒന്നു; ദെബീർരാജാവു ഒന്നു; ഗേ
14 ദെർരാജാവു ഒന്നു; ഹോർമ്മരാജാവു ഒന്നു;
15 അരാദ് രാജാവു ഒന്നു; ലിബ്നരാജാവു
16 ഒന്നു; അദുല്ലാംരാജാവു ഒന്നു; മക്കേദാ
രാജാവു ഒന്നു; ബേഥേൽരാജാവു ഒന്നു;
17 തപ്പൂഹരാജാവു ഒന്നു; ഹേഫെർരാജാ
18 വു ഒന്നു; അഫേക്‌രാജാവു ഒന്നു; ശാ
19 രോൻരാജാവു ഒന്നു; മാദോൻരാജാവു ഒന്നു;
20 ഹാസോർരാജാവു ഒന്നു; ശിമ്രോൻ-മെ
രോൻരാജാവു ഒന്നു; അക്‌ശാഫ്രാജാവു
21 ഒന്നു; താനാക്‌രാജാവു ഒന്നു; മെഗിദ്ദോ
22 രാജാവു ഒന്നു; കാദേശ് രാജാവു ഒന്നു;
കർമ്മേലിലെ യൊക്നെയാംരാജാവു ഒന്നു;
23 ദോർമേട്ടിലെ ദോർരാജാവു ഒന്നു; ഗില്ഗാ
24 ലിലെ ജാതികളുടെ രാജാവു ഒന്നു; തിർ
സാരാജാവു ഒന്നു; ആകെ മുപ്പത്തൊന്നു
രാജാക്കന്മാർ.

## ൧൩. അദ്ധ്യായം.

**യോ**ശുവ വയസ്സുചെന്നു വൃദ്ധനായ
പ്പോൾ യഹോവ അവനോടു അരുളിച്ചെ
യ്തതു: നീ വയസ്സുചെന്നു വൃദ്ധനായിരി
ക്കുന്നു; ഇനി ഏററവും വളരെ ദേശം
കൈവശമാക്കുവാനുണ്ടു. ഇനിയും ശേ 2
ഷിച്ചിരിക്കുന്ന ദേശം ഏതെന്നാൽ: മിസ്ര
യീമിന്റെ കിഴക്കുള്ള സീഹോർമുതൽ
വടക്കോട്ടു കനാന്യർക്കുള്ളതെന്നു എണ്ണിവ
രുന്ന എക്രോന്റെ അതിർവരെയുള്ള ഫെ
ലിസ്ത്യദേശങ്ങൾ ഒക്കെയും ഗെശൂര്യരും;
ഗസ്സാത്യൻ, അസ്തോദ്യൻ, അസ്കലോന്യൻ, 3
ഗിത്ത്യൻ, എക്രോന്യൻ എന്നീ അഞ്ചു
ഫെലിസ്ത്യപ്രഭുക്കന്മാരും; തെക്കുള്ള അ 4
വ്യരും. അഫേക്‌വരെയും അമോര്യരുടെ
അതിർവരെയുമുള്ള കനാന്യരുടെ ദേശം
ഒക്കെയും സീദോന്യർക്കുള്ള മെയാരയും ഗി 5
ബ്ലൃരുടെ ദേശവും കിഴക്കു ഹെർമ്മോൻ
പർവ്വതത്തിന്റെ അടിവാരത്തിലെ ബാൽ-
ഗാദ്മുതൽ ഹമാത്തിലേക്കു തിരിയുന്ന
സ്ഥലംവരെയുള്ള ലെബാനോൻ ഒക്കെ
യും; ലെബാനോൻമുതൽ മിസ്രെഫോത്ത് 6
മയീംവരെയുള്ള പർവ്വതവാസികൾ ഒക്കെ
യും എല്ലാസീദോന്യരും തന്നേ; ഇവരെ
ഞാൻ യിസ്രായേൽമക്കളുടെ മുമ്പിൽനിന്നു
നീക്കിക്കളയും; ഞാൻ നിന്നോടു കല്പിച്ച
തുപോലെ നീ യിസ്രായേലിന്നു അതു അവ
കാശമായി വിഭാഗിച്ചാൽ മതി. ആക 7
യാൽ ഈ ദേശം ഒമ്പതു ഗോത്രങ്ങൾക്കും
മനശ്ശെയുടെ പാതിഗോത്രത്തിന്നും അവ
കാശമായി വിഭാഗിക്ക. അവനോടുകൂടെ 8
രൂബേന്യരും ഗാദ്യരും മോശെ അവർക്കു
യോർദ്ദാന്നക്കരെ കിഴക്കു കൊടുത്തിട്ടുള്ള അ
വകാശം യഹോവയുടെ ദാസനായ മോശെ
കൊടുത്തതുപോലെ തന്നേ പ്രാപിച്ചിരിക്കു
ന്നുവല്ലോ. അർന്നോൻതാഴ്വരയുടെ അററ 9
ത്തുള്ള അരോവേരും താഴ്വരയുടെ നടുവി
ലുള്ള പട്ടണംമുതൽ ദീബോൻവരെയുള്ള
മേദെബാസമഭൂമി മുഴുവനും; അമ്മോ 10
ന്യരുടെ അതിർവരെ ഹെശ്ബോനിൽ
വാണിരുന്ന അമോര്യരാജാവായ സീഹോ
ന്റെ എല്ലാപട്ടണങ്ങളും; ഗിലെയാദും 11

Digitized by Google
Original from CORNELL UNIVERSITY

ഗെശൂൎയ്യരുടെയും മാഖാത്യരുടെയും ദേശ
വും ഹെൎമ്മോൻപൎവ്വതം ഒക്കെയും സൽക്കാ
12 വരെയുള്ള ബാശാൻ മുഴുവനും; അസ്താ
രോത്തിലും എദ്രെയിലും വാണവനും മല്ല
ന്മാരിൽ ശേഷിച്ചവനുമായ ബാശാനിലെ
ഓഗിന്റെ രാജ്യം ഒക്കെയും തന്നേ; ഇവ
രെ മോശെ തോല്പിച്ചു നീക്കിക്കളഞ്ഞിരു
13 ന്നു. എന്നാൽ യിസ്രായേൽമക്കൾ ഗെശൂ
ൎയ്യരെയും മാഖാത്യരെയും നീക്കിക്കളഞ്ഞി
ല്ല; അവർ ഇന്നുവരെയും യിസ്രായേല്യരു
14 ടെ ഇടയിൽ പാൎത്തുവരുന്നു. ലേവി
ഗോത്രത്തിന്നു അവൻ ഒരു അവകാശവും
കൊടുത്തില്ല; യിസ്രായേലിന്റെ ദൈവ
മായ യഹോവയുടെ ദഹനയാഗങ്ങൾ
താൻ അവരോടു കല്പിച്ചതുപോലെ അവ
രുടെ അവകാശം ആകുന്നു.
15 എന്നാൽ മോശെ രൂബേൻഗോത്രത്തി
ന്നു കുടുംബംകുടുംബമായി അവകാശം കൊ
16 ടുത്തു. അവരുടെ ദേശം അൎന്നോൻതാഴ്വ
രയുടെ അറ്റത്തെ അരോവേരും താഴ്വര
യുടെ നടുവിലെ പട്ടണവും മുതൽ മേദെ
17 ബയോടു ചേൎന്ന സമഭൂമി മുഴുവനും ഹെ
ശ്ബോനും സമഭൂമിയിലുള്ള അതിന്റെ എ
ല്ലാപട്ടണങ്ങളും ദീബോനും ബാമോത്ത്-
18 ബാലും ബേത്ത്-ബാൽ-മെയോനും യഹസ്സ
19 യും കെദേമോത്തും മേഫാത്തും കിൎയ്യത്ത
യീമും സിബ്മയും സമഭൂമിയിലെ മലയി
20 ലുള്ള സേരെത്ത്-ശഹരും ബേത്ത്-പെ
യോരും പിസ്ഗച്ചരിവുകളും ബേത്ത്-യെ
21 ശീമോത്തും സമഭൂമിയിലെ എല്ലാപട്ട
ണങ്ങളും ഹെശ്ബോനിൽ വാണിരുന്ന
അമോൎയ്യരാജാവായ സീഹോന്റെ രാജ്യം
ഒക്കെയും തന്നേ; അവനെയും സീഹോ
ന്റെ പ്രഭുക്കന്മാരായി ദേശത്തു പാൎത്തിരു
ന്ന ഏവി, രേക്കെം, സൂർ, ഹൂർ, രേബ
എന്നീ മിദ്യാന്യപ്രഭുക്കന്മാരെയും മോശെ
22 സംഹരിച്ചു. യിസ്രായേൽമക്കൾ കൊന്ന
വരുടെ കൂട്ടത്തിൽ ബെയോരിന്റെ മക
നായ ബിലെയാം എന്ന പ്രശ്നക്കാരനെ
യും വാൾകൊണ്ടു കൊന്നു. രൂബേന്യ 23
രുടെ അതിർ യോൎദ്ദാൻ ആയിരുന്നു;
ഈ പട്ടണങ്ങൾ അവയുടെ ഗ്രാമങ്ങളുൾ
പ്പെടെ രൂബേന്യൎക്കു കുടുംബംകുടുംബമായി
കിട്ടിയ അവകാശം.
പിന്നെ മോശെ ഗാദ്ഗോത്രത്തിന്നു, 24
കുടുംബംകുടുംബമായി ഗാദ്യൎക്കു തന്നേ, അ
വകാശം കൊടുത്തു. അവരുടെ ദേശം 25
യസേരും ഗിലെയാദിലെ എല്ലാപട്ടണ
ങ്ങളും രബ്ബയുടെ നേരെയുള്ള അരോ
വേർവരെ അമ്മോന്യരുടെ പാതിദേശ
വും; ഹെശ്ബോൻമുതൽ രാമത്ത്-മിസ്പെയും 26
ബെതോനീമുംവരെയും മഹനയീംമുതൽ
ദെബീരിന്റെ അതിർവരെയും; താഴ്വര 27
യിൽ ഹെശ്ബോൻരാജാവായ സീഹോന്റെ
രാജ്യത്തിൽ ശേഷിപ്പുള്ള ബേത്ത്-ഹാ
രാം, ബേത്ത്-നിമ്രാം, സുക്കോത്ത്, സാ
ഫോൻ എന്നിവയും തന്നേ; യോൎദ്ദാന്നക്ക
രെ കിഴക്കു കിന്നെരോത്ത് തടാകത്തിന്റെ
അറുതിവരെ യോൎദ്ദാൻ അതിന്നു അതിരാ
യിരുന്നു. ഈ പട്ടണങ്ങൾ അവയുടെ 28
ഗ്രാമങ്ങളുൾപ്പെടെ കുടുംബംകുടുംബമായി
ഗാദ്യൎക്കു കിട്ടിയ അവകാശം.
പിന്നെ മോശെ മനശ്ശെയുടെ പാതി 29
ഗോത്രത്തിന്നു അവകാശം കൊടുത്തു; കു
ടുംബംകുടുംബമായി മനശ്ശെയുടെ പാതി
ഗോത്രത്തിന്നുള്ള അവകാശം ഇതു: അവ 30
രുടെ ദേശം മഹനയീംമുതൽ ബാശാൻ
മുഴുവനും ബാശാൻരാജാവായ ഓഗിന്റെ
രാജ്യമൊക്കെയും ബാശാനിൽ യായീരി
ന്റെ ഊരുകൾ എല്ലാം കൂടി അറുപതു പട്ട
ണങ്ങളും പാതിഗിലെയാദും ബാശാനി 31
ലെ ഓഗിന്റെ രാജ്യത്തിലെ പട്ടണങ്ങ
ളായ അസ്താരോത്ത്, എദ്രെയി എന്നിവ
യും തന്നേ; ഇവ മനശ്ശെയുടെ മകനായ



Digitized by Google
Original from
CORNELL UNIVERSITY

11 ബെന്യാമീൻമക്കളുടെ ഗോത്രത്തിന്നു
കുടുംബംകുടുംബമായി നറുക്കു വന്നു; അവ
രുടെ അവകാശത്തിന്റെ അതിർ യെഹൂ
ദയുടെ മക്കളുടെയും യോസേഫിന്റെ
12 മക്കളുടെയും മദ്ധ്യേ കിടക്കുന്നു. വടക്കു
ഭാഗത്തു അവരുടെ വടക്കെ അതിർ യോ
ൎദ്ദാങ്കൽ തുടങ്ങി വടക്കു യെരീഹോവിന്റെ
പാൎശ്വംവരെ ചെന്നു പടിഞ്ഞാറോട്ടു മല
നാട്ടിൽകൂടി കയറി ബേത്ത്-ആവെൻ
13 മരുഭൂമിയിങ്കൽ അവസാനിക്കുന്നു. അവി
ടെനിന്നു ആ അതിർ ബേഥേൽ എന്ന
ലൂസിന്റെ തെക്കുവശംവരെ കടന്നു താഴ
ത്തെ ബേത്ത്-ഹോരോന്റെ തെക്കുവശ
ത്തുള്ള മലവഴിയായി അതെരോത്ത്-അ
14 ദാരിലേക്കു ഇറങ്ങുന്നു. പിന്നെ ആ അ
തിർ വളഞ്ഞു പടിഞ്ഞാറെ വശത്തു ബേ
ത്ത്-ഹോരോന്നു എതിരെയുള്ള മലമുതൽ
തെക്കോട്ടു തിരിഞ്ഞു യെഹൂദാമക്കളുടെ പ
ട്ടണമായ കിൎയ്യത്ത്-യെയാരീം എന്ന കിൎയ്യ
ത്ത്-ബാലയിങ്കൽ അവസാനിക്കുന്നു. ഇതു
15 തന്നേ പടിഞ്ഞാറെഭാഗം. തെക്കെഭാഗം
കിൎയ്യത്ത്-യെയാരീമിന്റെ അറ്റത്തു തുട
ങ്ങി പടിഞ്ഞാറോട്ടു നെപ്തോഹവെള്ളത്തി
16 ന്റെ ഉറവുവരെ ചെല്ലുന്നു. പിന്നെ ആ
അതിർ ബെൻ-ഹിന്നോം താഴ്വരെക്കെതി
രെയും രെഫായീംതാഴ്വരയുടെ വടക്കുവ
ശത്തും ഉള്ള മലയുടെ അറ്റംവരെ ചെ
ന്നു ഹിന്നോംതാഴ്വരയിൽകൂടി തെക്കോട്ടു
യെബൂസ്യപൎവ്വതത്തിന്റെ പാൎശ്വംവരെ
യും ഏൻ-രോഗേൽവരെയും ഇറങ്ങി
17 വടക്കോട്ടു തിരിഞ്ഞു ഏൻ-ശേമെശിലേ
ക്കും അദുമ്മീംകയറ്റത്തിന്നെതിരെയുള്ള
ഗെലീലോത്തിലേക്കും ചെന്നു രൂബേന്റെ
മകനായ ബോഹാന്റെ കല്ലുവരെ ഇറ
18 ങ്ങി അരാബെക്കെതിരെയുള്ള മലഞ്ചെ
രിവിലേക്കു കടന്നു അരാബയിലേക്കു ഇ
19 റങ്ങിച്ചെല്ലുന്നു. പിന്നെ ആ അതിർ
വടക്കോട്ടു ബേത്ത്-ഹൊഗ്ലയുടെ മലഞ്ചെ
രിവുവരെ കടന്നു തെക്കു യോൎദ്ദാന്റെ
അഴിമുഖത്തു ഉപ്പുകടലിന്റെ വടക്കെ അ
റ്റത്തു അവസാനിക്കുന്നു. ഇതു തെക്കെ
അതിർ. അതിന്റെ കിഴക്കെ അതിർ 20
യോൎദ്ദാൻ ആകുന്നു; ഇതു ബെന്യാമീൻമ
ക്കൾക്കു കുടുംബംകുടുംബമായി കിട്ടിയ അ
വകാശത്തിന്റെ ചുറ്റുമുള്ള അതിരുകൾ.
എന്നാൽ ബെന്യാമീൻമക്കളുടെ ഗോത്ര 21
ത്തിന്നു കുടുംബംകുടുംബമായി കിട്ടിയ പ
ട്ടണങ്ങൾ: യെരീഹോ, ബേത്ത്-ഹൊഗ്ല,
ഏമെക്-കെസീസ്, ബേത്ത്-അരാബ, 22
സെമാറയീം, ബേഥേൽ, അവ്വീം, പാര, 23
ഒഫ്ര, കെഫാർ-അമ്മോനീ, ഒഫ്നി, ഗേ 24
ബ; ഇങ്ങനെ പന്ത്രണ്ടു പട്ടണവും അവ
യുടെ ഗ്രാമങ്ങളും; ഗിബെയോൻ, രാമ, 25
ബെരോത്ത്, മിസ്പെ, കെഫീര, മോസ, 26
രേക്കെം, യിൎപ്പെൽ, തരല, സേല, 27, 28
ഏലെഫ്, യെരൂശലേം എന്ന യെബൂ
സ്യനഗരം, ഗിബെയത്ത്, കിൎയ്യത്ത്;
ഇങ്ങിനെ പതിന്നാലു പട്ടണവും അവ
യുടെ ഗ്രാമങ്ങളും. ഇതു ബെന്യാമീൻമ
ക്കൾക്കു കുടുംബംകുടുംബമായി കിട്ടിയ അ
വകാശം.

## ൧൯. അദ്ധ്യായം.

രണ്ടാമത്തെ നറുക്കു ശിമെയോന്നു കുടും
ബംകുടുംബമായി ശിമെയോൻമക്കളുടെ
ഗോത്രത്തിന്നു വന്നു; അവരുടെ അവ
കാശം യെഹൂദാമക്കളുടെ അവകാശത്തി
ന്റെ ഇടയിൽ ആയിരുന്നു. അവൎക്കു 2
തങ്ങളുടെ അവകാശത്തിൽ ബേർ-ശേബ,
ശേബ, മോലാദ, ഹസർ-ശൂവാൽ, ബാലാ, 3
ഏസെം, എല്തോലദ്, ബെഥൂൽ, ഹൊൎമ്മ, 4
സിക്ലാഗ്, ബേത്ത്-മൎക്കാബോത്ത്, ഹ 5
സർ-സൂസ, ബേത്ത്-ലെബായോത്ത്, 6
ശാരൂഹെൻ; ഇങ്ങനെ പതിമൂന്നു പട്ടണ

Digitized by Google
Original from
CORNELL UNIVERSITY

30 കൽ അവസാനിക്കുന്നു. ഉമ്മ, അ
ഫേക്ക്, രെഹോബ് മുതലായ ഇരുപ
ത്തുരണ്ടു പട്ടണവും അവയുടെ ഗ്രാമ
31 ങ്ങളും അവൎക്കുണ്ടായിരുന്നു. ഇതു ആ
ശേർമക്കളുടെ ഗോത്രത്തിന്നു കുടുംബം
കുടുംബമായി കിട്ടിയ അവകാശം; ഈ
പട്ടണങ്ങളും അവയുടെ ഗ്രാമങ്ങളും
തന്നേ.
32 ആറാമത്തെ നറുക്കു നഫ്താലിമക്കൾക്കു,
കുടുംബംകുടുംബമായി നഫ്താലിമക്കൾക്കു
33 തന്നേ വന്നു. അവരുടെ അതിർ ഹേ
ലെഫും സാനന്നീമിലെ കരുവേലകവും
തുടങ്ങി അദാമീ-നേക്കെബിലും യബ്നേലി
ലും കൂടി ലക്കൂംവരെ ചെന്നു യോൎദ്ദാങ്കൽ
34 അവസാനിക്കുന്നു. പിന്നെ ആ അതിർ
പടിഞ്ഞാറോട്ടു അസ്നോത്ത്-താബോരിലേ
ക്കു തിരിഞ്ഞു അവിടെനിന്നു ഹുക്കോക്കി
ലേക്കു ചെന്നു തെക്കുവശത്തു സെബൂലൂ
നോടും പടിഞ്ഞാറുവശത്തു ആശേരിനോ
ടും കിഴക്കുവശത്തു യോൎദ്ദാന്നു യെഹൂദയോ
35 ടും തൊട്ടിരിക്കുന്നു. ഉറപ്പുള്ള പട്ടണങ്ങ
ളായ സിദ്ദീം, സേർ, ഹമ്മത്ത്, രക്കത്ത്,
36 കിന്നേരത്ത്, അദമ, രാമ, ഹാസോർ,
37 കേദെശ്, എദ്രെയി, ഏൻ-ഹാസോർ,
38 യിരോൻ, മിഗ്ദൽ-ഏൽ, ഹൊരേം, ബേ
ത്ത്-അനാത്ത്, ബേത്ത്-ശേമെശ് ഇങ്ങ
നെ പത്തൊമ്പതു പട്ടണവും അവയുടെ
39 ഗ്രാമങ്ങളും. ഇവ നഫ്താലിമക്കളുടെ ഗോ
ത്രത്തിന്നു കുടുംബംകുടുംബമായി കിട്ടിയ
അവകാശത്തിലെ പട്ടണങ്ങളും ഗ്രാമങ്ങ
ളും തന്നേ.
40 ദാൻമക്കളുടെ ഗോത്രത്തിന്നു കുടുംബം
കുടുംബമായി ഏഴാമത്തെ നറുക്കുവന്നു.
41 അവരുടെ അവകാശദേശം സൊരാ, എ
42 സ്തായോൽ, ഈർ-ശേമെശ്, ശാലബ്ബീൻ,
43 അയ്യാലോൻ, യിത്ല, ഏലോൻ, തിമ്നാ,
44 എക്രോൻ, എൽതെക്കേ, ഗിബ്ബഥോൻ,
ബാലാത്ത്, യിഹൂദ്, ബെനേ-ബെരാ 45
ക്, ഗത്ത്-രിമ്മോൻ, മേയർക്കോൻ, ര 46
ക്കോൻ എന്നിവയും യാഫോവിന്നെതി
രെയുള്ള ദേശവും ആയിരുന്നു. എന്നാൽ 47
ദാൻമക്കളുടെ ദേശം അവൎക്കു പൊ
യ്പോയി. അതുകൊണ്ടു ദാൻമക്കൾ പുറ
പ്പെട്ടു ലേശെമിനോടു യുദ്ധംചെയ്തു അതി
നെ പിടിച്ചു വാളിന്റെ വായ്ത്തലയാൽ
സംഹരിച്ചു കൈവശമാക്കി അവിടെ
പാൎത്തു; ലേശെമിന്നു തങ്ങളുടെ അപ്പ
നായ ദാന്റെ പേരിൻപ്രകാരം ദാൻ
എന്നു പേരിട്ടു. ഇതു ദാൻമക്കളുടെ 48
ഗോത്രത്തിന്നു കുടുംബംകുടുംബമായി കി
ട്ടിയ അവകാശ പട്ടണങ്ങളും ഗ്രാമങ്ങളും
ആകുന്നു.
അവർ ദേശത്തെ അതിർ തിരിച്ചു ക 49
ഴിഞ്ഞശേഷം യിസ്രായേൽമക്കൾ നൂന്റെ
മകനായ യോശുവെക്കും തങ്ങളുടെ ഇട
യിൽ ഒരു അവകാശം കൊടുത്തു. അ 50
വൻ ചോദിച്ച പട്ടണമായി എഫ്രയീംമല
നാട്ടിലുള്ള തിമ്നത്ത്-സേരഹ് അവർ യ
ഹോവയുടെ കല്പനപ്രകാരം അവന്നു
കൊടുത്തു; അവൻ ആ പട്ടണം പണിതു
അവിടെ പാൎത്തു.
ഇവ പുരോഹിതനായ എലെയാസാ 51
രും നൂന്റെ മകനായ യോശുവയും യിസ്രാ
യേൽമക്കളുടെ ഗോത്രപിതാക്കന്മാരിൽ
പ്രധാനികളും ശീലോവിൽ സമാഗമനകൂ
ടാരത്തിന്റെ വാതില്ക്കൽ യഹോവയുടെ
സന്നിധിയിൽവെച്ചു ചീട്ടിട്ടു അവകാശ
മായി വിഭാഗിച്ചുകൊടുത്ത അവകാശ
ങ്ങൾ ആകുന്നു. ഇങ്ങനെ ദേശവിഭാഗം
അവസാനിച്ചു.

## ൨൦. അദ്ധ്യായം.

പിന്നെ യഹോവ യോശുവയോടു അരുളി
ചെയ്തതു: നീ യിസ്രായേൽമക്കളോടു പറ 2

Digitized by Google
Original from CORNELL UNIVERSITY

ജാതികളെ വേഗത്തിൽ നീക്കിക്കളയാ
തെയും യോശുവയുടെ കയ്യിൽ ഏല്പിക്കാ
തെയും വെച്ചിരുന്നു.

൩. അദ്ധ്യായം.

കനാനിലെ യുദ്ധങ്ങളൊന്നും അറിഞ്ഞി
ട്ടില്ലാത്ത യിസ്രായേലിനെ ഒക്കെയും പരീ
2 ക്ഷിക്കേണ്ടതിന്നും യുദ്ധം അറിഞ്ഞിട്ടി
ല്ലാത്ത യിസ്രായേൽമക്കളുടെ തലമുറകളെ
യുദ്ധം അഭ്യസിപ്പിക്കേണ്ടതിന്നുമായി യ
ഹോവ വെച്ചിരുന്ന ജാതികളാവിതു:
3 ഫെലിസ്ത്യരുടെ അഞ്ചു പ്രഭുക്കന്മാരും
എല്ലാ കനാന്യരും സീദോന്യരും ബാൽ
ഹെർമ്മോൻപർവ്വതംമുതൽ ഹമാത്തിലേക്കു
ള്ള പ്രവേശനംവരെ ലെബാനോൻപർവ്വ
തത്തിൽ പാർത്തിരുന്ന ഹിവ്യരും തന്നേ.
4 മോശെമുഖാന്തരം യഹോവ അവരുടെ
പിതാക്കന്മാരോടു കല്പിച്ച കല്പനകൾ അ
നുസരിക്കുമോ എന്നു അവരെക്കൊണ്ടു യി
സ്രായേലിനെ പരീക്ഷിച്ചറിവാൻ ആയി
5 രുന്നു ഇവരെ വെച്ചിരുന്നതു. കനാ
ന്യർ, ഹിത്യർ, അമോൎയ്യർ, പെരിസ്യർ,
ഹിവ്യർ, യെബൂസ്യർ എന്നിവരുടെ ഇട
6 യിൽ യിസ്രായേൽമക്കൾ പാർത്തു. അവ
രുടെ പുത്രിമാരെ തങ്ങൾക്കു ഭാൎയ്യമാരാ
യിട്ടു എടുക്കയും തങ്ങളുടെ പുത്രിമാരെ
അവരുടെ പുത്രന്മാൎക്കു കൊടുക്കയും അവ
രുടെ ദേവന്മാരെ സേവിക്കയും ചെയ്തു.
7 ഇങ്ങനെ യിസ്രായേൽമക്കൾ യഹോ
വെക്കു അനിഷ്ടമായുള്ളതു ചെയ്തു തങ്ങളു
ടെ ദൈവമായ യഹോവയെ മറന്നു ബാൽ
വിഗ്രഹങ്ങളെയും അശേരപ്രതിഷ്ഠകളെ
8 യും സേവിച്ചു. അതുകൊണ്ടു യഹോവ
യുടെ കോപം യിസ്രായേലിന്റെ നേരെ
ജ്വലിച്ചു; അവൻ അവരെ മെസോപൊ
താമ്യയിലെ ഒരു രാജാവായ കൂശൻരിശാ
ഥയീമിന്നു വിററുകളഞ്ഞു; യിസ്രായേൽ
മക്കൾ കൂശൻരിശാഥയീമിനെ എട്ടു സംവ
ത്സരം സേവിച്ചു. എന്നാൽ യിസ്രായേൽ 9
മക്കൾ യഹോവയോടു നിലവിളിച്ചപ്പോൾ
യഹോവ കാലേബിന്റെ അനുജനായ കെ
നസിന്റെ മകൻ ഒത്നീയേലിനെ യിസ്രാ
യേൽമക്കൾക്കു രക്ഷകനായി എഴുന്നേല്പി
ച്ചു; അവൻ അവരെ രക്ഷിച്ചു. അവ 10
ന്റെ മേൽ യഹോവയുടെ ആത്മാവു വ
ന്നു; അവൻ യിസ്രായേലിന്നു ന്യായാധി
പനായി യുദ്ധത്തിന്നു പുറപ്പെട്ടാറെ യ
ഹോവ മെസോപൊതാമ്യയിലെ രാജാ
വായ കൂശൻരിശാഥയീമിനെ അവന്റെ
കയ്യിൽ ഏല്പിച്ചു; അവൻ കൂശൻരിശാഥ
യീമിനെ ജയിച്ചു. ദേശത്തിന്നു നാല്പതു 11
സംവത്സരം സ്വസ്ഥത ഉണ്ടായി.
കെനസിന്റെ മകനായ ഒത്നീയേൽ 12
മരിച്ചശേഷം യിസ്രായേൽമക്കൾ വീണ്ടും
യഹോവെക്കു അനിഷ്ടമായുള്ളതു ചെയ്തു;
അവർ യഹോവെക്കു അനിഷ്ടമായുള്ളതു
ചെയ്കകൊണ്ടു യഹോവ മോവാബ് രാജാ
വായ എഗ്ലോനെ യിസ്രായേലിന്നു വിരോ
ധമായി ബലപ്പെടുത്തി. അവൻ അമ്മോ 13
ന്യരെയും അമാലേക്യരെയും കൂട്ടിക്കൊണ്ടു
വന്നു യിസ്രായേലിനെ തോല്പിച്ചു, അവർ
ഈന്തപട്ടണവും കൈവശമാക്കി. അങ്ങ 14
നെ യിസ്രായേൽമക്കൾ മോവാബ് രാജാ
വായ എഗ്ലോനെ പതിനെട്ടു സംവത്സരം
സേവിച്ചു. യിസ്രായേൽമക്കൾ യഹോവ 15
യോടു നിലവിളിച്ചപ്പോൾ യഹോവ അ
വൎക്കു ബെന്യാമീന്യനായ ഗേരയുടെ മക
നായി ഇടങ്കയ്യനായ ഏഹൂദിനെ രക്ഷക
നായി എഴുന്നേല്പിച്ചു; അവന്റെ കൈവ
ശം യിസ്രായേൽമക്കൾ മോവാബ് രാജാവാ
യ എഗ്ലോന്നു കാഴ്ച കൊടുത്തയച്ചു. എന്നാൽ 16
ഏഹൂദ് ഇരുവായ്ത്തലയും ഒരുമുഴം നീള
വും ഉള്ള ഒരു ചുരിക ഉണ്ടാക്കി; അതു വ
സ്ത്രത്തിന്റെ ഉള്ളിൽ വലത്തെ തുടെക്കു

Digitized by Google
Original from CORNELL UNIVERSITY

വയുടെ ദൂതൻ പ്രത്യക്ഷനായി അവളോടു
പറഞ്ഞതു: നീ മച്ചിയല്ലോ, പ്രസവിച്ചിട്ടു
മില്ല; എങ്കിലും നീ ഗൎഭംധരിച്ചു ഒരു മ
4 കനെ പ്രസവിക്കും. ആകയാൽ നീ സൂ
ക്ഷിച്ചുകൊൾക; വീഞ്ഞും മദ്യവും കുടിക്ക
രുതു; അശുദ്ധമായതൊന്നും തിന്നുകയുമ
5 രുതു. നീ ഗൎഭംധരിച്ചു ഒരു മകനെ പ്ര
സവിക്കും; അവന്റെ തലയിൽ ക്ഷൌര
കത്തി തൊടുവിക്കരുതു; ബാലൻ ഗൎഭം
മുതൽ ദൈവത്തിന്നു നാസീരായിരിക്കും;
അവൻ യിസ്രായേലിനെ ഫെലിസ്ത്യരുടെ
6 കയ്യിൽനിന്നു രക്ഷിപ്പാൻ തുടങ്ങും. സ്ത്രീ
ചെന്നു ഭൎത്താവിനോടു പറഞ്ഞതു: ഒരു
ദൈവപുരുഷൻ എന്റെ അടുക്കൽ വ
ന്നു; അവന്റെ ആകൃതി ഒരു ദൈവ
ദൂതന്റെ ആകൃതിപോലെ അതിഭയങ്കരം
ആയിരുന്നു; അവൻ എവിടെനിന്നെന്നു
ഞാൻ അവനോടു ചോദിച്ചില്ല; തന്റെ
പേർ അവൻ എന്നോടു പറഞ്ഞതും ഇല്ല.
7 അവൻ എന്നോടു: നീ ഗൎഭംധരിച്ചു ഒരു
മകനെ പ്രസവിക്കും; ആകയാൽ നീ
വീഞ്ഞും മദ്യവും കുടിക്കരുതു; അശുദ്ധമാ
യതൊന്നും തിന്നുകയും അരുതു; ബാലൻ
ഗൎഭംമുതൽ ജീവപൎയ്യന്തം ദൈവത്തിന്നു
8 നാസീരായിരിക്കും എന്നു പറഞ്ഞു. മാ
നോഹ യഹോവയോടു പ്രാൎത്ഥിച്ചു:
കൎത്താവേ, നീ അയച്ച ദൈവപുരുഷൻ
വീണ്ടും ഞങ്ങളുടെ അടുക്കൽ വന്നു, ജനി
പ്പാനിരിക്കുന്ന ബാലന്റെ കാൎയ്യത്തിൽ
ഞങ്ങൾക്കു ഉപദേശിച്ചുതരുമാറാകട്ടെ
9 എന്നു പറഞ്ഞു. ദൈവം മാനോഹ
യുടെ പ്രാൎത്ഥന കേട്ടു; ദൈവദൂതൻ വീ
ണ്ടും അവളുടെ അടുക്കൽ വന്നു; അവൾ
വയലിൽ ഇരിക്കയായിരുന്നു; അവളുടെ
ഭൎത്താവു മാനോഹ കൂടെ ഉണ്ടായിരുന്നില്ല.
10 ഉടനെ ആ സ്ത്രീ ഓടിച്ചെന്നു ഭൎത്താവിനെ
അറിയിച്ചു; അന്നു എന്റെ അടുക്കൽ വ
ന്ന ആൾ ഇതാ, എനിക്കു പ്രത്യക്ഷനായി
വന്നിരിക്കുന്നു എന്നു അവനോടു പറഞ്ഞു.
മാനോഹ ഉടനെ എഴുന്നേറ്റു ഭാൎയ്യയോടു 11
കൂടെ ചെന്നു ആ പുരുഷന്റെ അടുക്കൽ
എത്തി; ഈ സ്ത്രീയോടു സംസാരിച്ച ആൾ
നീയോ എന്നു അവനോടു ചോദിച്ചു; ഞാൻ
തന്നേ എന്നു അവൻ പറഞ്ഞു. മാനോ 12
ഹ അവനോടു: നിന്റെ വചനം നിവൃ
ത്തിയാകുമ്പോൾ ബാലന്റെ കാൎയ്യത്തിൽ
ഞങ്ങൾ എങ്ങനെ ആചരിക്കേണം? അ
വനെ സംബന്ധിച്ചു എന്തു ചെയ്യേണം
എന്നു ചോദിച്ചു. യഹോവയുടെ ദൂതൻ 13
മാനോഹയോടു: ഞാൻ സ്ത്രീയോടു പറഞ്ഞ
തൊക്കെയും അവൾ സൂക്ഷിച്ചുകൊള്ളട്ടെ.
മുന്തിരിവള്ളിയിൽ ഉണ്ടാകുന്ന യാതൊന്നും 14
അവൾ തിന്നരുതു; വീഞ്ഞും മദ്യവും കുടി
ക്കരുതു; അശുദ്ധമായതൊന്നും തിന്നുകയും
അരുതു; ഞാൻ അവളോടു കല്പിച്ചതൊക്കെ
യും അവൾ ആചരിക്കേണം എന്നു പറ
ഞ്ഞു. മാനോഹ യഹോവയുടെ ദൂതനോ 15
ടു: ഞങ്ങൾ ഒരു കോലാട്ടിൻകുട്ടിയെ നി
നക്കായി പാകം ചെയ്യുംവരെ നീ താമസി
ക്കേണമെന്നു പറഞ്ഞു. യഹോവയുടെ 16
ദൂതൻ മാനോഹയോടു: നീ എന്നെ താമ
സിപ്പിച്ചാലും ഞാൻ നിന്റെ ആഹാരം
കഴിക്കയില്ല; ഒരു ഹോമയാഗം കഴിക്കു
മെങ്കിൽ അതു യഹോവെക്കു കഴിച്ചു
കൊൾക എന്നു പറഞ്ഞു. അവൻ യ
ഹോവയുടെ ദൂതൻ എന്നു മാനോഹ അ
റിഞ്ഞിരുന്നില്ല. മാനോഹ യഹോവയു 17
ടെ ദൂതനോടു: നിന്റെ വചനം നിവൃ
ത്തിയാകുമ്പോൾ ഞങ്ങൾ നിന്നെ ബഹു
മാനിക്കേണ്ടതിന്നു നിന്റെ പേരെന്തു എ
ന്നു ചോദിച്ചു. യഹോവയുടെ ദൂതൻ 18
അവനോടു: എന്റെ പേർ ചോദിക്കുന്നതു
എന്തു? അതു അതിശയമുള്ളതു എന്നു പ
റഞ്ഞു. അങ്ങനെ മാനോഹ ഒരു കോലാ 19

Digitized by Google
Original from CORNELL UNIVERSITY

ദൈവമായ യഹോവയാണ, നീ ബദ്ധ
പ്പെട്ടു എന്നെ എതിരേററു വന്നിരുന്നില്ലെ
ങ്കിൽ നേരം പുലരുമ്പോഴെക്കു പുരുഷപ്ര
ജയൊന്നും നാബാലിന്നു ശേഷിക്കയില്ലാ
35 യിരുന്നു. പിന്നെ അവൾ കൊണ്ടുവന്നതു
ദാവീദ് അവളുടെ കയ്യിൽനിന്നു വാങ്ങി
അവളോടു: സമാധാനത്തോടെ വീട്ടിലേ
ക്കു പോക; ഇതാ, ഞാൻ നിന്റെ വാക്കു
കേട്ടു നിന്റെ മുഖം ആദരിച്ചിരിക്കുന്നു
36 എന്നു പറഞ്ഞു. അബീഗയിൽ നാബാലി
ന്റെ അടുക്കൽ എത്തിയപ്പോൾ അവൻ
തന്റെ വീട്ടിൽ രാജവിരുന്നുപോലെ ഒ
രു വിരുന്നു കഴിക്കുന്നതു കണ്ടു; നാബാലി
ന്റെ ഹൃദയം ആനന്ദത്തിലായി അവന്നു
നന്നാ ലഹരി പിടിച്ചിരുന്നു; അതുകൊ
ണ്ടു അവൾ നേരം വെളുക്കുംവരെ വിവ
37 രം ഒന്നും അവനെ അറിയിച്ചില്ല. എ
ന്നാൽ രാവിലെ നാബാലിന്റെ വീഞ്ഞു
ഇറങ്ങിയശേഷം അവന്റെ ഭാൎയ്യ അവ
നോടു വിവരം അറിയിച്ചപ്പോൾ അവ
ന്റെ ഹൃദയം അവന്റെ ഉള്ളിൽ നിൎജ്ജീ
38 വമായി അവൻ കല്ലിച്ചുപോയി. പത്തു
ദിവസം കഴിഞ്ഞശേഷം യഹോവ നാബാ
ലിനെ ബാധിപ്പിച്ചു, അവൻ മരിച്ചുപോ
39 യി. നാബാൽ മരിച്ചു എന്നു ദാവീദ് കേ
ട്ടപ്പോൾ: എന്നെ നിന്ദിച്ച നിന്ദെക്കായി
ട്ടു നാബാലിനോടു വ്യവഹരിക്കയും ത
ന്റെ ദാസനെ തിന്മ ചെയ്യാതവണ്ണം തടു
ക്കയും ചെയ്ത യഹോവെക്കു സ്തോത്രം.
നാബാലിന്റെ ദുഷ്ടത യഹോവ അവ
ന്റെ തലയിൽതന്നേ വരുത്തിയിരിക്കുന്നു
എന്നു പറഞ്ഞു. പിന്നെ ദാവീദ് അബീ
ഗയിലിനെ തനിക്കു ഭാൎയ്യയായി പരിഗ്ര
ഹിക്കേണ്ടതിന്നു അവളോടു സംസാരി
40 പ്പാൻ ആളയച്ചു. ദാവീദിന്റെ ഭൃത്യന്മാർ
കൎമ്മേലിൽ അബീഗയിലിന്റെ അടുക്കൽ
ചെന്നു അവളോടു: നീ ദാവീദിന്നു ഭാൎയ്യ
യായ്തീരുവാൻ നിന്നെ കൊണ്ടുചെല്ലേണ്ട
തിന്നു ഞങ്ങളെ അവൻ നിന്റെ അടു
ക്കൽ അയച്ചിരിക്കുന്നു എന്നു പറഞ്ഞു.
അവൾ എഴുന്നേററു നിലംവരെ തല കു 41
നിച്ചു: ഇതാ, അടിയൻ യജമാനന്റെ
ദാസന്മാരുടെ കാലുകളെ കഴുകുന്ന ദാസി
എന്നു പറഞ്ഞു. ഉടനെ അബീഗയിൽ 42
എഴുന്നേററു തന്റെ പരിചാരകികളായ
അഞ്ചു ബാല്യക്കാരത്തികളുമായി കഴുതപ്പു
റത്തു കയറി ദാവീദിന്റെ ദൂതന്മാരോടു
കൂടെ ചെന്നു അവന്നു ഭാൎയ്യയായി തീൎന്നു.
യിസ്രയേലിൽനിന്നു ദാവീദ് അഹീനോ 43
വമിനെയും കൊണ്ടുവന്നു; അവർ ഇരു
വരും അവന്നു ഭാൎയ്യമാരായ്തീൎന്നു. ശൌ 44
ലോ തന്റെ മകളും ദാവീദിന്റെ ഭാൎയ്യ
യുമായിരുന്ന മീഖളിനെ ഗല്ലീമ്യനായ
ലയീശിന്റെ മകൻ ഫല്ത്തിക്കു കൊടുത്തി
രുന്നു.

## ൨൬. അദ്ധ്യായം.

അനന്തരം സീഫ്യർ ഗിബെയയിൽ ശൌ
ലിന്റെ അടുക്കൽ വന്നു: ദാവീദ് മരുഭൂമി
ക്കു തെക്കുള്ള ഹഖീലാക്കുന്നിൽ ഒളിച്ചിരി
ക്കുന്നു എന്നു പറഞ്ഞു. ശൌൽ എഴുന്നേ 2
ററു ദാവീദിനെ തിരയുവാൻ സീഫ് മരു
ഭൂമിയിലേക്കു ചെന്നു; യിസ്രായേലിൽ
നിന്നു തിരഞ്ഞെടുത്തിരുന്ന മൂവായിരം
പേരും അവനോടുകൂടെ ഉണ്ടായിരുന്നു.
ശൌൽ മരുഭൂമിക്കു തെക്കുള്ള ഹഖീലാക്കു 3
ന്നിൽ പെരുവഴിക്കരികെ പാളയം ഇറ
ങ്ങി. ദാവീദോ മരുഭൂമിയിൽ പാൎത്തു,
ശൌൽ തന്നെ തേടി മരുഭൂമിയിൽ വന്നി
രിക്കുന്നു എന്നു ഗ്രഹിച്ചു. അതുകൊണ്ടു 4
ദാവീദ് ചാരന്മാരെ അയച്ചു ശൌൽ ഇ
ന്നേടത്തു വന്നിരിക്കുന്നു എന്നു അറിഞ്ഞു.
ദാവീദ് എഴുന്നേററു ശൌൽ പാളയം ഇറ 5
ങ്ങിയിരുന്ന സ്ഥലത്തു ചെന്നു; ശൌലും

Digitized by Google
Original from CORNELL UNIVERSITY

# THE SECOND BOOK OF SAMUEL

## ശമൂവേൽ: രണ്ടാം പുസ്തകം

### ൧. അദ്ധ്യായം.

ശൌൽ മരിക്കയും ദാവീദ് അമാ
ലേക്യരെ സംഹരിച്ചു മടങ്ങിവന്നു സി
ക്ലാഗിൽ രണ്ടു ദിവസം പാൎക്കയും ചെയ്തു
2 ശേഷം മൂന്നാം ദിവസം ഒരു ആൾ വസ്ത്രം
കീറിയും തലയിൽ പൂഴി വാരിയിട്ടും
കൊണ്ടു ശൌലിന്റെ പാളയത്തിൽനിന്നു
വന്നു, ദാവീദിന്റെ അടുക്കൽ എത്തി സാ
3 ഷ്ടാംഗം വീണു നമസ്കരിച്ചു. ദാവീദ്
അവനോടു: നീ എവിടെനിന്നു വരു
ന്നു എന്നു ചോദിച്ചതിന്നു: ഞാൻ യി
സ്രായേൽപാളയത്തിൽനിന്നു ഓടിപ്പോ
രികയാകുന്നു എന്നു അവൻ പറഞ്ഞു.
4 ദാവീദ് അവനോടു: കാൎയ്യം എന്തായി?
പറക എന്നു ചോദിച്ചു. അതിന്നു അവൻ:
ജനം പടയിൽ തോറ്റോടി; ജനത്തിൽ
അനേകർ പട്ടുവീണു; ശൌലും അവ
ന്റെ മകനായ യോനാഥാനുംകൂടെ പട്ടു
5 പോയി എന്നു ഉത്തരം പറഞ്ഞു. വൎത്ത
മാനം കൊണ്ടുവന്ന ബാല്യക്കാരനോടു ദാ
വീദ്: ശൌലും അവന്റെ മകനായ യോ
നാഥാനും പട്ടുപോയതു നീ എങ്ങനെ അ
6 റിഞ്ഞു എന്നു ചോദിച്ചതിന്നു വൎത്തമാനം
കൊണ്ടുവന്ന ബാല്യക്കാരൻ പറഞ്ഞതു:
ഞാൻ യദൃച്ഛയാ ഗിൽബോവപൎവ്വതത്തി
ലേക്കു ചെന്നപ്പോൾ ശൌൽ തന്റെ കുന്ത
ത്തിന്മേൽ ചാരിനില്ക്കുന്നതും തേരും കു
തിരപ്പടയും അവനെ തുടൎന്നടുക്കുന്നതും
7 കണ്ടു; അവൻ പിറകോട്ടു നോക്കി എന്നെ
കണ്ടു വിളിച്ചു; അടിയൻ ഇതാ എന്നു
8 ഞാൻ ഉത്തരം പറഞ്ഞു. നീ ആരെന്നു
അവൻ എന്നോടു ചോദിച്ചതിന്നു: ഞാൻ
ഒരു അമാലേക്യൻ എന്നു ഉത്തരം പറഞ്ഞു.
അവൻ എന്നോടു: നീ അടുത്തുവന്നു എ 9
ന്നെ കൊല്ലേണം; എന്റെ ജീവൻ മുഴു
വനും എന്നിൽ ഇരിക്കകൊണ്ടു എനിക്കു
പരിഭ്രമം പിടിച്ചിരിക്കുന്നു എന്നു പറഞ്ഞു.
അതുകൊണ്ടു ഞാൻ അടുത്തുചെന്നു അവ 10
നെ കൊന്നു; അവന്റെ വീഴ്ചയുടെശേ
ഷം അവൻ ജീവിക്കയില്ല എന്നു ഞാൻ
അറിഞ്ഞിരുന്നു; അവന്റെ തലയിലെ കി
രീടവും ഭുജത്തിലെ കടകവും ഞാൻ എടു
ത്തു ഇവിടെ യജമാനന്റെ അടുക്കൽ കൊ
ണ്ടുവന്നിരിക്കുന്നു. ഉടനെ ദാവീദ് ത 11
ന്റെ വസ്ത്രം പറിച്ചുകീറി; കൂടെയുള്ളവ
രും അങ്ങനെ തന്നേ ചെയ്തു. അവർ 12
ശൌലിനെയും അവന്റെ മകനായ യോ
നാഥാനെയും യഹോവയുടെ ജനത്തെയും
യിസ്രായേൽഗൃഹത്തെയും കുറിച്ചു അവർ
വാളാൽ വീണുപോയതുകൊണ്ടു വിലപി
ച്ചു കരഞ്ഞു സന്ധ്യവരെ ഉപവസിച്ചു.
ദാവീദ് വൎത്തമാനം കൊണ്ടുവന്ന ബാല്യ 13
ക്കാരനോടു: നീ എവിടുത്തുകാരൻ എ
ന്നു ചോദിച്ചതിന്നു: ഞാൻ ഒരു അന്യജാ
തിക്കാരന്റെ മകൻ, ഒരു അമാലേക്യൻ
എന്നു അവൻ ഉത്തരം പറഞ്ഞു. ദാവീദ് 14
അവനോടു: യഹോവയുടെ അഭിഷിക്ത
നെ സംഹരിക്കേണ്ടതിന്നു കയ്യോങ്ങുവാൻ
നിനക്കു ഭയം തോന്നാഞ്ഞതു എങ്ങനെ എ
ന്നു പറഞ്ഞു. പിന്നെ ദാവീദ് ബാല്യ 15
ക്കാരിൽ ഒരുത്തനെ വിളിച്ചു: നീ ചെന്നു



Digitized by Google
Original from
CORNELL UNIVERSITY

എനിക്കു പകരം എന്റെ സിംഹാസന
ത്തിൽ ഇരിക്കും എന്നു ഞാൻ നിന്നോടു
യിസ്രായേലിന്റെ ദൈവമായ യഹോവ
യുടെ നാമത്തിൽ സത്യംചെയ്തതുപോലെ
തന്നേ ഞാൻ ഇന്നു നിവൃത്തിക്കും എന്നു
31 സത്യംചെയ്തു പറഞ്ഞു. അപ്പോൾ ബത്ത്-
ശേബ സാഷ്ടാംഗം വീണു രാജാവിനെ നമ
സ്കരിച്ചു: എന്റെ യജമാനനായ ദാവീദ്
രാജാവു ദീൎഘായുസ്സായിരിക്കട്ടെ എന്നു പറ
32 ഞ്ഞു. പിന്നെ ദാവീദ്: പുരോഹിതനായ
സാദോക്കിനെയും പ്രവാചകനായ നാഥാ
നെയും യെഹോയാദയുടെ മകനായ ബെ
നായാവെയും വിളിപ്പിൻ എന്നു കല്പിച്ചു.
അവർ രാജസന്നിധിയിൽ ചെന്നുനിന്നു.
33 രാജാവു അവരോടു കല്പിച്ചതെന്തെന്നാൽ:
നിങ്ങളുടെ യജമാനന്റെ ഭൃത്യന്മാരെ കൂട്ടി
ക്കൊണ്ടു എന്റെ മകനായ ശലോമോ
നെ എന്റെ കോവർകഴുതപ്പുറത്തു കയ
ററി താഴെ ഗീഹോനിലേക്കു കൊണ്ടു
34 പോകുവിൻ. അവിടെവെച്ചു സാദോക്
പുരോഹിതനും നാഥാൻപ്രവാചകനും
അവനെ യിസ്രായേലിന്നു രാജാവായിട്ടു
അഭിഷേകം ചെയ്യേണം; പിന്നെ കാഹ
ളം ഊതി: ശലോമോൻരാജാവേ, ജയ
35 ജയ എന്നു ഘോഷിച്ചുപറവിൻ. അതി
ന്റെശേഷം നിങ്ങൾ അവന്റെ പിന്നാ
ലെ വരുവിൻ; അവൻ വന്നു എന്റെ
സിംഹാസനത്തിൽ ഇരുന്നു എനിക്കു പക
രം വാഴേണം; യിസ്രായേലിന്നും യെഹൂദെ
ക്കും പ്രഭുവായിരിക്കേണ്ടതിന്നു ഞാൻ അ
36 വനെ നിയമിച്ചിരിക്കുന്നു. അപ്പോൾ യെ
ഹോയാദയുടെ മകൻ ബെനായാവു രാജാ
വിനോടു: ആമേൻ; യജമാനനായ രാജാ
വിന്റെ ദൈവമായ യഹോവയും അങ്ങ
37 നെ തന്നേ കല്പിക്കുമാറാകട്ടെ. യഹോ
വ യജമാനനായ രാജാവിനോടുകൂടെ
ഇരുന്നതുപോലെ ശലോമോനോടുംകൂടെ
ഇരിക്കയും യജമാനനായ ദാവീദ്രാജാവി
ന്റെ സിംഹാസനത്തെക്കാളും അവന്റെ
സിംഹാസനത്തെ ശ്രേഷ്ഠമാക്കുകയും ചെ
യ്യുമാറാകട്ടെ എന്നു ഉത്തരം പറഞ്ഞു.
അങ്ങനെ സാദോക്പുരോഹിതനും നാ 38
ഥാൻപ്രവാചകനും യെഹോയാദയുടെ
മകനായ ബെനായാവും ക്രേത്യരും പ്ലേ
ത്യരും ചെന്നു ദാവീദ്രാജാവിന്റെ കോ
വർകഴുതപ്പുറത്തു ശലോമോനെ കയററി
ഗീഹോനിലേക്കു കൊണ്ടുപോയി, സാ 39
ദോക്പുരോഹിതൻ തിരുക്കൂടാരത്തിൽനി
ന്നു തൈലക്കൊമ്പു കൊണ്ടുചെന്നു ശലോ
മോനെ അഭിഷേകം ചെയ്തു. അവർ കാഹ
ളം ഊതി, ജനമൊക്കെയും: ശലോമോൻ
രാജാവേ, ജയജയ എന്നു ഘോഷിച്ചുപ
റഞ്ഞു. പിന്നെ ജനമൊക്കെയും അവ 40
ന്റെ പിന്നാലെ ചെന്നു; ജനം കുഴലൂതി;
അവരുടെ ഘോഷംകൊണ്ടു ഭൂമി കുലുങ്ങു
മാറു അത്യന്തം സന്തോഷിച്ചു. അദോനീ 41
യാവും കൂടെ ഉണ്ടായിരുന്ന സകലവിരുന്നു
കാരും ഭക്ഷണം കഴിഞ്ഞിരിക്കുമ്പോൾ
അതു കേട്ടു. കാഹളനാദം കേട്ടപ്പോൾ
യോവാബ്: പട്ടണം കലങ്ങിയിരിക്കുന്ന
ഈ ആരവം എന്തു എന്നു ചോദിച്ചു.
അവൻ പറയുമ്പോൾ തന്നേ ഇതാ, പു 42
രോഹിതനായ അബ്യാഥാരിന്റെ മകൻ
യോനാഥാൻ വരുന്നു; അദോനീയാവു
അവനോടു: അകത്തു വരിക; നീ യോഗ്യ
പുരുഷൻ; നീ നല്ലവൎത്തമാനം കൊണ്ടുവ
രുന്നു എന്നു പറഞ്ഞു. യോനാഥാൻ അദോ 43
നീയാവോടു ഉത്തരം പറഞ്ഞതു: നമ്മു
ടെ യജമാനനായ ദാവീദ്രാജാവു ശലോ
മോനെ രാജാവാക്കിയിരിക്കുന്നു. രാജാ 44
വു സാദോക്പുരോഹിതനെയും നാഥാൻ
പ്രവാചകനെയും യെഹോയാദയുടെ മക
നായ ബെനായാവെയും ക്രേത്യരെയും
പ്ലേത്യരെയും അവനോടുകൂടെ അയച്ചു.



Digitized by Google
Original from
CORNELL UNIVERSITY

7 അതിന്ന അവർ അവനോട്ടു: നീ ഇന്ന
ഈ ജനത്തിന്ന വഴിപ്പെട്ടു അവരെ സേ
വിച്ച അവരോട്ടു നല്ലവാക്ക പറഞ്ഞാൽ
അവർ എന്നും നിനക്ക ദാസന്മാരായിരിക്കും
8 എന്ന പറഞ്ഞു. എന്നാൽ വൃദ്ധന്മാർ
തന്നോട്ടു പറഞ്ഞ ആലോചന അവൻ
ത്യജിച്ചു, തന്നോട്ടുകൂടെ വളൎന്നവരായി
തന്റെ മുമ്പിൽ നില്ക്കുന്ന യൌവനക്കാ
9 രോട്ടു ആലോചിച്ചു: നിന്റെ അപ്പൻ
ഞങ്ങളുടെമേൽ വെച്ചിരിക്കുന്ന നുകം ഭാരം
കുറെച്ചുതരേണം എന്നിങ്ങനെ എന്നോട്ടു
സംസാരിച്ചിട്ടുള്ള ഈ ജനത്തോട്ടു നാം
ഉത്തരം പറയേണ്ടതിന്ന നിങ്ങൾ എന്താ
ലോചന പറയുന്നു എന്ന അവരോട്ടു ചോ
10 ദിച്ചു. അവനോട്ടുകൂടെ വളൎന്നിരുന്ന യൌ
വനക്കാർ അവനോട്ടു: നിന്റെ അപ്പൻ
ഭാരമുള്ള നുകം ഞങ്ങളുടെമേൽ വെച്ചു;
നീ അതു ഞങ്ങൾക്ക ഭാരം കുറെച്ചുതരേ
ണമെന്ന നിന്നോട്ടു പറഞ്ഞ ഈ ജന
ത്തോട്ടു: എന്റെ ചെറുവിരൽ എന്റെ
അപ്പന്റെ അരയെക്കാൾ വണ്ണമുള്ളതാ
11 യിരിക്കും. എന്റെ അപ്പൻ നിങ്ങളുടെ
മേൽ ഭാരമുള്ള നുകം വെച്ചിരിക്കെ
ഞാൻ നിങ്ങളുടെ നുകത്തിന്ന ഭാരം
കൂട്ടും; എന്റെ അപ്പൻ നിങ്ങളെ ചമ്മട്ടി
കൊണ്ടു ദണ്ഡിപ്പിച്ചു; ഞാനോ തേളുകളെ
കൊണ്ടു നിങ്ങളെ ദണ്ഡിപ്പിക്കും എന്നി
ങ്ങനെ നീ ഉത്തരം പറയേണം എന്ന
12 പറഞ്ഞു. മൂന്നാം ദിവസം എന്റെ അട്ടു
ക്കൽ വീണ്ടും വരുവിൻ എന്ന രാജാവു
പറഞ്ഞതുപോലെ യൊരോബെയാമും
സകലജനവും മൂന്നാം ദിവസം രെഹ
ബെയാമിന്റെ അടുക്കൽ ചെന്നു.
13 എന്നാൽ രാജാവു ജനത്തോട്ടു കഠിനമായി
ഉത്തരം പറഞ്ഞു; വൃദ്ധന്മാർ തന്നോട്ടു
പറഞ്ഞ ആലോചനയെ അവൻ ത്യജിച്ചു,
14 യൌവനക്കാരുടെ ആലോചനപോലെ
അവരോട്ടു: എന്റെ അപ്പൻ ഭാരമുള്ള നുകം
നിങ്ങളുടെമേൽ വെച്ചു; ഞാനോ നിങ്ങ
ളുടെ നുകത്തിന്ന ഭാരം കൂട്ടും; എന്റെ
അപ്പൻ നിങ്ങളെ ചമ്മട്ടികൊണ്ടു ദണ്ഡി
പ്പിച്ചു; ഞാനോ തേളുകളെകൊണ്ടു നിങ്ങ
ളെ ദണ്ഡിപ്പിക്കും എന്ന ഉത്തരം പറഞ്ഞു.
ഇങ്ങനെ രാജാവു ജനത്തിന്റെ അപേ 1
ക്ഷ കേട്ടില്ല; യഹോവ ശീലോന്യനായ
അഹീയാവുമുഖാന്തരം നെബാത്തിന്റെ
മകനായ യെരോബെയാമിനോട്ടു അരു
ളിച്ചെയ്ത വചനം നിവൃത്തിയാകേണ്ടതി
ന്ന ഈ കാൎയ്യം യഹോവയുടെ ഹിതത്താൽ
സംഭവിച്ചു. രാജാവു തങ്ങളുടെ അപേ 1
ക്ഷ കേൾക്കയില്ലെന്ന എല്ലായിസ്രായേലും
കണ്ടപ്പോൾ ജനം രാജാവിനോട്ടു: ദാവീ
ദിങ്കൽ ഞങ്ങൾക്ക എന്തു ഓഹരി ഉള്ളു?
യിശ്ശായിയുടെ മകങ്കൽ ഞങ്ങൾക്ക അവകാ
ശമില്ലല്ലോ; യിസ്രായേലേ, നിങ്ങളുടെ കൂടാ
രങ്ങളിലേക്ക പൊയ്ക്കൊൾവിൻ; ദാവീദേ,
നിന്റെ ഗൃഹം നോക്കിക്കൊൾക എന്ന
ത്തരം പറഞ്ഞു, യിസ്രായേൽ തങ്ങ
ളുടെ കൂടാരങ്ങളിലേക്ക പോയി. യെഹൂ 1
ദാനഗരങ്ങളിൽ പാൎത്തിരുന്ന യിസ്രായേ
ല്യൎക്കോ രെഹബെയാം രാജാവായ്തീൎന്നു.
പിന്നെ രെഹബെയാംരാജാവു ഊഴിയ 1
വേലെക്ക മേൽവിചാരകനായ അദോരാ
മിനെ അയച്ചു; എന്നാൽ യിസ്രായേലൊ
ക്കെയും അവനെ കല്ലെറിഞ്ഞു കൊന്നുക
ളഞ്ഞു; രെഹബെയാംരാജാവോ വേഗ
ത്തിൽ രഥം കയറി യെരൂശലേമിലേക്ക
ഓടിപ്പോന്നു. ഇങ്ങനെ യിസ്രായേൽ 1
ഇന്നുവരെ ദാവീദ് ഗൃഹത്തോട്ടു മത്സരിച്ചു
നില്ക്കുന്നു. യെരോബെയാം മടങ്ങിവ 2
ന്നു എന്ന യിസ്രായേലൊക്കെയും കേട്ട
പ്പോൾ അവർ ആളയച്ചു അവനെ സഭ
യിലേക്ക വിളിപ്പിച്ചു അവനെ എല്ലാ
യിസ്രായേലിന്നും രാജാവാക്കി; യെഹൂദാ

Digitized by Google
Original from CORNELL UNIVERSITY

വിചാരകനോടു: ബാലിന്റെ സകല
പൂജകന്മാൎക്കും വസ്ത്രം കൊണ്ടുവന്നു
കൊടുക്ക എന്നു കല്പിച്ചു. അവൻ
23 വസ്ത്രം കൊണ്ടുവന്നു കൊടുത്തു. പിന്നെ
യേഹൂവും രേഖാബിന്റെ മകനായ
യോനാദാബും ബാലിന്റെ ക്ഷേത്ര
ത്തിൽ കടന്നു ബാലിന്റെ പൂജകന്മാ
രോടു: ബാലിന്റെ പൂജകന്മാർ മാത്ര
മല്ലാതെ യഹോവയുടെ പൂജകന്മാർ
ആരും ഇവിടെ നിങ്ങളോടുകൂടെ
ഇല്ലാതിരിക്കേണ്ടതിന്നു തിരഞ്ഞുനോക്കു
24 വിൻ എന്നു കല്പിച്ചു. അവർ ഹനന
യാഗങ്ങളും ഹോമയാഗങ്ങളും കഴിപ്പാൻ
അകത്തു ചെന്നശേഷം യേഹൂ പുറത്തു
എണ്പതുപേരെ നിൎത്തി: ഞാൻ നിങ്ങ
ളുടെ കയ്യിൽ ഏല്പിക്കുന്ന ആളുകളിൽ
ഒരുത്തൻ ചാടിപ്പോയാൽ അവന്റെ
ജീവന്നു പകരം അവനെ വിട്ടയച്ച
വന്റെ ജീവൻ ആയിരിക്കും എന്നു
25 കല്പിച്ചു. ഹോമയാഗം കഴിച്ചുതീൎന്ന
പ്പോൾ യേഹൂ അകമ്പടികളോടും പട
നായകന്മാരോടും: അകത്തു കടന്നു അവ
രെ കൊല്ലുവിൻ; ഒരുത്തനും പുറത്തു
പോകരുതു എന്നു കല്പിച്ചു. അങ്ങനെ
അവർ വാളിന്റെ വായ്ത്തലയാൽ അവ
രെ കൊന്നു; അകമ്പടികളും പടനാ
യകന്മാരും അവരെ പുറത്തു എറിഞ്ഞു
കളഞ്ഞു; ബാൽക്ഷേത്രത്തിന്റെ നഗ
26 രത്തിൽ ചെന്നു ബാൽക്ഷേത്രത്തിലെ
സ്തംഭവിഗ്രഹങ്ങളെ പുറത്തു കൊണ്ടുവന്നു
27 ചുട്ടുകളഞ്ഞു. അവർ ബാൽസ്തംഭത്തെ
തകൎത്തു ബാൽക്ഷേത്രത്തെ ഇടിച്ചു അതി
നെ മറപ്പുരയാക്കിത്തീൎത്തു; അതു ഇന്നു
28 വരെ അങ്ങനെതന്നേ ഇരിക്കുന്നു. ഇങ്ങ
നെ യേഹൂ ബാലിനെ യിസ്രായേലിൽ
29 നിന്നു നശിപ്പിച്ചുകളഞ്ഞു. എങ്കിലും ബേ
ഥേലിലും ദാനിലും ഉണ്ടായിരുന്ന പൊൻ

കാളക്കുട്ടികളെക്കൊണ്ടു യിസ്രായേലിനെ
പാപം ചെയ്യുമാറാക്കിയ നെബാത്തിന്റെ
മകനായ യൊരോബെയാമിന്റെ പാപ
ങ്ങളെ യേഹൂ വിട്ടുമാറിയില്ല. യഹോവ 30
യേഹൂവിനോടു: എനിക്കു ഇഷ്ടമുള്ളതു നീ
നല്ലവണ്ണം അനുഷ്ഠിച്ചതുകൊണ്ടും എന്റെ
ഹിതപ്രകാരം ഒക്കെയും ആഹാബ് ഗൃഹ
ത്തോടു ചെയ്തുകൊണ്ടും നിന്റെ പുത്ര
ന്മാർ യിസ്രായേലിന്റെ രാജാസനത്തിൽ
നാലാം തലമുറവരെ ഇരിക്കും എന്നു
അരുളിച്ചെയ്തു. എങ്കിലും യേഹൂ യിസ്രാ 31
യേലിന്റെ ദൈവമായ യഹോവയുടെ
ന്യായപ്രമാണപ്രകാരം പൂൎണ്ണമനസ്സോടെ
നടക്കുന്നതിന്നു ജാഗ്രത കാണിച്ചില്ല;
യിസ്രായേലിനെക്കൊണ്ടു പാപം ചെയ്യിച്ച
യൊരോബെയാമിന്റെ പാപങ്ങളെ അ
വൻ വിട്ടുമാറിയതുമില്ല.

ആ കാലത്തു യഹോവ യിസ്രായേലിനെ 32
കുറെച്ചുകളവാൻ തുടങ്ങി; ഹസായേൽ
യിസ്രായേലിന്റെ അതിരുകളിലൊക്കെ
യും അവരെ തോല്പിച്ചു. അവൻ 33
യോൎദ്ദാന്നു കിഴക്കു ഗാദ്യർ, രൂബേന്യർ,
മനശ്ശെയർ എന്നിവരുടെ ദേശമായ
ഗിലെയാദ് മുഴുവനും ജയിച്ചടക്കി;
അൎന്നോൻതോട്ടിന്നരികെയുള്ള അരോ
വേർമുതൽ ഗിലെയാദും ബാശാനും തന്നേ.
യേഹൂവിന്റെ മറ്റുള്ള വൃത്താന്തങ്ങളും 34
അവൻ ചെയ്തതൊക്കെയും അവന്റെ സ
കലപരാക്രമപ്രവൃത്തികളും യിസ്രായേൽ
രാജാക്കന്മാരുടെ വൃത്താന്തപുസ്തകത്തിൽ
എഴുതിയിരിക്കുന്നുവല്ലോ. യേഹൂ തന്റെ 35
പിതാക്കന്മാരെപ്പോലെ നിദ്രപ്രാപിച്ചു;
അവനെ ശമൎയ്യയിൽ അടക്കംചെയ്തു.
അവന്റെ മകനായ യെഹോവാഹാസ്
അവന്നു പകരം രാജാവായി. യേഹൂ 36
ശമൎയ്യയിൽ യിസ്രായേലിനെ വാണ കാലം
ഇരുപത്തെട്ടു സംവത്സരം ആയിരുന്നു.



Digitized by Google
Original from
CORNELL UNIVERSITY

മൂന്നാം ആണ്ടിൽ യേഹൂവിന്റെ മകനായ
യെഹോവാഹാസ് യിസ്രായേലിന്നു രാജാ
വായി ശമൎയ്യയിൽ പതിനേഴു സംവത്സരം
2 വാണു. അവൻ യഹോവെക്കു അനി
ഷ്ടമായുള്ളതു ചെയ്തു; യിസ്രായേലിനെ
കൊണ്ടു പാപം ചെയ്യിച്ച നെബാത്തി
ന്റെ മകനായ യെരോബെയാമിന്റെ
പാപങ്ങളെ വിട്ടുമാറാതെ അവയിൽ
3 തന്നേ നടന്നു. ആകയാൽ യഹോവയുടെ
കോപം യിസ്രായേലിന്റെ നേരെ ജ്വലി
ച്ചു; അവൻ അവരെ അരാംരാജാവായ
ഹസായേലിന്റെ കയ്യിലും ഹസായേലി
ന്റെ മകനായ ബെൻ-ഹദദിന്റെ കയ്യി
4 ലും നിരന്തരം വിട്ടുകൊടുത്തു. എന്നാൽ
യെഹോവാഹാസ് യഹോവയോടു കൃപെ
ക്കായി അപേക്ഷിച്ചു; അരാംരാജാവു
യിസ്രായേലിനെ ഞെരുക്കിയ ഞെരുക്കം
യഹോവ കണ്ടിട്ടു അവന്റെ അപേക്ഷ
5 കേട്ടു. യഹോവ യിസ്രായേലിന്നു ഒരു
രക്ഷകനെ കൊടുത്തതുകൊണ്ടു അവർ
അരാമ്യരുടെ അധികാരത്തിൽനിന്നു ഒഴി
ഞ്ഞുപോയി; യിസ്രായേൽമക്കൾ പണ്ടത്തെ
പ്പോലെ തങ്ങളുടെ കൂടാരങ്ങളിൽ വസി
6 പ്പാൻ സംഗതിവന്നു. എങ്കിലും യിസ്രാ
യേലിനെക്കൊണ്ടു പാപം ചെയ്യിച്ച യെ
രോബെയാംഗൃഹത്തിന്റെ പാപങ്ങളെ
അവർ വിട്ടുമാറാതെ അവയിൽ തന്നേ
നടന്നു; അശേരാപ്രതിഷ്ഠെക്കു ശമൎയ്യയിൽ
7 നീക്കം വന്നില്ല. അവൻ യെഹോവാഹാ
സിന്നു അമ്പതു കുതിരച്ചേവകരെയും പത്തു
രഥങ്ങളെയും പതിനായിരം കാലാളുകളെ
യും അല്ലാതെ മററു യാതൊരു പടജ്ജന
ത്തെയും ശേഷിപ്പിച്ചില്ല; അരാംരാജാവു
അവരെ നശിപ്പിച്ചു മെതിക്കളത്തിലെ
8 പൊടിപോലെ ആക്കിയിരുന്നു. യെഹോ
വാഹാസിന്റെ മററുള്ള വൃത്താന്തങ്ങളും
അവൻ ചെയ്തതൊക്കെയും അവന്റെ
പരാക്രമപ്രവൃത്തിയും യിസ്രായേൽരാജാ
ക്കന്മാരുടെ വൃത്താന്തപുസ്തകത്തിൽ എഴുതി
യിരിക്കുന്നുവല്ലോ. യെഹോവാഹാസ് 9
തന്റെ പിതാക്കന്മാരെപ്പോലെ നിദ്രപ്രാ
പിച്ചു; അവനെ ശമൎയ്യയിൽ അടക്കം
ചെയ്തു; അവന്റെ മകനായ യോവാശ്
അവന്നു പകരം രാജാവായി.

യെഹൂദാരാജാവായ യോവാശിന്റെ 10
മുപ്പത്തേഴാം ആണ്ടിൽ യെഹോവാഹാസി
ന്റെ മകനായ യോവാശ് യിസ്രായേലിന്നു
രാജാവായി ശമൎയ്യയിൽ പതിനൊന്നു സം
വത്സരം വാണു. അവൻ യഹോവെക്കു 11
അനിഷ്ടമായുള്ളതു ചെയ്തു; യിസ്രായേലി
നെക്കൊണ്ടു പാപം ചെയ്യിച്ച നെബാ
ത്തിന്റെ മകനായ യെരോബെയാ
മിന്റെ സകലപാപങ്ങളെയും അവൻ
വിട്ടുമാറാതെ അവയിൽ തന്നേ നടന്നു.
യോവാശിന്റെ മററുള്ള വൃത്താന്തങ്ങളും 12
അവൻ ചെയ്തതൊക്കെയും യെഹൂദാരാ
ജാവായ അമസ്യാവോടു യുദ്ധത്തിൽ
കാണിച്ച പരാക്രമവും യിസ്രായേൽരാജാ
ക്കന്മാരുടെ വൃത്താന്തപുസ്തകത്തിൽ എഴു
തിയിരിക്കുന്നുവല്ലോ. യോവാശ് തന്റെ 13
പിതാക്കന്മാരെപ്പോലെ നിദ്രപ്രാപിച്ചു;
യെരോബെയാം സിംഹാസനം കയറി;
യോവാശിനെ ശമൎയ്യയിൽ യിസ്രായേൽ
രാജാക്കന്മാരോടുകൂടെ അടക്കം ചെയ്തു.

ആ കാലത്തു എലീശാ മരണഹേതുക 14
മായ രോഗംപിടിച്ചു കിടന്നു; അപ്പോൾ
യിസ്രായേൽരാജാവായ യോവാശ് അവ
ന്റെ അടുക്കൽ ചെന്നു അവന്റെ മുഖത്തി
ന്മീതെ കുനിഞ്ഞു കരഞ്ഞു: എന്റെ പിതാ
വേ, എന്റെ പിതാവേ, യിസ്രായേലിന്റെ
തേരും തേരാളികളുമായുള്ളോവേ എന്നു
പറഞ്ഞു. എലീശാ അവനോടു: അമ്പും 15
വില്ലും എടുക്ക എന്നു പറഞ്ഞു; അവൻ
അമ്പും വില്ലും എടുത്തു. അപ്പോൾ അവൻ 16

Digitized by Google Original from CORNELL UNIVERSITY

നിമിത്തവും നിൻെറ പ്രസാദപ്രകാരവും
നീ ഈ മഹിമ ഒക്കെയും പ്രവൎത്തിച്ചു ഈ
വങ്കാൎയ്യം എല്ലാം അറിയിച്ചുതന്നിരിക്കുന്നു.
20 ഞങ്ങൾ സ്വന്തചെവികൊണ്ടു കേട്ടതൊ
ക്കെയും ഓൎത്താൽ, യഹോവേ, നിന്നെപ്പോ
ലെ ഒരുത്തനുമില്ല; നീ അല്ലാതെ ഒരു ദൈ
21 വവുമില്ല. മിസ്രയീമിൽനിന്നു നീ ഉദ്ധരിച്ച
നിൻെറ ജനത്തിൻെറ മുമ്പിൽനിന്നു ജാതി
കളെ നീക്കിക്കളകയിൽ വലിയതും ഭയങ്ക
രവുമായ കാൎയ്യങ്ങളാൽ നിനക്കു ഒരു നാമം
സമ്പാദിക്കേണ്ടതിന്നു, ദൈവമേ, നീ
ചെന്നു നിനക്കു സ്വന്തജനമായി വീണ്ടെ
ടുത്ത നിൻെറ ജനമായ യിസ്രായേലിനെ
പ്പോലെ ഭൂമിയിൽ ഏതൊരു ജാതിയുള്ളു?
22 നിൻെറ ജനമായ യിസ്രായേലിനെ നീ
എന്നേക്കും നിനക്കു സ്വന്തജനമാക്കുകയും
യഹോവേ, നീ അവൎക്കു ദൈവമായ്തീരുക
23 യും ചെയ്തുവല്ലോ. ആകയാൽ യഹോ
വേ, ഇപ്പോൾ നീ അടിയനെയും അടി
യൻെറ ഗൃഹത്തെയും കുറിച്ചു അരുളി
ച്ചെയ്ത വചനം എന്നേക്കും സ്ഥിരമായി
രിക്കട്ടെ; അരുളിച്ചെയ്തതുപോലെ തന്നേ
24 ചെയ്യേണമേ. സൈന്യങ്ങളുടെ യഹോവ
യിസ്രായേലിൻെറ ദൈവമാകുന്നു; യിസ്രാ
യേലിന്നു ദൈവം തന്നേ എന്നിങ്ങനെ
നിൻെറ നാമം എന്നേക്കും സ്ഥിരപ്പെട്ടു
മഹത്വപ്പെടുകയും നിൻെറ ദാസനായ
ദാവീദിൻെറ ഗൃഹം നിൻെറ മുമ്പാകെ
25 നിലനില്ക്കയും ചെയ്യുമാറാകട്ടെ. എൻെറ
ദൈവമേ, അടിയന്നു നീ ഒരു ഗൃഹം
പണിയുമെന്നു വെളിപ്പെടുത്തിതന്നിരി
ക്കുന്നു; അതുകൊണ്ടു അടിയൻ തിരുസ
ന്നിധിയിൽ പ്രാൎത്ഥിപ്പാൻ ധൈൎയ്യം
26 പ്രാപിച്ചു. ആകയാൽ യഹോവേ, നീ
തന്നേ ദൈവം; അടിയന്നു ഈ നന്മയെ
27 നീ വാഗ്ദാനം ചെയ്തുമിരിക്കുന്നു. അതു
കൊണ്ടു അടിയൻെറ ഗൃഹം തിരുമുമ്പാകെ
എന്നേക്കും ഇരിക്കേണ്ടതിന്നു അതിനെ
അനുഗ്രഹിപ്പാൻ നിനക്കു പ്രസാദം തോ
ന്നിയിരിക്കുന്നു; യഹോവേ, നീ അനുഗ്ര
ഹിച്ചിരിക്കുന്നു; അതു എന്നേക്കും അനുഗ്ര
ഹിക്കപ്പെട്ടും ഇരിക്കുമല്ലോ.

## ൧൮. അദ്ധ്യായം.

**അ**തിൻെറശേഷം ദാവീദ് ഫെലിസ്ത്യ
രെ തോല്പിച്ചു അടക്കി, ഗത്തും അതി
നോടു ചേൎന്ന ഗ്രാമങ്ങളും ഫെലിസ്ത്യരുടെ
കയ്യിൽനിന്നു പിടിച്ചു. പിന്നെ അവൻ 2
മോവാബിനെ തോല്പിച്ചു; മോവാബ്യർ
ദാവീദിൻെറ ദാസന്മാരായി കാഴ്ച കൊണ്ടു
വന്നു. സോബാരാജാവായ ഹദദേസെർ 3
ഫ്രാത്ത് നദീതീരത്തിങ്കൽ തൻെറ ആധി
പത്യം ഉറപ്പിപ്പാൻ പോയപ്പോൾ ദാവീദ്
അവനെയും ഹമാത്തിൽവെച്ചു തോല്പി
ച്ചുകളഞ്ഞു. അവൻെറ വക ആയിരം 4
രഥങ്ങളെയും ഏഴായിരം കുതിരപ്പടയാ
ളികളെയും ഇരുപതിനായിരം കാലാളു
കളെയും ദാവീദ് പിടിച്ചു; ദാവീദ് അവ
യിൽ നൂറു രഥക്കുതിരകളെ വെച്ചുകൊണ്ടു
ശേഷം രഥക്കുതിരകളെ ഒക്കെയും കുതി
ഞരമ്പു വെട്ടിക്കളഞ്ഞു. സോബാരാജാ 5
വായ ഹദദേസെരിനെ സഹായിപ്പാൻ
ദമ്മേശെക്കിലെ അരാമ്യർ വന്നപ്പോൾ
ദാവീദ് അരാമ്യരിൽ ഇരുപത്തീരായിരം
പേരെ നിഗ്രഹിച്ചു. പിന്നെ ദാവീദ് 6
ദമ്മേശെക്കിനോടു ചേൎന്ന അരാമിൽ കാവ
ല്പട്ടാളങ്ങളെ പാൎപ്പിച്ചു; അരാമ്യരും ദാവീ
ദിന്നു ദാസന്മാരായി കാഴ്ച കൊണ്ടുവന്നു;
ഇങ്ങനെ ദാവീദ് ചെന്നേടത്തൊക്കെയും
യഹോവ അവന്നു ജയം നല്കി. ഹദ 7
ദേസെരിൻെറ ദാസന്മാൎക്കുണ്ടായിരുന്ന
പൊൻപരിചകളെ ദാവീദ് എടുത്തു യെ
രൂശലേമിലേക്കു കൊണ്ടുവന്നു. ഹദദേ 8
സെരിൻെറ പട്ടണങ്ങളായ തിബ്ഹത്തിൽ

Digitized by Google
Original from CORNELL UNIVERSITY

നിന്നും കൂനിൽനിന്നും അനവധി താമ്ര
വും കൊണ്ടുവന്നു; അതുകൊണ്ടു ശലോ
മോൻ താമ്രക്കടലും സ്തംഭങ്ങളും താമ്രപാ
9 ത്രങ്ങളും ഉണ്ടാക്കി. എന്നാൽ ദാവീദ്
സോബാരാജാവായ ഹദദേസെരിന്റെ
സൈന്യത്തെയെല്ലാം തോല്പിച്ചുകളഞ്ഞു
എന്നു ഹമാത്ത്‌രാജാവായ തോവു കേട്ട
10 പ്പോൾ അവൻ ദാവീദ്‌രാജാവിനോടു
കുശലം ചോദിപ്പാനും അവൻ ഹദദേസെ
രിനോടു യുദ്ധം ചെയ്തു അവനെ തോല്പി
ച്ചതുകൊണ്ടു അവനെ അഭിനന്ദിപ്പാനും
തന്റെ മകനായ ഹദോരാമിനെ അയച്ചു;
ഹദദേസെരും തോവുവും തമ്മിൽ കൂടക്കൂ
ടെ യുദ്ധം ഉണ്ടായിരുന്നു; അവൻ പൊ
ന്നു, വെള്ളി, താമ്രം ഇവകൊണ്ടുള്ള സക
ലവിധസാധനങ്ങളെയും കൊണ്ടുവന്നു.
11 ദാവീദ്‌രാജാവ് അവയെ താൻ എദോം,
മോവാബ്, അമ്മോന്യർ, ഫെലിസ്ത്യർ,
അമാലേക് മുതലായ സകലജാതികളുടെ
പക്കൽനിന്നും പിടിച്ചെടുത്ത വെള്ളി
യോടും പൊന്നിനോടുംകൂടെ യഹോവെക്കു
12 വിശുദ്ധീകരിച്ചു. സെരൂയയുടെ മകനായ
അബീശായി ഉപ്പുതാഴ്വരയിൽവെച്ചു എദോ
മ്യരിൽ പതിനെണ്ണായിരംപേരെ സംഹ
13 രിച്ചു. ദാവീദ് എദോമിൽ കാവല്പട്ടാ
ളങ്ങളെ ആക്കി; എദോമ്യർ എല്ലാവരും
അവന്നു ദാസന്മാർ ആയ്തീർന്നു. അങ്ങനെ
ദാവീദ് ചെന്നേടത്തൊക്കെയും യഹോവ
അവന്നു ജയം നല്കി.
14 ഇങ്ങനെ ദാവീദ് എല്ലായിസ്രായേലി
ന്നും രാജാവായി വാണു; തന്റെ സകല
ജനത്തിന്നും നീതിയും ന്യായവും നട
15 ത്തിവന്നു. സെരൂയയുടെ മകനായ
യോവാബ് സേനാധിപതി ആയിരുന്നു;
അഹീലൂദിന്റെ മകനായ യെഹോശാ
16 ഫാത്ത് മന്ത്രിയും അഹീത്തൂബിന്റെ
മകനായ സാദോക്കും അബ്യാഥാരിന്റെ
മകനായ അബീമേലെക്കും പുരോഹിതന്മാ
രും ശവ്ശാ രായസക്കാരനും യെഹോയാ 17
ദയുടെ മകനായ ബെനായാവു ക്രേത്യർക്കും
പ്ലേത്യർക്കും അധിപതിയും ആയിരുന്നു;
ദാവീദിന്റെ പുത്രന്മാർ രാജാവിന്റെ
അടുക്കൽ പ്രധാനപരിചാരകന്മാരായി
രുന്നു.

## ൧൯. അദ്ധ്യായം.

അതിന്റെശേഷം അമ്മോന്യരുടെ രാജാ
വായ നാഹാശ് മരിച്ചു; അവന്റെ മകൻ
അവന്നു പകരം രാജാവായി. അപ്പോൾ 2
ദാവീദ്: നാഹാശ് എനിക്കു ദയ കാണി
ച്ചതുകൊണ്ടു അവന്റെ മകനായ ഹാനൂ
ന്നു ഞാനും ദയ കാണിക്കും എന്നു പറഞ്ഞു.
അങ്ങനെ അവന്റെ അപ്പനെക്കുറിച്ചു
അവനോടു ആശ്വാസവാക്കു പറവാൻ
ദാവീദ് ദൂതന്മാരെ അയച്ചു. ദാവീദി
ന്റെ ദൂതന്മാർ അമ്മോന്യരുടെ ദേശത്തു
ഹാനൂന്റെ അടുക്കൽ അവനെ ആശ്വ
സിപ്പിപ്പാൻ വന്നപ്പോൾ അമ്മോന്യ 3
പ്രഭുക്കന്മാർ ഹാനൂനോടു: ദാവീദ്
നിന്റെ അപ്പനെ ബഹുമാനിച്ചിട്ടാ
കുന്നു നിന്റെ അടുക്കൽ ആശ്വസിപ്പി
ക്കുന്നവരെ അയച്ചിരിക്കുന്നതു എന്നു
നിനക്കു തോന്നുന്നുവോ? ദേശത്തെ പരി
ശോധിപ്പാനും മുടിപ്പാനും ഒറ്റുനോക്കു
വാനും അല്ലയോ അവന്റെ ഭൃത്യന്മാർ
നിന്റെ അടുക്കൽ വന്നിരിക്കുന്നതു എന്നു
പറഞ്ഞു. അപ്പോൾ ഹാനൂൻ ദാവീദി 4
ന്റെ ഭൃത്യന്മാരെ പിടിച്ചു ക്ഷൌരം ചെ
യ്യിച്ചു അവരുടെ അങ്കികളെ നടുവിൽ
ആസനംവരെ മുറിച്ചുകളഞ്ഞു വിട്ടയച്ചു.
ചിലർ ചെന്നു ആ പുരുഷന്മാരുടെ വസ്തുത 5
ദാവീദിനെ അറിയിച്ചു; അവർ ഏററവും
ലജ്ജിച്ചിരിക്കയാൽ അവൻ അവരെ എതി
രേല്പാൻ ആളയച്ചു: നിങ്ങളുടെ താടി വള

Digitized by Google
Original from CORNELL UNIVERSITY

6 രെയും കൊട്ടുത്തിരുന്നു. ഇവർ എല്ലാ
വരും ദൈവാലയത്തിലെ ശുശ്രൂഷെക്കു
കൈത്താളങ്ങളാലും വീണകളാലും കിന്ന
രങ്ങളാലും യഹോവയുടെ ആലയത്തിൽ
സംഗീതത്തിന്നായി താന്താങ്ങളുടെ അ
പ്പൻറ കീഴിലും ആസാഫും യെദു
ഥൂനും ഹേമാനും നേരെ രാജാവിൻറ
7 കല്പനെക്കു കീഴിലും ആയിരുന്നു. യഹോ
വെക്കു സംഗീതം ചെയ്വാൻ അഭ്യാസം
പ്രാപിച്ച നിപുണന്മാരായവരുടെ സകല
സഹോദരന്മാരുമായി അവരുടെ സംഖ്യ
8 ഇരുനൂറെറണ്പത്തെട്ടു. താന്താങ്ങളുടെ
ഉദ്യോഗക്രമം നിശ്ചയിക്കേണ്ടതിന്നു അ
വർ ചെറിയവനും വലിയവനും ഗുരുവും
9 ശിഷ്യനും ഒരുപോലെ ചീട്ടിട്ടു. ഒന്നാമ
ത്തെ ചീട്ടു ആസാഫിന്നു വേണ്ടി യോസേ
ഫിന്നു വന്നു; രണ്ടാമത്തേതു ഗെദ
ല്യാവിന്നു വന്നു; അവനും സഹോദര
ന്മാരും അവൻറ പുത്രന്മാരും കൂടി പന്ത്ര
10 ണ്ടുപേർ. മൂന്നാമത്തേതു സക്കൂരിന്നു
വന്നു; അവനും പുത്രന്മാരും സഹോദരന്മാ
11 രും കൂടി പന്ത്രണ്ടുപേർ. നാലാമത്തേതു
യിസ്രിക്കു വന്നു; അവനും പുത്രന്മാരും
സഹോദരന്മാരും കൂടി പന്ത്രണ്ടുപേർ.
12 അഞ്ചാമത്തേതു നെഥന്യാവിന്നു വന്നു;
അവനും പുത്രന്മാരും സഹോദരന്മാരും
13 കൂടി പന്ത്രണ്ടുപേർ. ആറാമത്തേതു
ബുക്കീയാവിന്നു വന്നു; അവനും പുത്ര
ന്മാരും സഹോദരന്മാരും കൂടി പന്ത്രണ്ടു
14 പേർ. ഏഴാമത്തേതു യെശരേലെക്കു
വന്നു; അവനും പുത്രന്മാരും സഹോദര
15 ന്മാരും കൂടി പന്ത്രണ്ടുപേർ. എട്ടാമത്തേതു
യെശയ്യാവിന്നു വന്നു; അവനും പുത്ര
ന്മാരും സഹോദരന്മാരും കൂടി പന്ത്രണ്ടു
16 പേർ. ഒമ്പതാമത്തേതു മത്ഥന്യാവിന്നു
വന്നു; അവനും പുത്രന്മാരും സഹോദര
17 ന്മാരും കൂടി പന്ത്രണ്ടുപേർ. പത്താമ
ത്തേതു ശിമെയിക്കു വന്നു; അവനും പുത്ര
ന്മാരും സഹോദരന്മാരും കൂടി പന്ത്രണ്ടു
പേർ. പതിനൊന്നാമത്തേതു അസരേ 18
ലിന്നു വന്നു; അവനും പുത്രന്മാരും സഹോ
ദരന്മാരും കൂടി പന്ത്രണ്ടുപേർ. പന്ത്രണ്ടാ 19
മത്തേതു ഹശബ്യാവിന്നു വന്നു; അവനും
പുത്രന്മാരും സഹോദരന്മാരും കൂടി പന്ത്ര
ണ്ടുപേർ. പതിമ്മൂന്നാമത്തേതു ശൂബാ 20
യേലിന്നു വന്നു; അവനും പുത്രന്മാരും
സഹോദരന്മാരും കൂടി പന്ത്രണ്ടുപേർ.
പതിന്നാലാമത്തേതു മത്ഥിഥ്യാവിന്നു 21
വന്നു; അവനും പുത്രന്മാരും സഹോദര
ന്മാരും കൂടി പന്ത്രണ്ടുപേർ. പതിനഞ്ചാ 22
മത്തേതു യെരീമോത്തിന്നു വന്നു; അവനും
പുത്രന്മാരും സഹോദരന്മാരും കൂടി പന്ത്ര
ണ്ടുപേർ. പതിനാറാമത്തേതു ഹനന്യാ 23
വിന്നു വന്നു; അവനും പുത്രന്മാരും സഹോ
ദരന്മാരും കൂടി പന്ത്രണ്ടുപേർ. പതിനേ 24
ഴാമത്തേതു യൊശ്ബെക്കാശെക്കു വന്നു;
അവനും പുത്രന്മാരും സഹോദരന്മാരും
കൂടി പന്ത്രണ്ടുപേർ. പതിനെട്ടാമത്തേതു 25
ഹനാനിക്കു വന്നു; അവനും പുത്രന്മാരും
സഹോദരന്മാരും കൂടി പന്ത്രണ്ടുപേർ.
പത്തൊമ്പതാമത്തേതു മല്ലോഥിക്കു വന്നു; 26
അവനും പുത്രന്മാരും സഹോദരന്മാരും
കൂടി പന്ത്രണ്ടുപേർ. ഇരുപതാമത്തേതു 27
എലീയാഥെക്കു വന്നു; അവനും പുത്ര
ന്മാരും സഹോദരന്മാരും കൂടി പന്ത്രണ്ടു
പേർ. ഇരുപത്തൊന്നാമത്തേതു ഹോഥീ 28
രിന്നു വന്നു; അവനും പുത്രന്മാരും സഹോ
ദരന്മാരും കൂടി പന്ത്രണ്ടുപേർ. ഇരുപ 29
ത്തിരണ്ടാമത്തേതു ഗിദ്ദൽതിക്കു വന്നു;
അവനും പുത്രന്മാരും സഹോദരന്മാരും
കൂടി പന്ത്രണ്ടുപേർ. ഇരുപത്തിമൂന്നാമ 30
ത്തേതു മഹസീയോത്തിന്നു വന്നു; അവ
നും പുത്രന്മാരും സഹോദരന്മാരും കൂടി
പന്ത്രണ്ടുപേർ. ഇരുപത്തിനാലാമത്തേതു 31

Digitized by Google
Original from CORNELL UNIVERSITY

രോമംതി-ഏസെരിന്നു വന്നു; അവനും
പുത്രന്മാരും സഹോദരന്മാരും കൂടി പന്ത്ര
ണ്ടുപേർ.

## ൨൬. അദ്ധ്യായം.

വാതിൽകാവല്ക്കാരുടെ കൂറുകളോ: കോര
ഹ്യർ: ആസാഫിന്റെ പുത്രന്മാരിൽ
കോരേയുടെ മകനായ മെശേലെമ്യാവു.
2 മെശേലെമ്യാവിന്റെ പുത്രന്മാർ: സെഖ
ൎയ്യാവു ആദ്യജാതൻ; യെദീയയേൽ രണ്ടാ
മൻ; സെബദ്യാവു മൂന്നാമൻ, യത്നീ
3 യേൽ നാലാമൻ; ഏലാം അഞ്ചാമൻ;
യെഹോഹാനാൻ ആറാമൻ; എല്യെഹോ
4 വേനായി ഏഴാമൻ. ഓബേദ്-എദോ
മിന്റെ പുത്രന്മാർ: ശെമയ്യാവു ആദ്യജാ
തൻ; യെഹോസാബാദ് രണ്ടാമൻ; യോ
വാഹ് മൂന്നാമൻ; സാഖാർ നാലാമൻ;
5 നെഥനയേൽ അഞ്ചാമൻ; അമ്മീയേൽ
ആറാമൻ; യിസ്സാഖാർ ഏഴാമൻ; പെയു
ലെഥായി എട്ടാമൻ. ദൈവം അവനെ
6 അനുഗ്രഹിച്ചിരുന്നു. അവന്റെ മക
നായ ശെമയ്യാവിന്നും പുത്രന്മാർ ജനിച്ചി
രുന്നു; അവർ പരാക്രമശാലികളായിരുന്ന
തുകൊണ്ടു തങ്ങളുടെ പിതൃഭവനത്തിന്നു
7 പ്രമാണികൾ ആയിരുന്നു. ശെമയ്യാ
വിന്റെ പുത്രന്മാർ: ഒത്നി, രെഫായേൽ,
ഓബേദ്, എൽസാബാദ്;— അവന്റെ
സഹോദരന്മാർ പ്രാപ്തന്മാർ ആയിരുന്നു—
8 എലീഹൂ, സെമഖ്യാവു. ഇവർ എല്ലാവരും
ഓബേദ്-എദോമിന്റെ പുത്രന്മാരുടെ കൂട്ട
ത്തിലുള്ളവർ; അവരും പുത്രന്മാരും സഹോ
ദരന്മാരും ശുശ്രൂഷെക്കു അതിപ്രാപ്തന്മാരാ
യിരുന്നു. ഇങ്ങനെ ഓബേദ്-എദോമി
9 നുള്ളവർ അറുപത്തിരണ്ടുപേർ. മെശേ
ലെമ്യാവിന്നു പ്രാപ്തന്മാരായ പുത്രന്മാരും
10 സഹോദരന്മാരും പതിനെട്ടുപേർ. മെരാ
രിപുത്രന്മാരിൽ ഹോസെക്കു പുത്രന്മാർ
ഉണ്ടായിരുന്നു; ശിമ്രി തലവൻ; ഇവൻ
ആദ്യജാതനല്ലെങ്കിലും അവന്റെ അപ്പൻ
അവനെ തലവനാക്കി; ഹില്ക്കീയാവു 11
രണ്ടാമൻ, തെബല്യാവു മൂന്നാമൻ, സെഖ
ൎയ്യാവു നാലാമൻ; ഹോസയുടെ പുത്രന്മാരും
സഹോദരന്മാരും എല്ലാം കൂടി പതി
മൂന്നുപേർ. വാതിൽകാവല്ക്കാരുടെ ഈ 12
കൂറുകൾക്കു, അവരുടെ തലവന്മാൎക്കു
തന്നേ, യഹോവയുടെ ആലയത്തിൽ
ശുശ്രൂഷചെയ്വാൻ തങ്ങളുടെ സഹോ
ദരന്മാൎക്കു എന്നപോലെ ഉദ്യോഗങ്ങൾ
ഉണ്ടായിരുന്നു. അവർ ചെറിയവനും 13
വലിയവനും ഒരുപോലെ പിതൃഭവനം
പിതൃഭവനമായി അതതു വാതിലിന്നു
ചീട്ടിട്ടു. കിഴക്കെ വാതിലിന്റെ ചീട്ടു 14
ശേലെമ്യാവിന്നു വന്നു; പിന്നെ അവർ
അവന്റെ മകനായി വിവേകമുള്ള
ആലോചനക്കാരനായ സെഖൎയ്യാവിന്നു
വേണ്ടി ചീട്ടിട്ടു; അവന്റെ ചീട്ടു
വടക്കെ വാതിലിന്നു വന്നു. തെക്കെ 15
വാതിലിന്റേതു ഓബേദ്-എദോമിന്നും
പാണ്ടിശാലയുടേതു അവന്റെ പുത്ര
ന്മാൎക്കും കയററമുള്ള പെരുവഴിക്കൽ 16
ശല്ലേഖെത്ത് പടിവാതിലിന്നരികെ പടി
ഞ്ഞാറെ വാതിലിന്റേതു ശുപ്പീമിന്നും ഹോ
സെക്കും വന്നു. ഇങ്ങനെ കാവലിന്ന
രികെ കാവലുണ്ടായിരുന്നു. കിഴക്കെ 17
വാതില്ക്കൽ ആറു ലേവ്യരും വടക്കെ
വാതില്ക്കൽ നാളൊന്നിന്നു നാലുപേരും
തെക്കെ വാതില്ക്കൽ നാളൊന്നിന്നു നാലു
പേരും പാണ്ടിശാലെക്കൽ ഈരണ്ടു
പേരും ഉണ്ടായിരുന്നു. പർബാരിന്നു പടി 18
ഞ്ഞാറു പെരുവഴിയിൽ നാലുപേരും
പർബാരിൽ തന്നേ രണ്ടുപേരും ഉണ്ടായി
രുന്നു. കോരഹ്യരിലും മെരാൎയ്യരിലും 19
ഉള്ള വാതിൽകാവല്ക്കാരുടെ കൂറുകൾ ഇവ
തന്നേ.



Digitized by Google
Original from
CORNELL UNIVERSITY

അവന്റെ കൂറിൽ ഇരുപത്തിനാലായിരം
3 പേർ. അവൻ പേരെസ്സിന്റെ പുത്ര
ന്മാരിൽ ഉള്ളവനും ഒന്നാം മാസത്തെ സക
ലസേനാപതികൾക്കും തലവനും ആയി
4 രുന്നു. രണ്ടാം മാസത്തേക്കുള്ള കൂറിന്നു
അഹോഹ്യനായ ദോദായി മേൽവിചാര
കനും അവന്റെ കൂറിൽ മിക്ലോത്ത് പ്രമാ
ണിയും ആയിരുന്നു. അവന്റെ കൂറിലും
5 ഇരുപത്തിനാലായിരംപേർ. മൂന്നാം
മാസത്തേക്കുള്ള മൂന്നാമത്തെ സേനാപതി
മഹാപുരോഹിതനായ യെഹോയാദയുടെ
മകൻ ബെനായാവു; അവന്റെ കൂറിലും
6 ഇരുപത്തിനാലായിരംപേർ. മുപ്പതു
പേരിൽ വീരനും മുപ്പതുപേൎക്കു തലവ
നുമായ ബെനായാവു ഇവൻ തന്നേ;
അവന്റെ കൂറിന്നു അവന്റെ മകനായ
അമ്മീസാബാദ് പ്രമാണിയായിരുന്നു.
7 നാലാം മാസത്തേക്കുള്ള നാലാമത്തവൻ
യോവാബിന്റെ സഹോദരനായ അസാ
ഹേലും അവന്റെശേഷം അവന്റെ മക
നായ സെബദ്യാവും ആയിരുന്നു; അവ
ന്റെ കൂറിലും ഇരുപത്തിനാലായിരം
8 പേർ. അഞ്ചാം മാസത്തേക്കുള്ള അഞ്ചാ
മത്തവൻ യിസ്രാഹ്യനായ ശംഹൂത്ത്;
അവന്റെ കൂറിലും ഇരുപത്തിനാലായിരം
9 പേർ. ആറാം മാസത്തേക്കുള്ള ആറാമ
ത്തവൻ തെക്കോവ്യനായ ഇക്കേശിന്റെ
മകൻ ഈരാ; അവന്റെ കൂറിലും ഇരുപ
10 ത്തിനാലായിരംപേർ. ഏഴാം മാസത്തേ
ക്കുള്ള ഏഴാമത്തവൻ എഫ്രയീമ്യരിൽ പെ
ലോന്യനായ ഹേലെസ്; അവന്റെ കൂറി
11 ലും ഇരുപത്തിനാലായിരംപേർ. എട്ടാം
മാസത്തേക്കുള്ള എട്ടാമത്തവൻ സൎഹ്യ
രിൽ ഹൂശാത്യനായ സിബ്ബെഖായി; അവ
ന്റെ കൂറിലും ഇരുപത്തിനാലായിരം
12 പേർ. ഒമ്പതാം മാസത്തേക്കുള്ള ഒമ്പ
താമത്തവൻ ബെന്യാമീന്യരിൽ അനാ
ഥോത്യനായ അബീയേസെർ; അവന്റെ
കൂറിലും ഇരുപത്തിനാലായിരംപേർ.
പത്താം മാസത്തേക്കുള്ള പത്താമത്തവൻ 13
സൎഹ്യരിൽ നെതോഫാത്യനായ മഹരായി;
അവന്റെ കൂറിലും ഇരുപത്തിനാലായിരം
പേർ. പതിനൊന്നാം മാസത്തേക്കുള്ള 14
പതിനൊന്നാമത്തവൻ എഫ്രയീമിന്റെ
പുത്രന്മാരിൽ പിരാഥോന്യനായ ബെനാ
യാവു; അവന്റെ കൂറിലും ഇരുപത്തിനാ
ലായിരംപേർ. പന്ത്രണ്ടാം മാസത്തേ 15
ക്കുള്ള പന്ത്രണ്ടാമത്തവൻ ഒത്നീയേലിൽ
നിന്നുത്ഭവിച്ച നെതോഫാത്യനായ ഹെൽ
ദായി; അവന്റെ കൂറിലും ഇരുപത്തിനാ
ലായിരംപേർ.

യിസ്രായേൽഗോത്രങ്ങളുടെ തലവ 16
ന്മാർ: രൂബേന്യൎക്കു പ്രഭു സിക്രിയുടെ
മകൻ എലീയേസെർ; ശിമെയോന്യൎക്കു
മയഖയുടെ മകൻ ശെഫത്യാവു, ലേവ്യൎക്കു 17
കെമൂവേലിന്റെ മകൻ ഹശബ്യാവു;
അഹരോന്യൎക്കു സാദോക്; യെഹൂദെക്കു 18
ദാവീദിന്റെ സഹോദരന്മാരിൽ ഒരുത്ത
നായ എലീഹൂ; യിസ്സാഖാരിന്നു മീഖായേ
ലിന്റെ മകൻ ഒമ്രി; സെബൂലൂന്നു 19
ഓബദ്യാവിന്റെ മകൻ യിശ്മയ്യാവു;
നഫ്താലിക്കു അസ്രീയേലിന്റെ മകൻ
യെരീമോത്ത്; എഫ്രയീമ്യൎക്കു അസസ്യാ 20
വിന്റെ മകൻ ഹോശേയ; മനശ്ശെ
യുടെ പാതിഗോത്രത്തിന്നു പെദായാവി
ന്റെ മകൻ യോവേൽ. ഗിലെയാ 21
ദിലെ മനശ്ശെയുടെ പാതിഗോത്രത്തിന്നു
സെഖൎയ്യാവിന്റെ മകൻ യിദ്ദോ; ബെന്യാ
മീന്നു അബ്നേരിന്റെ മകൻ യാസീ
യേൽ; ദാന്നു യെരോഹാമിന്റെ മകൻ 22
അസരെയേൽ. ഇവർ യിസ്രായേൽഗോ
ത്രങ്ങൾക്കു പ്രഭുക്കന്മാർ ആയിരുന്നു.
എന്നാൽ യഹോവ യിസ്രായേലിനെ 23
ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ



Digitized by Google
Original from
CORNELL UNIVERSITY

7 അവർ മണ്ഡപത്തിന്റെ വാതിലുകൾ
അടെച്ചു, വിളക്കു കെടുത്തി, വിശുദ്ധ
മന്ദിരത്തിൽ യിസ്രായേലിന്റെ ദൈവ
ത്തിന്നു ധൂപം കാണിക്കാതെയും ഹോമ
8 യാഗം കഴിക്കാതെയും ഇരുന്നു. അതു
കൊണ്ടു യഹോവയുടെ കോപം യെഹൂ
ദയുടെയും യെരൂശലേമിന്റെയും മേൽ
വന്നു; നിങ്ങൾ സ്വന്തകണ്ണാൽ കാണു
ന്നതുപോലെ അവൻ അവരെ നടുക്ക
ത്തിന്നും അമ്പരപ്പിന്നും ഹാസ്യത്തിന്നും
9 വിഷയമാക്കിത്തീൎത്തിരിക്കുന്നു. നമ്മുടെ
പിതാക്കന്മാർ വാളിനാൽ വീഴുകയും നമ്മു
ടെ പുത്രന്മാരും പുത്രിമാരും നമ്മുടെ ഭാൎയ്യ
മാരും ഇതുനിമിത്തം പ്രവാസത്തിൽ
10 ആകയും ചെയ്തിരിക്കുന്നു. ഇപ്പോൾ
യിസ്രായേലിന്റെ ദൈവമായ യഹോവ
യുടെ ഉഗ്രകോപം നമ്മെ വിട്ടുമാറേണ്ട
തിന്നു അവനോടു ഒരു നിയമം ചെയ്വാൻ
11 എനിക്കു താല്പൎയ്യം ഉണ്ടു. എന്റെ മക്കളേ,
ഇപ്പോൾ ഉപേക്ഷ കാണിക്കരുതു; തന്നെ
ശുശ്രൂഷിക്കേണ്ടതിന്നു തന്റെ സന്നിധി
യിൽ നില്പാനും തനിക്കു ശുശ്രൂഷക്കാരായി
ധൂപം കാട്ടുവാനും യഹോവ നിങ്ങളെ
തിരഞ്ഞെടുത്തിരിക്കുന്നുവല്ലോ.

12 അപ്പോൾ കെഹാത്യരിൽ അമാസായി
യുടെ മകൻ മഹത്ത്, അസൎയ്യാവിന്റെ
മകൻ യോവേൽ, മെരാൎയ്യരിൽ അബ്ദി
യുടെ മകൻ കീശ്, യെഹല്ലെലേലിന്റെ
മകൻ അസൎയ്യാവു; ഗേൎശോന്യരിൽ സിമ്മ
യുടെ മകൻ യോവാഹ്, യോവാഹിന്റെ
13 മകൻ ഏദെൻ; എലീസാഫാന്യരിൽ
സിമ്രി, യെയൂവേൽ; ആസാഫ്യരിൽ സെ
14 ഖൎയ്യാവു, മത്ഥന്യാവു; ഹേമാന്യരിൽ യെ
ഹൂവേൽ, ശിമെയി; യെദൂഥൂന്യരിൽ ശിമ
യ്യാവു, ഉസ്സീയേൽ എന്നീ ലേവ്യർ എഴുന്നേ
15 റ്റു. തങ്ങളുടെ സഹോദരന്മാരെ ഒന്നിച്ചു
കൂട്ടി തങ്ങളെത്തന്നേ വിശുദ്ധീകരിച്ചു
യഹോവയുടെ വചനപ്രകാരം രാജാവി
ന്റെ കല്പന അനുസരിച്ചു യഹോവയുടെ
ആലയത്തെ വെടിപ്പാക്കുവാൻ വന്നു.
പുരോഹിതന്മാർ യഹോവയുടെ ആലയ 16
ത്തിന്റെ അകം വെടിപ്പാക്കുവാൻ അതിൽ
കടന്നു യഹോവയുടെ ആലയത്തിൽ കണ്ട
മലിനതയൊക്കെയും പുറത്തു യഹോവ
യുടെ ആലയത്തിന്റെ പ്രാകാരത്തിൽ
കൊണ്ടുവന്നു; ലേവ്യർ അതു കൊണ്ടു
പോയി കിദ്രോൻതോട്ടിൽ ഇട്ടുകളഞ്ഞു.
ഒന്നാം മാസം ഒന്നാം തിയ്യതി അവർ 17
വിശുദ്ധീകരിപ്പാൻ തുടങ്ങി; എട്ടാം തി
യ്യതി അവർ യഹോവയുടെ മണ്ഡപ
ത്തിങ്കൽ എത്തി; ഇങ്ങനെ അവർ എട്ടു
ദിവസംകൊണ്ടു യഹോവയുടെ ആലയം
വിശുദ്ധീകരിച്ചു; ഒന്നാം മാസം പതി
നാറാം തിയ്യതി തീൎത്തു, യെഹിസ്കീയാ 18
രാജാവിന്റെ അടുക്കൽ അകത്തു ചെന്നു:
ഞങ്ങൾ യഹോവയുടെ ആലയം മുഴുവ
നും ഹോമപീഠവും അതിന്റെ ഉപകര
ണങ്ങൾ ഒക്കെയും കാഴ്ചയപ്പത്തിന്റെ
മേശയും അതിന്റെ ഉപകരണങ്ങൾ
ഒക്കെയും വെടിപ്പാക്കി, ആഹാസ് രാ 19
ജാവു തന്റെ വാഴ്ചകാലത്തു തന്റെ ദ്രോഹ
ത്താൽ നീക്കിക്കളഞ്ഞ ഉപകരണങ്ങൾ
ഒക്കെയും നന്നാക്കി വിശുദ്ധീകരിച്ചിരി
ക്കുന്നു; അവ യഹോവയുടെ യാഗപീഠ
ത്തിൻമുമ്പിൽ ഉണ്ടു എന്നു പറഞ്ഞു.

യെഹിസ്കീയാരാജാവു കാലത്തെ എഴു 20
ന്നേറ്റു നഗരാധിപതികളെ കൂട്ടി യഹോ
വയുടെ ആലയത്തിലേക്കു ചെന്നു. അവർ 21
രാജത്വത്തിന്നും വിശുദ്ധമന്ദിരത്തിന്നും
യെഹൂദെക്കും വേണ്ടി ഏഴു കാളയെയും
ഏഴു ആട്ടുകൊറ്റനെയും ഏഴു കുഞ്ഞാ
ടിനെയും പാപയാഗത്തിന്നായിട്ടു ഏഴു
വെള്ളാട്ടുകൊറ്റനെയും കൊണ്ടുവന്നു;
അവയെ യഹോവയുടെ യാഗപീഠത്തി



Digitized by Google
Original from
CORNELL UNIVERSITY

വിചാരകന്മാരായിരുന്നു; ലേവ്യരിൽ ചി
ലർ എഴുത്തുകാരും ഉദ്യോഗസ്ഥന്മാരും വാ
14 തിൽകാവല്ക്കാരും ആയിരുന്നു. അവർ
യഹോവയുടെ ആലയത്തിൽ പിരിഞ്ഞു
കിട്ടിയ ദ്രവ്യം പുറത്തു എടുത്തപ്പോൾ
ഹില്ക്കീയാപുരോഹിതൻ യഹോവ മോശെ
മുഖാന്തരം കൊടുത്ത ന്യായപ്രമാണപുസ്ത
15 കം കണ്ടെത്തി. ഹില്ക്കീയാവു രായസക്കാര
നായ ശാഫാനോടു: ഞാൻ യഹോവയുടെ
ആലയത്തിൽ ന്യായപ്രമാണപുസ്തകം
കണ്ടെത്തിയിരിക്കുന്നു എന്നു പറഞ്ഞു.
ഹില്ക്കീയാവു പുസ്തകം ശാഫാന്റെ കയ്യിൽ
16 കൊടുത്തു. ശാഫാൻ പുസ്തകം രാജാ
വിന്റെ അടുക്കൽ കൊണ്ടുചെന്നു രാജസ
ന്നിധിയിൽ ബോധിപ്പിച്ചതു: അടിയ
ങ്ങൾക്കു കല്പന തന്നതുപോലെ ഒക്കെയും
17 ചെയ്തിരിക്കുന്നു. യഹോവയുടെ ആല
യത്തിൽ കണ്ട ദ്രവ്യം പുറത്തു എടുത്തു
വിചാരകന്മാരുടെ കയ്യിലും വേലക്കാരുടെ
18 കയ്യിലും കൊടുത്തിരിക്കുന്നു. രായസക്കാ
രനായ ശാഫാൻ രാജാവിനോടു: ഹില്ക്കീ
യാപുരോഹിതൻ ഒരു പുസ്തകം എന്റെ
കയ്യിൽ തന്നിരിക്കുന്നു എന്നും ബോധി
പ്പിച്ചു; ശാഫാൻ അതിനെ രാജസന്നിധി
19 യിൽ വായിച്ചുകേൾപ്പിച്ചു. ന്യായപ്രമാ
ണത്തിലെ വാക്യങ്ങളെ കേട്ടിട്ടു രാജാവു
20 വസ്ത്രം കീറി. രാജാവു ഹില്ക്കീയാവോടും
ശാഫാന്റെ മകൻ അഹീക്കാമിനോടും
മീഖയുടെ മകൻ അബ്ദോനോടും രായസ
ക്കാരനായ ശാഫാനോടും രാജഭൃത്യനായ
അസായാവോടും കല്പിച്ചതു എന്തെന്നാൽ:
21 നിങ്ങൾ ചെന്നു, കണ്ടുകിട്ടിയിരിക്കുന്ന
ഈ പുസ്തകത്തിലെ വാക്യങ്ങളെക്കുറിച്ചു
എനിക്കും യിസ്രായേലിലും യെഹൂദയിലും
ശേഷിച്ചിരിക്കുന്നവൎക്കും വേണ്ടി യഹോവ
യോടു അരുളപ്പാടു ചോദിപ്പിൻ; ഈ
പുസ്തകത്തിൽ എഴുതിയിരിക്കുന്നതൊക്കെ
യും അനുസരിച്ചു നടക്കത്തക്കവണ്ണം നമ്മു
ടെ പിതാക്കന്മാർ യഹോവയുടെ വച
നത്തെ പ്രമാണിക്കാതെയിരുന്നതുകൊണ്ടു
നമ്മുടെമേൽ ചൊരിഞ്ഞിരിക്കുന്ന യഹോ
വയുടെ കോപം വലിയതല്ലോ. അങ്ങനെ 22
ഹില്ക്കീയാവും രാജാവു നിയോഗിച്ചവരും
ഹസ്രയുടെ മകനായ തൊക്ഹത്തിന്റെ
മകനായി രാജവസ്ത്രവിചാരകനായ ശല്ലൂ
മിന്റെ ഭാൎയ്യ ഹുൽദാ എന്ന പ്രവാചകി
യുടെ അടുക്കൽ ചെന്നു — അവൾ യെരൂ
ശലേമിൽ രണ്ടാം ഭാഗത്തു പാൎത്തിരുന്നു;—
അവളോടു ആ സംഗതിയെക്കുറിച്ചു സം
സാരിച്ചു. അവൾ അവരോടു ഉത്തരം 23
പറഞ്ഞതു: യിസ്രായേലിന്റെ ദൈവമായ
യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു:
നിങ്ങളെ എന്റെ അടുക്കൽ അയച്ച പുരു
ഷനോടു നിങ്ങൾ പറയേണ്ടതു എന്തെ
ന്നാൽ: യഹോവ ഇപ്രകാരം അരുളി 24
ച്ചെയ്യുന്നു: ഞാൻ ഈ സ്ഥലത്തിന്നും നിവാ
സികൾക്കും യെഹൂദാരാജാവിന്റെ മുമ്പാ
കെ വായിച്ചുകേൾപ്പിച്ച പുസ്തകത്തിൽ
എഴുതിയിരിക്കുന്ന സകലശാപങ്ങളുമായ
അനൎത്ഥം വരുത്തും. അവർ എന്നെ 25
ഉപേക്ഷിച്ചു തങ്ങളുടെ സകലപ്രവൃത്തി
കളാലും എനിക്കു കോപം വരത്തക്കവണ്ണം
അന്യദൈവങ്ങൾക്കു ധൂപം കാട്ടിയതു
കൊണ്ടു എന്റെ കോപം ഈ സ്ഥലത്തു
ചൊരിയും; അതു കെട്ടുപോകയും ഇല്ല.
എന്നാൽ യഹോവയോടു ചോദിപ്പാൻ നി 26
ങ്ങളെ അയച്ച യെഹൂദാരാജാവിനോടു
നിങ്ങൾ പറയേണ്ടതു എന്തെന്നാൽ:
നീ കേട്ടിരിക്കുന്ന വചനങ്ങളെക്കുറിച്ചു
യിസ്രായേലിന്റെ ദൈവമായ യഹോവ
ഇപ്രകാരം അരുളിച്ചെയ്യുന്നു: ഈ സ്ഥല 27
ത്തിന്നും നിവാസികൾക്കും വിരോധ
മായുള്ള ദൈവത്തിന്റെ വചനങ്ങളെ
നീ കേട്ടപ്പോൾ നിന്റെ ഹൃദയം അലി

Digitized by Google
Original from CORNELL UNIVERSITY

20 നൂററിരുപത്തിമൂന്നു. ഗിബ്ബാരിന്റെ
21 മക്കൾ തൊണ്ണൂററഞ്ചു. ബേത്ലെഹെമ്യർ
22 നൂററിരുപത്തിമൂന്നു. നെതൊഫാത്യർ
23 അമ്പത്താറു. അനാഥോത്യർ നൂററി
24 രുപത്തെട്ടു. അസ്മാവെത്യർ നാല്പത്തി
25 രണ്ടു. കിര്യത്ത്-യെയാരീം, കെഫീരാ,
ബെയെരോത്ത് എന്നിവയിലെ നിവാ
26 സികൾ എഴുനൂററിനാല്പത്തിമൂന്നു. രാമ
യിലെയും ഗേബയിലെയും നിവാസി
27 കൾ അറുനൂററിരുപത്തൊന്നു. മിഖ്മാ
28 ശ്യർ നൂററിരുപത്തിരണ്ടു. ബേഥേലി
ലെയും ഹായിയിലെയും നിവാസികൾ
29 ഇരുനൂററിരുപത്തിമൂന്നു. നെബോനി
30 വാസികൾ അമ്പത്തിരണ്ടു. മഗ്ബീശി
31 ന്റെ മക്കൾ നൂററമ്പത്താറു. മറെറ
ഏലാമിന്റെ മക്കൾ ആയിരത്തിരുനൂററ
32 മ്പത്തിനാലു. ഹാരീമിന്റെ മക്കൾ
33 മുന്നൂററിരുപതു. ലോദ്, ഹാദീദ്, ഓനോ
എന്നിവയിലെ നിവാസികൾ എഴുനൂററി
34 രുപത്തഞ്ചു. യെരീഹോനിവാസികൾ
35 മുന്നൂററി നാല്പത്തഞ്ചു. സെനായാ
നിവാസികൾ മൂവായിരത്തറുനൂററിമു
36 പ്പതു. പുരോഹിതന്മാരാവിതു: യേശുവ
യുടെ ഗൃഹത്തിലെ യെദയ്യാവിന്റെ മക്കൾ
37 തൊള്ളായിരത്തെഴുപത്തിമൂന്നു. ഇമ്മേ
രിന്റെ മക്കൾ ആയിരത്തമ്പത്തിരണ്ടു.
38 പശ്ഹൂരിന്റെ മക്കൾ ആയിരത്തിരുനൂ
39 ററിനാല്പത്തേഴു. ഹാരീമിന്റെ മക്കൾ
40 ആയിരത്തിപതിനേഴു. ലേവ്യർ: ഹോദ
വ്യാവിന്റെ മക്കളിൽ യേശുവയുടെയും
കദ്മീയേലിന്റെയും മക്കൾ എഴുപത്തി
41 നാലു. സംഗീതക്കാർ: ആസാഫ്യർ
42 നൂററിരുപത്തെട്ടു. വാതിൽകാവല്ക്കാരു
ടെ മക്കൾ: ശല്ലൂമിന്റെ മക്കൾ, ആതേരി
ന്റെ മക്കൾ, തല്മോന്റെ മക്കൾ, അക്കൂ
ബിന്റെ മക്കൾ, ഹതീതയുടെ മക്കൾ,
ശോബായിയുടെ മക്കൾ ഇങ്ങനെ ആ

കെ നൂററിമുപ്പത്തൊമ്പതു. ദൈവാലയ 43
ദാസന്മാർ: സീഹയുടെ മക്കൾ, ഹസൂഫ
യുടെ മക്കൾ, തബ്ബായോത്തിന്റെ മക്കൾ,
കേരോസിന്റെ മക്കൾ, സീയാഹയുടെ 44
മക്കൾ, പാദോന്റെ മക്കൾ, ലെബാ 45
നയുടെ മക്കൾ, ഹഗാബയുടെ മക്കൾ,
അക്കൂബിന്റെ മക്കൾ, ഹാഗാബിന്റെ 46
മക്കൾ, ശൽമായിയുടെ മക്കൾ, ഹാനാ
ന്റെ മക്കൾ, ഗിദ്ദേലിന്റെ മക്കൾ, ഗഹ 47
രിന്റെ മക്കൾ, രെയായാവിന്റെ മക്കൾ,
രെസീന്റെ മക്കൾ, നെക്കോദയുടെ 48
മക്കൾ, ഗസ്സാമിന്റെ മക്കൾ, ഉസ്സയുടെ 49
മക്കൾ, പാസേഹയുടെ മക്കൾ, ബേസാ
യിയുടെ മക്കൾ, അസ്നയുടെ മക്കൾ, 50
മെയൂന്യർ, നെഫീസ്യർ, ബക്ബൂക്കി 51
ന്റെ മക്കൾ, ഹക്കൂഫയുടെ മക്കൾ, ഹർഹൂ
രിന്റെ മക്കൾ, ബസ്ലൂത്തിന്റെ മക്കൾ, 52
മെഹീദയുടെ മക്കൾ, ഹർശയുടെ മക്കൾ,
ബർക്കോസിന്റെ മക്കൾ, സീസെരയുടെ 53
മക്കൾ, തേമഹിന്റെ മക്കൾ, നെസീഹ 54
യുടെ മക്കൾ, ഹതീഫയുടെ മക്കൾ.
ശലോമോന്റെ ദാസന്മാരുടെ മക്കൾ: 55
സോതായിയുടെ മക്കൾ, ഹസോഫേരെ
ത്തിന്റെ മക്കൾ, പെരൂദയുടെ മക്കൾ,
യാലയുടെ മക്കൾ, ദർക്കോന്റെ മക്കൾ, 56
ഗിദ്ദേലിന്റെ മക്കൾ, ശെഫത്യാവിന്റെ 57
മക്കൾ, ഹത്തീലിന്റെ മക്കൾ, പോക്കെ
രെത്ത്-ഹസ്സെബയീമിന്റെ മക്കൾ, ആ
മിയുടെ മക്കൾ. ദൈവാലയദാസന്മാരും 58
ശലോമോന്റെ ദാസന്മാരുടെ മക്കളും ആ
കെ മുന്നൂററിത്തൊണ്ണൂററിരണ്ടു. തേൽമെ 59
ലഹ്, തേൽ-ഹർശ, കെരൂബ്, അദ്ദാൻ,
ഇമ്മേർ എന്നീ സ്ഥലങ്ങളിൽനിന്നു പുറ
പ്പെട്ടുവന്നവർ ഇവർ തന്നേ; എങ്കിലും
തങ്ങൾ യിസ്രായേല്യർ തന്നേയോ എന്നു
തങ്ങളുടെ പിതൃഭവനവും വംശവിവരവും
പറവാൻ അവൎക്കു കഴിഞ്ഞില്ല. ദെലാ 60

Digitized by Google
Original from CORNELL UNIVERSITY

ക്കെ കരഞ്ഞു വസ്ത്രം കീറി പൊടി വാരി
13 മേലോട്ടു തലയിൽ വിതറി. അവൻെറ
വ്യസനം അതികഠിനമെന്നു കണ്ടിട്ടു
അവർ ആരും ഒരു വാക്കും മിണ്ടാതെ
ഏഴു രാപ്പകൽ അവനോടുകൂടെ നില
ത്തിരുന്നു.

## ൩. അദ്ധ്യായം.

അനന്തരം ഇയ്യോബ് വായി തുറന്നു
തൻെറ ജന്മദിവസത്തെ ശപിച്ചു.
2 ഇയ്യോബ് പറഞ്ഞതെന്തെന്നാൽ:
3 ഞാൻ ജനിച്ച ദിവസവും
ഒരു ആൺ ഉല്പാദിച്ചു എന്നു പറഞ്ഞ
രാത്രിയും നശിച്ചുപോകട്ടെ.
4 ആ നാൾ ഇരുണ്ടുപോകട്ടെ;
മേലിൽനിന്നു ദൈവം അതിനെ കടാക്ഷി
ക്കരുതേ;
പ്രകാശം അതിന്മേൽ ശോഭിക്കയുമരുതേ.
5 ഇരുളും അന്ധതമസ്സും അതിനെ സ്വാധീ
നമാക്കട്ടെ;
ഒരു മേഘം അതിന്മേൽ അമരട്ടെ;
പകലിനെ ഇരുട്ടുന്നതൊക്കെയും അതി
നെ പേടിപ്പിക്കട്ടെ.
6 ആ രാത്രിയെ കൂരിരുൾ പിടിക്കട്ടെ;
അതു ആണ്ടിൻെറ നാളുകളുടെ കൂട്ടത്തിൽ
സന്തോഷിക്കരുതു;
മാസങ്ങളുടെ എണ്ണത്തിൽ വരികയും അ
രുതു.
7 അതേ, ആ രാത്രി മച്ചിയായിരിക്കട്ടെ;
ഉല്ലാസഘോഷം അതിലുണ്ടാകരുതു.
8 മഹാസൎപ്പത്തെ ഇളക്കുവാൻ സമൎത്ഥരായി
ദിവസത്തെ ശപിക്കുന്നവർ അതിനെ
ശപിക്കട്ടെ.
9 അതിൻെറ സന്ധ്യാനക്ഷത്രങ്ങൾ ഇരുണ്ടു
പോകട്ടെ;
അതു വെളിച്ചത്തിന്നു കാത്തിരുന്നു കിട്ടാ
തെ പോകട്ടെ;
അതു ഉഷസ്സിൻെറ കണ്ണിമ ഒരിക്കലും
കാണരുതു.
അതു എനിക്കു ഗൎഭദ്വാരം അടെച്ചില്ലല്ലോ; 10
എൻെറ കണ്ണിന്നു കഷ്ടം മറെച്ചില്ലല്ലോ.
ഞാൻ ഗൎഭപാത്രത്തിൽവെച്ചു മരിക്കാ 11
ഞ്ഞതെന്തു?
ഉദരത്തിൽനിന്നു പുറപ്പെട്ടപ്പോൾ തന്നേ
പ്രാണൻ പോകാതിരുന്നതെന്തു?
മുഴങ്കാൽ എന്നെ ഏറ്റുകൊണ്ടതു എന്തിന്നു? 12
എനിക്കു കുടിപ്പാൻ മുല ഉണ്ടായിരുന്നതെ
ന്തിന്നു?
ഞാൻ ഇപ്പോൾ കിടന്നു വിശ്രമിക്കുമായി 13
രുന്നു;
ഞാൻ ഉറങ്ങി വിശ്രാന്തി പ്രാപിക്കുമായി
രുന്നു.
തങ്ങൾക്കു ഏകാന്തനിവാസങ്ങൾ പണിത 14
ഭൂരാജാക്കന്മാരോടും മന്ത്രിമാരോടും
അഥവാ, കനകസമ്പന്നരായി സ്വഭവ 15
നങ്ങൾ വെള്ളികൊണ്ടു നിറെച്ചുവെച്ച
പ്രഭുക്കന്മാരോടും കൂടെ തന്നേ.
അല്ലെങ്കിൽ, ഗൎഭം അലസിപ്പോയിട്ടു കുഴി 16
ച്ചിട്ടുകളഞ്ഞ പിണ്ഡംപോലെയും
വെളിച്ചം കണ്ടിട്ടില്ലാത്ത പിള്ളകളെപ്പോ
ലെയും ഞാൻ ഇല്ലാതെ പോകുമായിരുന്നു.
അവിടെ ദുഷ്ടന്മാർ ഉപദ്രവിക്കാതെയിരി 17
ക്കുന്നു;
അവിടെ ക്ഷീണിച്ചുപോയവർ വിശ്രമി
ക്കുന്നു.
അവിടെ ബദ്ധന്മാർ ഒരുപോലെ സുഖമാ 18
യിരിക്കുന്നു;
പീഡകൻെറ ശബ്ദം അവർ കേൾക്കാതി
രിക്കുന്നു.
ചെറിയവനും വലിയവനും അവിടെ ഒരു 19
പോലെ;
ദാസനു യജമാനൻെറ കീഴിൽനിന്നു വിടു
തൽ കിട്ടിയിരിക്കുന്നു.
അരിഷ്ടന്നു പ്രകാശവും 20



Digitized by Google
Original from
CORNELL UNIVERSITY

28 അവൻ എന്റെ പ്രാണനെ കുഴിയിൽ ഇറങ്ങാതവണ്ണം രക്ഷിച്ചു;
എന്റെ ജീവൻ പ്രകാശത്തെ കണ്ടു സന്തോഷിക്കുന്നു.
29 ഇതാ, ദൈവം രണ്ടു മൂന്നു പ്രാവശ്യം
ഇവയൊക്കെയും മനുഷ്യനോടു ചെയ്യുന്നു.
30 അവന്റെ പ്രാണനെ കുഴിയിൽനിന്നു കരേറേറണ്ടതിന്നും
ജീവന്റെ പ്രകാശംകൊണ്ടു അവനെ പ്രകാശിപ്പിക്കേണ്ടതിന്നും തന്നേ.
31 ഇയ്യോബേ, ശ്രദ്ധവെച്ചു കേൾക്ക;
മിണ്ടാതെയിരിക്ക; ഞാൻ സംസാരിക്കാം.
32 നിനക്കു ഉത്തരം പറവാനുണ്ടെങ്കിൽ പറക;
സംസാരിക്ക; നിന്നെ നീതീകരിപ്പാൻ ആകുന്നു എന്റെ താല്പൎയ്യം.
33 ഇല്ലെന്നുവരികിൽ, നീ എന്റെ വാക്കു കേൾക്ക;
മിണ്ടാതിരിക്ക; ഞാൻ നിനക്കു ജ്ഞാനം ഉപദേശിച്ചുതരാം.

## ൩൰൪. അദ്ധ്യായം.

എലീഹു പിന്നെയും പറഞ്ഞതെന്തെന്നാൽ:
2 ജ്ഞാനികളേ, എന്റെ വചനം കേൾപ്പിൻ;
വിദ്വാന്മാരേ, എനിക്കു ചെവിതരുവിൻ.
3 അണ്ണാക്കു ആഹാരത്തെ രുചിനോക്കുന്നു;
ചെവിയോ വചനങ്ങളെ ശോധന ചെയ്യുന്നു.
4 ന്യായമായുള്ളതു നമുക്കു തിരഞ്ഞെടുക്കാം;
നന്മയായുള്ളതു നമുക്കു തന്നേ ആലോചിച്ചറിയാം.
5 ഞാൻ നീതിമാൻ, ദൈവം എന്റെ ന്യായം തള്ളിക്കളഞ്ഞു;
എന്റെ ന്യായത്തിന്നെതിരെ ഞാൻ ഭോഷ്കു പറയേണമോ?
ലംഘനം ഇല്ലാഞ്ഞിട്ടും എന്റെ മുറിവു പൊറുക്കുന്നില്ല 6
എന്നിങ്ങനെ ഇയ്യോബ് പറഞ്ഞുവല്ലോ.
ഇയ്യോബിനെപ്പോലെ ഒരാളുണ്ടോ? 7
അവൻ പരിഹാസത്തെ വെള്ളംപോലെ കുടിക്കുന്നു;
അവൻ ദുഷ്പ്രവൃത്തിക്കാരോടു കൂട്ടുകൂടുന്നു; 8
ദുർജ്ജനങ്ങളോടുകൂടെ സഞ്ചരിക്കുന്നു.
ദൈവത്തോടു രഞ്ജനയായിരിക്കുന്നതുകൊണ്ടു 9
മനുഷ്യന്നു പ്രയോജനമില്ലെന്നു അവൻ പറഞ്ഞു.
അതുകൊണ്ടു വിവേകികളേ, കേട്ടുകൊൾവിൻ; 10
ദൈവം ദുഷ്ടതയോ സൎവ്വശക്തൻ നീതികേടോ ഒരിക്കലും ചെയ്കയില്ല.
അവൻ മനുഷ്യന്നു അവന്റെ പ്രവൃത്തിക്കു പകരം ചെയ്യും; 11
ഓരോരുത്തന്നു അവനവന്റെ നടപ്പിന്നു തക്കവണ്ണം കൊടുക്കും.
ദൈവം ദുഷ്ടത പ്രവൎത്തിക്കയില്ല നിശ്ചയം; 12
സൎവ്വശക്തൻ ന്യായം മറിച്ചുകളകയുമില്ല.
ഭൂമിയെ അവങ്കൽ ഭരമേല്പിച്ചതാർ? 13
ഭൂമണ്ഡലമാകെ സ്ഥാപിച്ചതാർ?
അവൻ തന്റെ കാൎയ്യത്തിൽ മാത്രം ദൃഷ്ടി വെച്ചെങ്കിൽ 14
തന്റെ ആത്മാവിനെയും ശ്വാസത്തെയും മടക്കി എടുത്തെങ്കിൽ
സകലജഡവും ഒരുപോലെ കഴിഞ്ഞുപോകും; 15
മനുഷ്യൻ പൊടിയിലേക്കു മടങ്ങിച്ചേരും.
നിനക്കു വിവേകമുണ്ടെങ്കിൽ ഇതു കേട്ടുകൊൾക; 16
എന്റെ വചനങ്ങളെ ശ്രദ്ധിച്ചുകൊൾക;
ന്യായത്തെ പകെക്കുന്നവൻ ഭരിക്കുമോ? 17
നീതിമാനും ബലവാനുമായവനെ നീ കുററം വിധിക്കുമോ?


Digitized by Google
Original from
CORNELL UNIVERSITY

## ൩൩. സങ്കീൎത്തനം.

നീതിമാന്മാരെ, യഹോവയിൽ ഘോഷി
ച്ചുല്ലസിപ്പിൻ;
സ്തുതിക്കുന്നതു നേരുള്ളവൎക്കു ഉചിതമല്ലൊ.
2 കിന്നരംകൊണ്ടു യഹോവെക്കു സ്തോത്രം
ചെയ്വിൻ;
പത്തു കമ്പിയുള്ള വീണകൊണ്ടു അവന്നു
സ്തുതി പാടുവിൻ.
3 അവന്നു പുതിയ പാട്ടു പാടുവിൻ;
ഘോഷസ്വരത്തോടെ നന്നായി വാദ്യം
വായിപ്പിൻ.
4 യഹോവയുടെ വചനം നേരുള്ളതു;
അവന്റെ സകലപ്രവൃത്തിയും വിശ്വസ്ത
തയുള്ളതു.
5 അവൻ നീതിയും ന്യായവും ഇഷ്ടപ്പെടുന്നു;
യഹോവയുടെ ദയകൊണ്ടു ഭൂമി നിറഞ്ഞി
രിക്കുന്നു.
6 യഹോവയുടെ വചനത്താൽ ആകാശവും
അവന്റെ വായിലെ ശ്വാസത്താൽ അതി
ലെ സകലസൈന്യവും ഉളവായി;
7 അവൻ സമുദ്രത്തിലെ വെള്ളത്തെ കൂമ്പാ
രമായി കൂട്ടുന്നു;
അവൻ ആഴികളെ ഭണ്ഡാരഗൃഹങ്ങളിൽ
സംഗ്രഹിക്കുന്നു.
8 സകലഭൂവാസികളും യഹോവയെ ഭയ
പ്പെടട്ടെ;
ഭൂതലത്തിൽ പാൎക്കുന്നവരൊക്കെയും അ
വനെ ശങ്കിക്കട്ടെ.
9 അവൻ അരുളിച്ചെയ്തു; അങ്ങനെ സംഭ
വിച്ചു;
അവൻ കല്പിച്ചു; അങ്ങനെ സ്ഥാപിത
മായി.
10 യഹോവ ജാതികളുടെ ആലോചനയെ
വ്യൎത്ഥമാക്കുന്നു;
വംശങ്ങളുടെ നിരൂപണങ്ങളെ നിഷ്ഫലമാ
ക്കുന്നു.
യഹോവയുടെ ആലോചന ശാശ്വതമായും 11
അവന്റെ ഹൃദയവിചാരങ്ങൾ തലമുറ
തലമുറയായും നില്ക്കുന്നു.
യഹോവ ദൈവമായിരിക്കുന്ന ജാതിയും 12
അവൻ തനിക്കു അവകാശമായി തിരഞ്ഞെ
ടുത്ത ജനവും ഭാഗ്യമുള്ളതു.
യഹോവ സ്വൎഗ്ഗത്തിൽനിന്നു നോക്കുന്നു; 13
മനുഷ്യപുത്രന്മാരെ ഒക്കെയും കാണുന്നു.
അവൻ തന്റെ വാസസ്ഥലത്തു നിന്നു 14
സൎവ്വഭൂവാസികളെയും നോക്കുന്നു.
അവൻ അവരുടെ ഹൃദയങ്ങളെ ഒരു 15
പോലെ മനഞ്ഞിരിക്കുന്നു;
അവരുടെ പ്രവൃത്തികളെ ഒക്കെയും അ
വൻ ഗ്രഹിക്കുന്നു.
സൈന്യബഹുത്വത്താൽ രാജാവു ജയം 16
പ്രാപിക്കുന്നില്ല;
ബലാധിക്യംകൊണ്ടു വീരൻ രക്ഷപ്പെടു
ന്നതുമില്ല.
ജയത്തിന്നു കുതിര വ്യൎത്ഥമാകുന്നു; 17
തന്റെ ബലാധിക്യംകൊണ്ടു അതു വിടു
വിക്കുന്നതുമില്ല.
യഹോവയുടെ ദൃഷ്ടി തന്റെ ഭക്തന്മാ 18
രുടെമേലും
തന്റെ ദയെക്കായി പ്രത്യാശിക്കുന്നവരു
ടെമേലും ഇരിക്കുന്നു;
അവരുടെ പ്രാണനെ മരണത്തിൽനിന്നു 19
വിടുവിപ്പാനും
ക്ഷാമത്തിൽ അവരെ ജീവനോടെ രക്ഷി
പ്പാനും തന്നേ.
നമ്മുടെ ഉള്ളം യഹോവെക്കായി കാത്തി 20
രിക്കുന്നു;
അവൻ നമ്മുടെ സഹായവും പരിചയും
ആകുന്നു.
അവന്റെ വിശുദ്ധനാമത്തിൽ നാം ആ 21
ശ്രയിക്കയാൽ
നമ്മുടെ ഹൃദയം അവനിൽ സന്തോ
ഷിക്കും.

Digitized by Google
Original from CORNELL UNIVERSITY

അവനെ പകെക്കുന്നവരും അവന്റെ മുമ്പിൽനിന്നു ഓടിപ്പോകുന്നു.
2 പുക പതറിപ്പോകുന്നതുപോലെ നീ അവരെ പതറിക്കുന്നു;
തീയിങ്കൽ മെഴുകു ഉരുകുന്നതുപോലെ
ദുഷ്ടന്മാർ ദൈവസന്നിധിയിൽ നശിക്കുന്നു.
3 എങ്കിലും നീതിമാന്മാർ സന്തോഷിച്ചു ദൈവസന്നിധിയിൽ ഉല്ലസിക്കും;
അതേ, അവർ സന്തോഷത്തോടെ ആനന്ദിക്കും.
4 ദൈവത്തിന്നു പാടുവിൻ, അവന്റെ നാമത്തിന്നു സ്തുതി പാടുവിൻ;
മരുഭൂമിയിൽകൂടി വാഹനമേറി വരുന്നവന്നു വഴി നിരത്തുവിൻ;
യാഹ് എന്നാകുന്നു അവന്റെ നാമം;
അവന്റെ മുമ്പിൽ ഉല്ലസിപ്പിൻ.
5 ദൈവം തന്റെ വിശുദ്ധനിവാസത്തിൽ
അനാഥന്മാൎക്കു പിതാവും വിധവമാൎക്കു ന്യായപാലകനും ആകുന്നു.
6 ദൈവം ഏകാകികളെ കുടുംബത്തിൽ വസിക്കുമാറാക്കുന്നു;
അവൻ ബദ്ധന്മാരെ വിടുവിച്ചു സൌഭാഗ്യത്തിലാക്കുന്നു;
എന്നാൽ മത്സരികൾ വരണ്ട ദേശത്തു പാൎക്കും.
7 ദൈവമേ, നീ നിന്റെ ജനത്തിന്നു മുമ്പായി പുറപ്പെട്ടു
മരുഭൂമിയിൽകൂടി നടകൊണ്ടപ്പോൾ — സേലാ —
8 ഭൂമി കുലുങ്ങി, ആകാശം ദൈവസന്നിധിയിൽ പൊഴിഞ്ഞു;
ഈ സീനായി യിസ്രായേലിന്റെ ദൈവമായ
ദൈവത്തിന്റെ മുമ്പിൽ കുലുങ്ങിപ്പോയി.
9 ദൈവമേ, നീ ധാരാളം മഴ പെയ്യിച്ചു
ക്ഷീണിച്ചിരുന്ന നിന്റെ അവകാശത്തെ തണുപ്പിച്ചു.
നിന്റെ കൂട്ടം അതിൽ പാൎത്തു; 10
ദൈവമേ, നിന്റെ ദയയാൽ നീ അതു എളിയവൎക്കു വേണ്ടി ഒരുക്കിവെച്ചു.
കൎത്താവു ആജ്ഞ കൊടുക്കുന്നു; 11
സുവാൎത്താദൂതികൾ വലിയോരു ഗണമാകുന്നു.
സൈന്യങ്ങളുടെ രാജാക്കന്മാർ ഓടുന്നു, ഓടുന്നു; 12
വീട്ടിൽ പാൎക്കുന്നവൾ കവൎച്ച പങ്കിടുന്നു.
നിങ്ങൾ തൊഴുത്തുകളുടെ ഇടയിൽ കിടക്കുമ്പോൾ 13
പ്രാവിന്റെ ചിറകു വെള്ളികൊണ്ടും
അതിന്റെ തൂവലുകൾ പൈമ്പൊന്നുകൊണ്ടും
പൊതിഞ്ഞിരിക്കുന്നതുപോലെ ആകുന്നു.
സൎവ്വശക്തൻ അവിടെ രാജാക്കന്മാരെ ചിതറിച്ചപ്പോൾ 14
സല്മോനിൽ ഹിമം പെയ്യുകയായിരുന്നു.
ബാശാൻപൎവ്വതം ദൈവത്തിന്റെ പൎവ്വതം ആകുന്നു; 15
ബാശാൻപൎവ്വതം കൊടുമുടികളേറിയ പൎവ്വതമാകുന്നു.
കൊടുമുടികളേറിയ പൎവ്വതങ്ങളേ, 16
ദൈവം വസിപ്പാൻ ഇച്ഛിച്ചിരിക്കുന്ന പൎവ്വതത്തെ
നിങ്ങൾ സ്പൎദ്ധിച്ചുനോക്കുന്നതു എന്തു?
യഹോവ അതിൽ എന്നേക്കും വസിക്കും.
ദൈവത്തിന്റെ രഥങ്ങൾ ആയിരമായിരവും കോടികോടിയുമാകുന്നു; 17
കൎത്താവു അവരുടെ ഇടയിൽ,
സീനായിൽ, വിശുദ്ധമന്ദിരത്തിൽ തന്നേ.
നീ ഉയരത്തിലേക്കു കയറി, ബദ്ധന്മാരെ പിടിച്ചു കൊണ്ടുപോയി; 18
യാഹ് എന്ന ദൈവം അവിടെ വസിക്കേണ്ടതിന്നു

Digitized by Google Original from CORNELL UNIVERSITY

ഞാൻ കഷ്ടത്തിൽ ഇരിക്കയാൽ വേഗത്തിൽ എനിക്കുത്തരമരുളേണമേ.
18 എന്റെ പ്രാണനോടു അടുത്തുവന്നു അതിനെ വീണ്ടുകൊള്ളേണമേ;
എന്റെ ശത്രുക്കൾനിമിത്തം എന്നെ വീണ്ടെടുക്കേണമേ.
19 എനിക്കുള്ള നിന്ദയും ലജ്ജയും അപമാനവും നീ അറിയുന്നു;
എന്റെ വൈരികൾ എല്ലാവരും നിന്റെ ദൃഷ്ടിയിൽ ഇരിക്കുന്നു.
20 നിന്ദ എന്റെ ഹൃദയത്തെ തകൎത്തു,
ഞാൻ ഏററവും വിഷാദിച്ചിരിക്കുന്നു;
വല്ലവനും സഹതാപം തോന്നുമോ എന്നു ഞാൻ നോക്കിക്കൊണ്ടിരുന്നു; ആൎക്കും തോന്നിയില്ല;
ആശ്വസിപ്പിക്കുന്നവരുണ്ടോ എന്നും നോക്കിക്കൊണ്ടിരുന്നു; ആരെയും കണ്ടില്ലതാനും.
21 അവർ എനിക്കു തിന്നുവാൻ കൈപ്പു തന്നു;
എന്റെ ദാഹത്തിന്നു അവർ എനിക്കു ചൊറുക്ക കുടിപ്പാൻ തന്നു.
22 അവരുടെ മേശ അവരുടെ മുമ്പിൽ കണിയായും
അവർ സുഖത്തോടിരിക്കുമ്പോൾ കുടുക്കായും തീരട്ടെ.
23 അവരുടെ കണ്ണു കാണാതവണ്ണം ഇരുണ്ടുപോകട്ടെ;
അവരുടെ അര എപ്പോഴും ആടുമാറാക്കേണമേ.
24 നിന്റെ ക്രോധം അവരുടെമേൽ പകരേണമേ;
നിന്റെ ഉഗ്രകോപം അവരെ പിടിക്കുമാറാകട്ടെ.
25 അവരുടെ വാസസ്ഥലം ശൂന്യമായിപ്പോകട്ടെ;
അവരുടെ കൂടാരങ്ങളിൽ ആരും പാൎക്കാതിരിക്കട്ടെ.

നീ ദണ്ഡിപ്പിച്ചവനെ അവർ ഉപദ്രവിക്കുന്നു; 26
നീ മുറിവേല്പിച്ചവരുടെ വേദനയെ അവർ വിവരിക്കുന്നു.
അവരുടെ അകൃത്യത്തോടു അകൃത്യം കൂട്ടേണമേ; 27
നിന്റെ നീതിയെ അവർ പ്രാപിക്കരുതേ.
ജീവന്റെ പുസ്തകത്തിൽനിന്നു അവരെ മായിച്ചുകളയേണമേ; 28
നീതിമാന്മാരോടുകൂടെ അവരെ എഴുതരുതേ.
ഞാനോ എളിയവനും ദുഃഖിതനും ആകുന്നു; 29
ദൈവമേ, നിന്റെ രക്ഷ എന്നെ ഉയൎത്തുമാറാകട്ടെ.
ഞാൻ പാട്ടോടെ ദൈവത്തിന്റെ നാമത്തെ സ്തുതിക്കും; 30
സ്തോത്രത്തോടെ അവനെ മഹത്വപ്പെടുത്തും.
അതു യഹോവെക്കു കാളയെക്കാളും 31
കൊമ്പും കുളമ്പും ഉള്ള മൂരിയെക്കാളും പ്രസാദകരമാകും.
സൌമ്യതയുള്ളവർ അതു കണ്ടു സന്തോഷിക്കും; 32
ദൈവത്തെ അന്വേഷിക്കുന്നവരേ, നിങ്ങളുടെ ഹൃദയം ജീവിക്കട്ടെ.
യഹോവ ദരിദ്രന്മാരുടെ പ്രാൎത്ഥന കേൾക്കുന്നു; 33
തന്റെ ബദ്ധന്മാരെ നിന്ദിക്കുന്നതുമില്ല.
ആകാശവും ഭൂമിയും സമുദ്രങ്ങളും 34
അവയിൽ ചരിക്കുന്ന സകലവും അവനെ സ്തുതിക്കട്ടെ.
ദൈവം സീയോനെ രക്ഷിക്കും; അവൻ 35
യെഹൂദാനഗരങ്ങളെ പണിയും;
അവർ അവിടെ പാൎത്തു അതിനെ കൈവശമാക്കും.



Digitized by Google
Original from
CORNELL UNIVERSITY

തന്റെ ശക്തിയാൽ തെക്കൻകാററു വ
രുത്തി.
27 അവൻ അവൎക്കു പൊടിപോലെ മാംസ
ത്തെയും
കടൽപുറത്തെ മണൽപോലെ പക്ഷിക
ളെയും വൎഷിപ്പിച്ചു;
28 അവരുടെ പാളയത്തിന്റെ നടുവിലും
പാൎപ്പിടങ്ങളുടെ ചുററിലും അവയെ പൊ
ഴിച്ചു.
29 അങ്ങനെ അവർ തിന്നു തൃപ്തരാ
യ്തീൎന്നു;
അവർ ആഗ്രഹിച്ചതു അവൻ അവൎക്കു
കൊടുത്തു.
30 അവരുടെ കൊതിക്കു മതിവന്നില്ല;
ഭക്ഷണം അവരുടെ വായിൽ ഇരിക്കു
മ്പോൾ തന്നേ,
31 ദൈവത്തിന്റെ കോപം അവരുടെമേൽ
വന്നു;
അവരുടെ അതിപുഷ്ടന്മാരിൽ ചിലരെ
കൊന്നു
യിസ്രായേലിലെ യൌവനക്കാരെ സംഹ
രിച്ചു.
32 ഇതെല്ലാമായിട്ടും അവർ പിന്നെയും പാ
പം ചെയ്തു;
അവന്റെ അത്ഭുതപ്രവൃത്തികളെ വിശ്വ
സിച്ചതുമില്ല.
33 അതുകൊണ്ടു അവൻ അവരുടെ നാളു
കളെ ശ്വാസംപോലെയും
അവരുടെ സംവത്സരങ്ങളെ അതിവേഗ
ത്തിലും കഴിയുമാറാക്കി.
34 അവൻ അവരെ കൊല്ലുമ്പോൾ അവർ
അവനെ അന്വേഷിക്കും;
അവർ തിരിഞ്ഞു ജാഗ്രതയോടെ ദൈവ
ത്തെ തിരയും.
35 ദൈവം തങ്ങളുടെ പാറ എന്നും
അത്യുന്നതനായ ദൈവം തങ്ങളുടെ വീ
ണ്ടെടുപ്പുകാരൻ എന്നും അവർ ഓൎക്കും.

എങ്കിലും അവർ വായ്കൊണ്ടു അവനോടു 36
കപടം സംസാരിക്കും
നാവുകൊണ്ടു അവനോടു ഭോഷ്കു പ
റയും.
അവരുടെ ഹൃദയം അവങ്കൽ സ്ഥിരമായി 37
രുന്നില്ല;
അവന്റെ നിയമത്തോടു അവർ വിശ്വ
സ്തത കാണിച്ചതുമില്ല.
എങ്കിലും അവൻ കരുണയുള്ളവനാക 38
കൊണ്ടു
അവരെ നശിപ്പിക്കാതെ അവരുടെ അ
കൃത്യം ക്ഷമിച്ചു;
തന്റെ ക്രോധത്തെ മുഴുവനും ജ്വലിപ്പി
ക്കാതെ
തന്റെ കോപത്തെ പലപ്പോഴും അടക്കി
ക്കളഞ്ഞു.
അവർ ജഡമത്രേ എന്നും 39
മടങ്ങിവരാതെ കടന്നുപോകുന്ന കാററു
എന്നും അവൻ ഓൎത്തു.
മരുഭൂമിയിൽ അവർ എത്ര പ്രാവശ്യം 40
അവനോടു മത്സരിച്ചു!
ശൂന്യപ്രദേശത്തു എത്ര പ്രാവശ്യം അവ
നെ ദുഃഖിപ്പിച്ചു!
അവർ പിന്നെയും പിന്നെയും ദൈവ 41
ത്തെ പരീക്ഷിച്ചു;
യിസ്രായേലിന്റെ പരിശുദ്ധനെ മുഷി
പ്പിച്ചു
മിസ്രയീമിൽ അടയാളങ്ങളെയും 42
സോവാൻവയലിൽ അത്ഭുതങ്ങളെയും
ചെയ്ത അവന്റെ കയ്യും
അവൻ ശത്രുവിൻ വശത്തുനിന്നു 43
അവരെ വിടുവിച്ച ദിവസവും അവർ
ഓൎത്തില്ല.
അവൻ അവരുടെ നദികളെയും തോടു 44
കളെയും
അവൎക്കു കുടിപ്പാൻ വഹിയാതവണ്ണം രക്ത
മാക്കിത്തീൎത്തു.



Digitized by Google
Original from
CORNELL UNIVERSITY

12 വഴിപോകുന്നവരൊക്കെയും അതിനെ
പറിപ്പാൻ തക്കവണ്ണം
നീ അതിന്റെ വേലികളെ പൊളിച്ചുക
ളഞ്ഞതു എന്തു?
13 കാട്ടുപന്നി അതിനെ മാന്തിക്കളയുന്നു;
വയലിലെ മൃഗങ്ങൾ അതു തിന്നുകള
യുന്നു.
14 സൈന്യങ്ങളുടെ ദൈവമേ, തിരിഞ്ഞു വ
രേണമേ;
സ്വൎഗ്ഗത്തിൽനിന്നു നോക്കി കടാക്ഷിച്ചു
ഈ മുന്തിരിവള്ളിയെ സന്ദൎശിക്കേണമേ.
15 നിന്റെ വലങ്കൈ നട്ടിട്ടുള്ളതിനെയും
നീ നിനക്കായി വളൎത്തിയ തയ്യെയും പാ
ലിക്കേണമേ.
16 അതിനെ തീ വെച്ചു ചുട്ടുകയും വെട്ടിക്കള
കയും ചെയ്തിരിക്കുന്നു;
നിന്റെ മുഖത്തിന്റെ ഭൎത്സനത്താൽ അ
വർ നശിച്ചുപോകുന്നു.
17 നിന്റെ കൈ നിന്റെ വലത്തുഭാഗത്തെ
പുരുഷന്റെമേൽ
നീ നിനക്കായി വളൎത്തിയ മനുഷ്യപുത്ര
ന്റെമേൽ തന്നേ ഇരിക്കട്ടെ.
18 എന്നാൽ ഞങ്ങൾ നിന്നെ വിട്ടു പിന്മാറു
കയില്ല;
ഞങ്ങളെ ജീവിപ്പിക്കേണമേ, എന്നാൽ
ഞങ്ങൾ നിന്റെ നാമത്തെ വിളിച്ചപേ
ക്ഷിക്കും.
19 സൈന്യങ്ങളുടെ ദൈവമായ യഹോവേ,
ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ;
ഞങ്ങൾ രക്ഷപ്പെടേണ്ടതിന്നു തിരുമുഖം
പ്രകാശിപ്പിക്കേണമേ.

## ൮൧. സങ്കീൎത്തനം.

സംഗീതപ്രമാണിക്കു; ഗത്ഥ്യരാഗത്തിൽ; ആസാഫിന്റെ ഒരു സങ്കീൎത്തനം.

നമ്മുടെ ബലമായ ദൈവത്തിന്നു ഘോ
ഷിപ്പിൻ;
യാക്കോബിന്റെ ദൈവത്തിന്നു ആൎപ്പിടു
വിൻ.
തപ്പും ഇമ്പമായുള്ള കിന്നരവും 2
വീണയും എടുത്തു സംഗീതം തുടങ്ങു
വിൻ.
അമാവാസ്യയിലും നമ്മുടെ ഉത്സവദിവസ 3
മായ
പൌൎണ്ണമാസിയിലും കാഹളം ഊതുവിൻ.
ഇതു യിസ്രായേലിന്നു ഒരു ചട്ടവും 4
യാക്കോബിൻ ദൈവത്തിന്റെ ഒരു പ്രമാ
ണവും ആകുന്നു.
മിസ്രയീംദേശത്തിന്റെ നേരെ പുറപ്പെട്ട 5
പ്പോൾ
ദൈവം അതു യോസേഫിന്നു ഒരു സാ
ക്ഷ്യമായി നിയമിച്ചു;
അവിടെ ഞാൻ അറിയാത്ത ഒരു ഭാഷ
കേട്ടു.
ഞാൻ അവന്റെ തോളിൽനിന്നു ചുമടു 6
നീക്കി;
അവന്റെ കൈകൾ കൊട്ട വിട്ടു ഒഴിഞ്ഞു.
കഷ്ടകാലത്തു നീ വിളിച്ചു, ഞാൻ നിന്നെ 7
വിടുവിച്ചു;
ഇടിമുഴക്കത്തിന്റെ മറവിൽനിന്നു ഞാൻ
നിനക്കുത്തരമരുളി;
മെരീബാവെള്ളത്തിങ്കൽ ഞാൻ നിന്നെ
പരീക്ഷിച്ചു. സേലാ.
എന്റെ ജനമേ, കേൾക്ക, ഞാൻ നിന്നോടു 8
സാക്ഷ്യം പറയും.
യിസ്രായേലേ, നീ എന്റെ വാക്കു കേട്ടെ
ങ്കിൽ കൊള്ളായിരുന്നു.
അന്യദൈവം നിനക്കുണ്ടാകരുതു; 9
യാതൊരു അന്യദൈവത്തെയും നീ നമ
സ്കരിക്കരുതു.
മിസ്രയീംദേശത്തുനിന്നു നിന്നെ കൊണ്ടു 10
വന്ന
യഹോവയായ ഞാൻ നിന്റെ ദൈവം
ആകുന്നു;

Digitized by Google
Original from CORNELL UNIVERSITY

## ൮൭. സങ്കീൎത്തനം.

കോരഹ് പുത്രന്മാരുടെ ഒരു സങ്കീൎത്തനം; ഒരു ഗീതം.

യഹോവ വിശുദ്ധപൎവ്വതത്തിൽ സ്ഥാപിച്ച നഗരത്തെ,
2 സീയോന്റെ പടിവാതിലുകളെ തന്നേ, യാക്കോബിന്റെ സകലനിവാസങ്ങളെക്കാളും അധികം സ്നേഹിക്കുന്നു.
3 ദൈവത്തിന്റെ നഗരമേ, നിന്നെക്കുറിച്ചു മഹത്വമുള്ള കാൎയ്യങ്ങൾ അരുളിച്ചെയ്തിരിക്കുന്നു. സേലാ.
4 ഞാൻ എന്റെ പരിചയക്കാരുടെ കൂട്ടത്തിൽ രഹബിനെയും ബാബേലിനെയും ഫെലിസ്ത്യർ, സോർ, കൂശ് എന്നിവരെയും പ്രസ്താവിക്കും; ഇവൻ അവിടെ ജനിച്ചു.
5 ഇവനും അവനും അവിടെ ജനിച്ചു എന്നു സീയോനെക്കുറിച്ചു പറയും; അത്യുന്നതൻ തന്നേ അതിനെ സ്ഥാപിച്ചിരിക്കുന്നു.
6 യഹോവ വംശങ്ങളെ എഴുതുമ്പോൾ: ഇവൻ അവിടെ ജനിച്ചു എന്നിങ്ങനെ എണ്ണും. സേലാ.
7 എന്റെ ഉറവുകൾ ഒക്കെയും നിന്നിൽ ആകുന്നു എന്നു സംഗീതക്കാരും നൃത്തം ചെയ്യുന്നവരും ഒരുപോലെ പറയും.

## ൮൮. സങ്കീൎത്തനം.

ഒരു ഗീതം; കോരഹ് പുത്രന്മാരുടെ ഒരു സങ്കീൎത്തനം; സംഗീതപ്രമാണിക്കു; മഹലത്ത് രാഗത്തിൽ പ്രതിഗാനത്തിന്നായി; എസ്രാഹ്യനായ ഹേമാന്റെ ഒരു ധ്യാനം.

എന്റെ രക്ഷയുടെ ദൈവമായ യഹോവേ, ഞാൻ രാവും പകലും തിരുസന്നിധിയിൽ നിലവിളിക്കുന്നു;
എന്റെ പ്രാൎത്ഥന നിന്റെ മുമ്പിൽ വരുമാറാകട്ടെ; 2
എന്റെ നിലവിളിക്കു ചെവി ചായിക്കേണമേ.
എന്റെ പ്രാണൻ കഷ്ടതകൊണ്ടു നിറഞ്ഞിരിക്കുന്നു; 3
എന്റെ ജീവൻ പാതാളത്തോടു സമീപിക്കുന്നു.
കുഴിയിൽ ഇറങ്ങുന്നവരുടെ കൂട്ടത്തിൽ എന്നെ എണ്ണിയിരിക്കുന്നു; 4
ഞാൻ തുണയില്ലാത്ത മനുഷ്യനെപ്പോലെയാകുന്നു.
ശവക്കുഴിയിൽ കിടക്കുന്ന ഹതന്മാരെപ്പോലെ 5
എന്നെ മരിച്ചവരുടെ കൂട്ടത്തിൽ ഉപേക്ഷിച്ചിരിക്കുന്നു;
അവരെ നീ പിന്നെ ഓൎക്കുന്നില്ല;
അവർ നിന്റെ കയ്യിൽനിന്നു അററുപോയിരിക്കുന്നു.
നീ എന്നെ ഏററവും താണകുഴിയിലും 6
ഇരുട്ടിലും ആഴങ്ങളിലും ഇട്ടിരിക്കുന്നു.
നിന്റെ ക്രോധം എന്റെമേൽ ഭാരമായിരിക്കുന്നു; 7
നിന്റെ എല്ലാതിരകളുംകൊണ്ടു നീ എന്നെ വലെച്ചിരിക്കുന്നു. സേലാ.
എന്റെ പരിചയക്കാരെ നീ എന്നോടു അകററി, 8
എന്നെ അവൎക്കു വെറുപ്പാക്കിയിരിക്കുന്നു;
പുറത്തിറങ്ങുവാൻ കഴിയാതവണ്ണം എന്നെ അടെച്ചിരിക്കുന്നു.
എന്റെ കണ്ണു കഷ്ടതഹേതുവായി ക്ഷയിച്ചുപോകുന്നു; 9
യഹോവേ, ഞാൻ ദിവസംപ്രതിയും നിന്നെ വിളിച്ചപേക്ഷിക്കയും
എന്റെ കൈകളെ നിങ്കലേക്കു മലൎത്തുകയും ചെയ്യുന്നു.
നീ മരിച്ചവൎക്കു അത്ഭുതങ്ങൾ കാണിച്ചുകൊടുക്കുമോ? 10

Digitized by Google
Original from CORNELL UNIVERSITY

3 അപ്പൻ മക്കളോടു കരുണതോന്നുന്നതു
പോലെ
യഹോവെക്കു തന്റെ ഭക്തന്മാരോടു കരു
ണതോന്നുന്നു.
4 അവൻ നമ്മുടെ പ്രകൃതി അറിയുന്നു
വല്ലൊ;
നാം പൊടി എന്നു അവൻ ഓൎക്കുന്നു.
5 മനുഷ്യന്റെ ആയുസ്സു പുല്ലുപോലെയാ
കുന്നു;
വയലിലെ പൂപോലെ അവൻ പൂക്കുന്നു.
6 കാററു അതിന്മേൽ അടിക്കുമ്പോൾ അതു
ഇല്ലാതെപോകുന്നു;
അതിന്റെ സ്ഥലം പിന്നെ അതിനെ
അറികയുമില്ല.
7 യഹോവയുടെ ദയയോ എന്നും എന്നേക്കും
അവന്റെ ഭക്തന്മാൎക്കും
അവന്റെ നീതി മക്കളുടെ മക്കൾക്കും
ഉണ്ടാകും.
8 അവന്റെ നിയമത്തെ പ്രമാണിക്കുന്ന
വൎക്കും
അവന്റെ കല്പനകളെ ഓൎത്തു ആചരി
ക്കുന്നവൎക്കും തന്നേ.
9 യഹോവ തന്റെ സിംഹാസനത്തെ സ്വ
ൎഗ്ഗത്തിൽ സ്ഥാപിച്ചിരിക്കുന്നു;
അവന്റെ രാജത്വം സകലത്തെയും ഭരി
ക്കുന്നു.
0 അവന്റെ വചനത്തിന്റെ ശബ്ദം കേട്ടു
അവന്റെ ആജ്ഞ അനുസരിക്കുന്ന വീ
രന്മാരായി
അവന്റെ ദൂതന്മാരായുള്ളോരേ, യഹോ
വയെ വാഴ്ത്തുവിൻ.
1 അവന്റെ ഇഷ്ടം ചെയ്യുന്ന ശുശ്രൂഷക
രായി
അവന്റെ സകലസൈന്യങ്ങളുമായുള്ളോ
രേ, യഹോവയെ വാഴ്ത്തുവിൻ;
2 അവന്റെ ആധിപത്യത്തിലെ സകല
സ്ഥലങ്ങളിലുമുള്ള
അവന്റെ സകലപ്രവൃത്തികളുമേ, യഹോ
വയെ വാഴ്ത്തുവിൻ;
എൻ മനമേ, യഹോവയെ വാഴ്ത്തുക.

## ൧൦൪. സങ്കീൎത്തനം.

എൻ മനമേ, യഹോവയെ വാഴ്ത്തുക;
എന്റെ ദൈവമായ യഹോവേ, നീ
ഏററവും വലിയവൻ;
മഹത്വവും തേജസ്സും നീ ധരിച്ചിരിക്കുന്നു.
വസ്ത്രം ധരിക്കുമ്പോലെ നീ പ്രകാശത്തെ 2
ധരിക്കുന്നു;
തിരശ്ശീലപോലെ നീ ആകാശത്തെ വി
രിക്കുന്നു.
അവൻ തന്റെ മാളികകളുടെ തുലാങ്ങളെ 3
വെള്ളത്തിന്മേൽ നിരത്തുന്നു;
മേഘങ്ങളെ തന്റെ തേരാക്കി, കാററിൻ
ചിറകിന്മേൽ സഞ്ചരിക്കുന്നു.
അവൻ കാററുകളെ തന്റെ ദൂതന്മാരും 4
അഗ്നിജ്വാലയെ തന്റെ ശുശ്രൂഷകന്മാരും
ആക്കുന്നു.
അവൻ ഭൂമിയെ അതൊരിക്കലും ഇളകി 5
പ്പോകാതവണ്ണം
അതിന്റെ അടിസ്ഥാനത്തിന്മേൽ സ്ഥാ
പിച്ചിരിക്കുന്നു.
നീ അതിനെ വസ്ത്രംകൊണ്ടെന്നപോലെ 6
ആഴികൊണ്ടു മൂടി;
വെള്ളം പൎവ്വതങ്ങൾക്കുമീതെ നിന്നു.
അവ നിന്റെ ശാസനയാൽ ഓടിപ്പോയി; 7
നിന്റെ ഇടിമുഴക്കത്താൽ അവ ബദ്ധ
പ്പെട്ടു—
മലകൾ പൊങ്ങി, താഴ്വരകൾ താണു— 8
നീ അവെക്കു നിശ്ചയിച്ച സ്ഥലത്തേക്കു
വാങ്ങിപ്പോയി;
ഭൂമിയെ മൂടുവാൻ മടങ്ങിവരാതിരിക്കേണ്ട 9
തിന്നു
നീ അവെക്കു കടന്നുകൂടാത്ത ഒരു അതിർ
ഇട്ടു.

Digitized by Google
Original from CORNELL UNIVERSITY

അവരുടെനിമിത്തം അവൻ രാജാക്കന്മാ
രെ ശാസിച്ചു:
15 എന്റെ അഭിഷിക്തന്മാരെ തൊടരുതു,
എന്റെ പ്രവാചകന്മാൎക്കു ഒരു ദോഷവും
ചെയ്യരുതു എന്നു പറഞ്ഞു.
16 അവൻ ദേശത്തു ഒരു ക്ഷാമം വരുത്തി;
അപ്പമെന്ന കോലിനെ അശേഷം ഒടിച്ചു
കളഞ്ഞു.
17 അവൎക്കു മുമ്പായി അവൻ ഒരാളെ അയച്ചു;
യോസേഫിനെ അവർ ദാസനായി വി
റ്റുവല്ലോ.
18 യഹോവയുടെ വചനം നിവൃത്തിയാകയും
അവന്റെ അരുളപ്പാടിനാൽ അവന്നു
ശോധന വരികയും ചെയ്യുവോളം
19 അവർ അവന്റെ കാലുകളെ വിലങ്ങു
കൊണ്ടു ബന്ധിക്കയും
അവൻ ഇരിമ്പുചങ്ങലയിൽ കുടുങ്ങുകയും
ചെയ്തു.
20 രാജാവു ആളയച്ചു അവനെ വിടുവിച്ചു;
ജാതികളുടെ അധിപതി അവനെ സ്വ
തന്ത്രനാക്കി.
21 അവന്റെ പ്രഭുക്കന്മാരെ ഇഷ്ടപ്രകാരം
ബന്ധിച്ചുകൊൾവാനും
അവന്റെ മന്ത്രിമാൎക്കു ജ്ഞാനം ഉപദേ
ശിച്ചുകൊടുപ്പാനും
22 തന്റെ ഭവനത്തിന്നു അവനെ കൎത്താ
വായും
തന്റെ സൎവ്വസമ്പത്തിന്നും അധിപതി
യായും നിയമിച്ചു.
23 അപ്പോൾ യിസ്രായേൽ മിസ്രയീമിലേക്കു
ചെന്നു;
യാക്കോബ് ഹാമിന്റെ ദേശത്തു വന്നു
പാൎത്തു.
24 ദൈവം തന്റെ ജനത്തെ ഏററവും വൎദ്ധി
പ്പിക്കയും
അവരുടെ വൈരികളെക്കാൾ അവരെ
ബലവാന്മാരാക്കുകയും ചെയ്തു.

തന്റെ ജനത്തെ പകെപ്പാനും തന്റെ 25
ദാസന്മാരോടു ഉപായം പ്രയോഗിപ്പാനും
അവൻ അവരുടെ ഹൃദയത്തെ മറിച്ചു
കളഞ്ഞു.
അവൻ തന്റെ ദാസനായ മോശെയെയും 26
താൻ തിരഞ്ഞെടുത്ത അഹരോനെയും
അയച്ചു.
ഇവർ അവരുടെ ഇടയിൽ അവന്റെ 27
അടയാളങ്ങളും
ഹാമിന്റെ ദേശത്തു അത്ഭുതങ്ങളും കാ
ണിച്ചു.
അവൻ ഇരുൾ അയച്ചു ദേശത്തെ ഇരു 28
ട്ടാക്കി;
അവർ അവന്റെ വചനത്തോടു മറുത്ത
തുമില്ല.
അവൻ അവരുടെ വെള്ളത്തെ രക്ത 29
മാക്കി,
അവരുടെ മത്സ്യങ്ങളെ കൊന്നുകളഞ്ഞു.
അവരുടെ ദേശത്തു തവള വ്യാപിച്ചു 30
രാജാക്കന്മാരുടെ പള്ളിയറകളിൽപോലും
നിറഞ്ഞു.
അവൻ കല്പിച്ചപ്പോൾ നായീച്ചയും 31
അവരുടെ ദേശത്തെല്ലാം പേനും വന്നു;
അവൻ അവൎക്കു മഴെക്കു പകരം കല്മഴയും 32
അവരുടെ ദേശത്തിൽ അഗ്നിജ്വാലയും
അയച്ചു.
അവൻ അവരുടെ മുന്തിരിവള്ളികളും 33
അത്തിവൃക്ഷങ്ങളും തകൎത്തു;
അവരുടെ ദേശത്തിലെ വൃക്ഷങ്ങളും നശി
പ്പിച്ചു.
അവൻ കല്പിച്ചപ്പോൾ വെട്ടുക്കിളിയും 34
തുള്ളനും അനവധിയായി വന്നു,
അവരുടെ ദേശത്തിലെ സസ്യം ഒക്കെയും 35
അവരുടെ വയലിലെ വിളവും തിന്നുക
ളഞ്ഞു.
അവൻ അവരുടെ ദേശത്തിലെ എല്ലാ 36
കടിഞ്ഞൂലിനെയും

Digitized by Google
Original from CORNELL UNIVERSITY

എഴുന്നേല്പിപ്പാൻ ആരുമില്ലായ്കകൊണ്ടു അ
11 വന്നു അയ്യോകഷ്ടം! രണ്ടുപേർ ഒന്നിച്ചു
കിടന്നാൽ അവൎക്കു കുളിർ മാറും; ഒരു
ത്തൻ തന്നേ ആയാലോ എങ്ങനെ കുളിർ
12 മാറും? ഒരുത്തനെ ആരെങ്കിലും ആക്ര
മിച്ചാൽ രണ്ടുപേൎക്കും അവനോടു എതി
ൎത്തുനില്ക്കാം; മുപ്പിരിച്ചരടു വേഗത്തിൽ
13 അററുപോകയില്ല. പ്രബോധനം കൈ
ക്കൊള്ളാത്ത വൃദ്ധനും മൂഢനുമായ ഒരു
രാജാവിനെക്കാൾ ദരിദ്രനും ജ്ഞാനിയുമായ
14 ഒരു ബാലൻ കൊള്ളാം. അവൻ മറെറാ
വൻെറ രാജ്യത്തിൽ ദരിദ്രനായി ജനി
ച്ചിട്ടും രാജാവായി വാഴേണ്ടതിന്നു കാരാ
15 ഗൃഹത്തിൽനിന്നു വരുന്നു. മറേറവന്നു
പകരം എഴുന്നേററ ബാലൻെറ പക്ഷം
സൂൎയ്യന്നുകീഴെ സഞ്ചരിക്കുന്ന ജീവനുള്ള
വർ ഒക്കെയും ചേൎന്നിരിക്കുന്നതു ഞാൻ
16 കണ്ടു. അവൻ അസംഖ്യജനത്തിന്നു
ഒക്കെയും തലവനായിരുന്നു; എങ്കിലും പി
ന്നെയുള്ളവർ അവനിൽ സന്തോഷിക്ക
യില്ല. അതും മായയും വൃഥാപ്രയത്നവും
അത്രേ.

## ൫. അദ്ധ്യായം.

ദൈവാലയത്തിലേക്കു പോകുമ്പോൾ
കാൽ സൂക്ഷിക്ക; മൂഢന്മാർ യാഗം അൎപ്പി
ക്കുന്നതിനെക്കാൾ അടുത്തുചെന്നു കേൾക്കു
ന്നതു നല്ലതു; പരിജ്ഞാനമില്ലായ്കയാലല്ലോ
2 അവർ ദോഷം ചെയ്യുന്നതു. അതിവേ
ഗത്തിൽ ഒന്നും പറയരുതു; ദൈവസന്നി
ധിയിൽ ഒരു വാക്കു ഉച്ചരിപ്പാൻ നിൻെറ
ഹൃദയം ബദ്ധപ്പെടരുതു; ദൈവം സ്വൎഗ്ഗ
ത്തിലും നീ ഭൂമിയിലും അല്ലോ; ആകയാൽ
നിൻെറ വാക്കു ചുരുക്കമായിരിക്കട്ടെ.
3 കഷ്ടപ്പാടിൻെറ ആധിക്യംകൊണ്ടു സ്വ
പ്നവും വാക്കുപെരുപ്പംകൊണ്ടു ഭോഷ
4 ൻെറ ജല്പനവും ജനിക്കുന്നു. ദൈവത്തി
ന്നു നേൎച്ച നേൎന്നാൽ കഴിപ്പാൻ താമസി
ക്കരുതു; മൂഢന്മാരിൽ അവന്നു പ്രസാദ
മില്ല; നീ നേൎന്നതു കഴിക്ക. നേൎന്നിട്ടു 5
കഴിക്കാതെയിരിക്കുന്നതിനെക്കാൾ നേരാ
തെയിരിക്കുന്നതു നല്ലതു. നിൻെറ വായ് 6
നിൻെറ ദേഹത്തിന്നു പാപകാരണമാക
രുതു; അബദ്ധവശാൽ വന്നുപോയി എന്നു
നീ ദൂതൻെറ സന്നിധിയിൽ പറകയും
അരുതു; ദൈവം നിൻെറ വാക്കുനിമിത്തം
കോപിച്ചു നിൻെറ കൈകളുടെ പ്രവൃ
ത്തിയെ നശിപ്പിക്കുന്നതു എന്തിന്നു? സ്വ 7
പ്നബഹുത്വത്തിലും വാക്കുപെരുപ്പത്തിലും
വ്യൎത്ഥത ഉണ്ടു; നീയോ ദൈവത്തെ ഭയ
പ്പെടുക.

ഒരു സംസ്ഥാനത്തു ദരിദ്രനെ പീഡി 8
പ്പിക്കുന്നതും നീതിയും ന്യായവും എടുത്തു
കളയുന്നതും കണ്ടാൽ നീ വിസ്മയിച്ചുപോ
കരുതു; ഉന്നതന്നു മീതെ ഒരു ഉന്നതനും
അവൎക്കുമീതെ അത്യുന്നതനും ജാഗരിക്കുന്നു.
കൃഷിതല്പരനായിരിക്കുന്ന ഒരു രാജാവു 9
ദേശത്തിന്നു എല്ലാററിലും ഉപകാരമായി
രിക്കും.

ദ്രവ്യപ്രിയന്നു ദ്രവ്യം കിട്ടീട്ടും ഐശ്വ 10
ൎയ്യപ്രിയന്നു ആദായം കിട്ടീട്ടും തൃപ്തി വരു
ന്നില്ല. അതും മായ അത്രേ. വസ്തുവക 11
പെരുകുമ്പോൾ അതുകൊണ്ടു ഉപജീവി
ക്കുന്നവരും പെരുകുന്നു; അതിൻെറ ഉട
മസ്ഥന്നു കണ്ണുകൊണ്ടു കാണുകയല്ലാതെ
മററെന്തു പ്രയോജനം? വേലചെയ്യുന്ന 12
മനുഷ്യൻ അല്പമോ അധികമോ ഭക്ഷിച്ചാ
ലും അവൻെറ ഉറക്കം സുഖകരമാകുന്നു;
ധനവാൻെറ സമൃദ്ധിയോ അവനെ ഉറ
ങ്ങുവാൻ സമ്മതിക്കുന്നില്ല. സൂൎയ്യന്നുകീഴെ 13
ഞാൻ കണ്ടിട്ടുള്ള ഒരു വല്ലാത്ത തിന്മയു
ണ്ടു: ഉടമസ്ഥൻ തനിക്കു അനൎത്ഥത്തിന്നാ
യിട്ടു സൂക്ഷിച്ചുവെക്കുന്ന സമ്പത്തു തന്നേ.
ആ സമ്പത്തു നിൎഭാഗ്യവശാൽ നശിച്ചു 14

Digitized by Google
Original from CORNELL UNIVERSITY

വും അത്യഗാധവും ആയിരിക്കുന്നു; അതു
25 കണ്ടെത്തുവാൻ ആൎക്കു കഴിയും? ഞാൻ
തിരിഞ്ഞു, അറിവാനും പരിശോധിപ്പാനും
ജ്ഞാനവും യുക്തിയും അന്വേഷിപ്പാനും
ദുഷ്ടത ഭോഷത്വമെന്നും മൂഢത ഭ്രാന്തു എ
26 ന്നും ഗ്രഹിപ്പാനും മനസ്സുവെച്ചു. മരണ
ത്തെക്കാൾ കൈപ്പായിരിക്കുന്ന ഒരു കാൎയ്യം
ഞാൻ കണ്ടു: ഹൃദയത്തിൽ കണികളും വല
കളും കയ്യിൽ പാശങ്ങളും ഉള്ള സ്ത്രീയെ
തന്നേ; ദൈവത്തിന്നു പ്രസാദമുള്ളവൻ
അവളെ ഒഴിഞ്ഞു രക്ഷപ്പെടും; പാപിയോ
27 അവളാൽ പിടിപെടും. കാൎയ്യം അറിയേ
ണ്ടതിന്നു ഒന്നോടൊന്നു ചേൎത്തു പരിശോ
ധിച്ചുനോക്കീട്ടു ഞാൻ ഇതാകുന്നു കണ്ടതു എ
28 ന്നു സഭാപ്രസംഗി പറയുന്നു: ഞാൻ താ
ല്പൎയ്യമായി അന്വേഷിച്ചുകൊണ്ടിരിക്കുന്നു
വെങ്കിലും കണ്ടുകിട്ടാത്തതു: ആയിരംപേ
രിൽ ഒരു പുരുഷനെ ഞാൻ കണ്ടെത്തി എ
ങ്കിലും ഇത്രയും പേരിൽ ഒരു സ്ത്രീയെ കണ്ടെ
29 ത്തിയില്ല എന്നത്രേ. ഒരു കാൎയ്യം മാത്രം
ഞാൻ കണ്ടിരിക്കുന്നു: ദൈവം മനുഷ്യനെ
നേരുള്ളവനായി സൃഷ്ടിച്ചു; അവരോ അ
നേകം സൂത്രങ്ങളെ അന്വേഷിച്ചു വരുന്നു.

## ൮. അദ്ധ്യായം.

ജ്ഞാനിക്കു തുല്യനായിട്ടു ആരുള്ളു? കാൎയ്യ
ത്തിന്റെ പൊരുൾ അറിയുന്നവൻ ആർ?
മനുഷ്യന്റെ ജ്ഞാനം അവന്റെ മുഖത്തെ
പ്രകാശിപ്പിക്കുന്നു; അവന്റെ മുഖത്തെ
2 കാഠിന്യം മാറിപ്പോകുന്നു. ദൈവസന്നി
ധിയിൽ ചെയ്ത സത്യം ഓൎത്തിട്ടു രാജാവി
ന്റെ കല്പന പ്രമാണിച്ചുകൊള്ളേണം
3 എന്നു ഞാൻ പ്രബോധിപ്പിക്കുന്നു. നീ
അവന്റെ സന്നിധി വിട്ടുപോകുവാൻ
ബദ്ധപ്പെടരുതു; ഒരു ദുഷ്കാൎയ്യത്തിലും ഇട
പെടരുതു; അവൻ തനിക്കു ഇഷ്ടമുള്ളതൊ
4 ക്കെയും ചെയ്യുമല്ലോ. രാജകല്പന ബല
മുള്ളതു; നീ എന്തു ചെയ്യുന്നു എന്നു അവ
നോടു ആർ ചോദിക്കും? കല്പന പ്രമാ 5
ണിക്കുന്നവന്നു ഒരുദോഷവും സംഭവി
ക്കയില്ല; ജ്ഞാനിയുടെ ഹൃദയം കാലത്തെ
യും ന്യായത്തെയും വിവേചിക്കുന്നു. സകല 6
കാൎയ്യത്തിന്നും കാലവും ന്യായവും ഉണ്ടല്ലോ;
മനുഷ്യന്റെ അരിഷ്ടത അവന്നു ഭാരമാ
യിരിക്കുന്നു. സംഭവിപ്പാനിരിക്കുന്നതു അ 7
വൻ അറിയുന്നില്ലല്ലോ; അതു എങ്ങനെ
സംഭവിക്കും എന്നു അവനോടു ആർ അറി
യിക്കും? ആത്മാവിനെ തടുപ്പാൻ ആ 8
ത്മാവിന്മേൽ അധികാരമുള്ള ഒരു മനുഷ്യ
നുമില്ല; മരണദിവസത്തിന്മേൽ അധി
കാരമുള്ളവനുമില്ല; യുദ്ധത്തിൽ സേവാ
വിമോചനവുമില്ല; ദുഷ്ടത ദുഷ്ടന്മാരെ
വിടുവിക്കയുമില്ല. ഇതൊക്കെയും ഞാൻ 9
കണ്ടു; മനുഷ്യന്നു മനുഷ്യന്റെമേൽ അ
വന്റെ ദോഷത്തിന്നായി അധികാരമുള്ള
കാലത്തു സൂൎയ്യന്നു കീഴെ നടക്കുന്ന സകല
പ്രവൃത്തിയിലും ഞാൻ ദൃഷ്ടിവെച്ചു.
ദുഷ്ടന്മാർ അടക്കം ചെയ്യപ്പെട്ടു വിശ്രാമം 10
പ്രാപിക്കുന്നതും നേർ പ്രവൎത്തിച്ചവർ
വിശുദ്ധസ്ഥലം വിട്ടുപോകേണ്ടിവരിക
യും പട്ടണത്തിൽ മറക്കപ്പെടുകയും ചെയ്തി
രിക്കുന്നതും ഞാൻ കണ്ടു; അതും മായ അത്രേ.
ദുഷ്പ്രവൃത്തിക്കുള്ള ശിക്ഷാവിധി തൽക്ഷണം 11
നടക്കായ്കകൊണ്ടു മനുഷ്യർ ദോഷം ചെ
യ്‌വാൻ ധൈൎയ്യപ്പെടുന്നു. പാപി നൂറു പ്രാ 12
വശ്യം ദോഷം ചെയ്കയും ദീൎഘായുസ്സോടെ
ഇരിക്കയും ചെയ്യുന്നുണ്ടെങ്കിലും ദൈവത്തെ
ഭയപ്പെടുന്ന ഭക്തന്മാൎക്കു നന്മ വരുമെന്നു
ഞാൻ നിശ്ചയമായി അറിയുന്നു. എന്നാൽ 13
ദുഷ്ടന്നു നന്മ വരികയില്ല; അവൻ ദൈ
വത്തെ ഭയപ്പെടായ്കയാൽ നിഴൽപോലെ
അവന്റെ ആയുസ്സു ദീൎഘമാകയില്ല. ഭൂമി 14
യിൽ നടക്കുന്ന ഒരു മായ ഉണ്ടു: നീതിമാ
ന്മാൎക്കു ദുഷ്ടന്മാരുടെ പ്രവൃത്തിക്കു യോഗ്യ



Digitized by Google
Original from
CORNELL UNIVERSITY

മുന്തിരിവള്ളി നശിപ്പിക്കുന്ന കുറുക്ക
ന്മാരെ,
ചെറുകുറുക്കന്മാരെ തന്നേ പിടിച്ചുതരു
വിൻ.
16 എന്റെ പ്രിയൻ എനിക്കുള്ളവൻ; ഞാൻ
അവന്നുള്ളവൾ;
അവൻ താമരകളുടെ ഇടയിൽ ആട്ടുമേ
യ്ക്കുന്നു.
17 വെയിലാറി, നിഴൽ കാണാതെയാകു
വോളം,
എന്റെ പ്രിയനേ, നീ മടങ്ങി ദുഷ്ടപൎവ്വ
തങ്ങളിലെ
ചെറുമാനിന്നും കലക്കുട്ടിക്കും തുല്യനായി
രിക്ക.

## ൩. അദ്ധ്യായം.

രാത്രിസമയത്തു എന്റെ കിടക്കയിൽ
ഞാൻ എന്റെ പ്രാണപ്രിയനെ അന്വേ
ഷിച്ചു;
ഞാൻ അവനെ അന്വേഷിച്ചു; കണ്ടില്ല
താനും.
2 ഞാൻ എഴുന്നേറ്റു നഗരത്തിൽ സഞ്ച
രിച്ചു,
വീഥികളിലും വിശാലസ്ഥലങ്ങളിലും എ
ന്റെ പ്രാണപ്രിയനെ അന്വേഷിക്കും
എന്നു ഞാൻ പറഞ്ഞു;
ഞാൻ അവനെ അന്വേഷിച്ചു; കണ്ടില്ല
താനും.
3 നഗരത്തിൽ സഞ്ചരിക്കുന്ന കാവല്ക്കാർ
എന്നെ കണ്ടു;
എന്റെ പ്രാണപ്രിയനെ കണ്ടുവോ
എന്നു ഞാൻ അവരോടു ചോദിച്ചു.
4 അവരെ വിട്ടു കുറെ അങ്ങോട്ടു ചെന്ന
പ്പോൾ
ഞാൻ എന്റെ പ്രാണപ്രിയനെ കണ്ടു;
ഞാൻ അവനെ പിടിച്ചു, എന്റെ അമ്മ
യുടെ വീട്ടിലേക്കും
എന്നെ പ്രസവിച്ചവളുടെ അറയിലേക്കും
കൊണ്ടുവരുന്നതുവരെ അവനെ വിട്ടില്ല.
യെരൂശലേംപുത്രിമാരേ, ചെറുമാനുകളാ 5
ണ, പേടമാനുകളാണ,
പ്രേമത്തിന്നു ഇഷ്ടമാകുവോളം അതിനെ
ഇളക്കരുതു ഉണൎത്തുകയുമരുതു.
മൂറും കുന്തുരുക്കവുംകൊണ്ടും 6
കച്ചവടക്കാരന്റെ സകലവിധ സുഗ
ന്ധചൂൎണ്ണങ്ങൾകൊണ്ടും
പരിമളപ്പെട്ടിരിക്കുന്ന പുകത്തൂൺപോലെ
മരുഭൂമിയിൽനിന്നു കയറിവരുന്നോരി
വൻ ആർ?
അതു ശലോമോന്റെ പല്ലക്കു തന്നേ; 7
യിസ്രായേൽവീരന്മാരിൽ അറുപതു വീര
ന്മാർ അതിന്റെ ചുററും ഉണ്ടു.
അവരെല്ലാവരും വാളെടുത്ത യുദ്ധസമ 8
ൎത്ഥന്മാർ;
രാത്രിയിലെ ഭയംനിമിത്തം ഓരോരു
ത്തൻ അരെക്കു വാൾ കെട്ടിയിരിക്കുന്നു.
ശലോമോൻരാജാവു ലെബാനോനിലെ 9
മരംകൊണ്ടു
തനിക്കു ഒരു പല്ലക്കു ഉണ്ടാക്കി.
അതിന്റെ മേക്കട്ടിക്കാൽ അവൻ വെള്ളി 10
കൊണ്ടും
ചാരു പൊന്നുകൊണ്ടും ഇരിപ്പിടം രക്താം
ബരംകൊണ്ടും ഉണ്ടാക്കി;
അതിന്റെ അന്തൎഭാഗം യെരൂശലേം
പുത്രിമാരുടെ പ്രേമംകൊണ്ടു
വിചിത്രഖചിതമായിരിക്കുന്നു.
സീയോൻപുത്രിമാരേ, നിങ്ങൾ പുറപ്പെട്ടു 11
ചെന്നു
ശലോമോൻരാജാവിനെ അവന്റെ കല്യാ
ണദിവസത്തിൽ,
അവന്റെ ഹൃദയത്തിന്റെ ആനന്ദദിവ
സത്തിൽ തന്നേ,
അവന്റെ അമ്മ അവനെ ധരിപ്പിച്ച
കിരീടത്തോടുകൂടെ കാൺമിൻ.

Digitized by Google Original from CORNELL UNIVERSITY

സ്ഥാനക്കല്ലു ഇട്ടിരിക്കുന്നു; വിശ്വസിക്കു
17 ന്നവൻ ഓടിപ്പോകയില്ല. ഞാൻ ന്യായ
ത്തെ അളവുചരടും നീതിയെ തൂക്കുകട്ട
യും ആക്കിവെക്കും; കന്മഴ വ്യാജശരണ
ത്തെ നീക്കിക്കളയും; വെള്ളം ഒളിപ്പി
18 ടത്തെ ഒഴുക്കി കൊണ്ടുപോകും. മരണ
ത്തോടുള്ള നിങ്ങളുടെ സഖ്യത ദുൎബ്ബല
മാകും; പാതാളത്തോടുള്ള നിങ്ങളുടെ ഉട
മ്പടി നിലനില്ക്കയില്ല; പ്രവഹിക്കുന്ന
ബാധ ആക്രമിക്കുമ്പോൾ നിങ്ങൾ തകൎന്നു
19 പോകും. അതു ആക്രമിക്കുമ്പോഴൊക്കെ
യും നിങ്ങളെ പിടിക്കും; അതു രാവിലെ
തോറും രാവും പകലും ആക്രമിക്കും; അതി
ന്റെ ശ്രുതി കേൾക്കുന്ന മാത്രെക്കു നടുക്കം
20 ഉണ്ടാകും. കിടക്ക ഒരുത്തന്നു നിവിൎന്നു
കിടപ്പാൻ നീളം പോരാത്തതും പുതെപ്പു
പുതെപ്പാൻ വീതി പോരാത്തതും ആകും.
21 യഹോവ തന്റെ പ്രവൃത്തിയെ, തന്റെ
ആശ്ചൎയ്യപ്രവൃത്തിയെ തന്നേ, ചെയ്യേണ്ട
തിന്നും തന്റെ ക്രിയയെ, തന്റെ അപൂ
ൎവ്വക്രിയയെ തന്നേ നടത്തേണ്ടതിന്നും
പെരാസീംമലയിൽ എന്നപോലെ എഴു
ന്നേല്ക്കയും ഗിബെയോൻതാഴ്വരയിൽ എ
22 ന്നപോലെ കോപിക്കയും ചെയ്യും. ആക
യാൽ നിങ്ങളുടെ ബന്ധനങ്ങൾ മുറുകി
പ്പോകാതെയിരിക്കേണ്ടതിന്നു നിങ്ങൾ പ
രിഹാസികൾ ആയിരിക്കരുതു; സൎവ്വഭൂമി
യിലും വരുവാൻ നിൎണ്ണയിച്ചിട്ടുള്ള ഒരു
സംഹാരത്തെക്കുറിച്ചു ഞാൻ സൈന്യങ്ങ
ളുടെ യഹോവയായ കൎത്താവിങ്കൽനിന്നു
23 കേട്ടിരിക്കുന്നു. ചെവി തന്നു എന്റെ
വാക്കു കേൾപ്പിൻ; ശ്രദ്ധവെച്ചു എന്റെ
24 വചനം കേൾപ്പിൻ. വിതെപ്പാൻ ഉഴു
ന്നവൻ ഇടവിടാതെ ഉഴുതുകൊണ്ടിരി
ക്കുന്നുവോ? അവൻ എല്ലായ്പോഴും നിലം
കീറി കട്ട ഉടെച്ചുകൊണ്ടിരിക്കുന്നുവോ?
25 നിലം നിരപ്പാക്കീട്ടു അവൻ കരിഞ്ജീര
കം വിതെക്കയും ജീരകം വിതറുകയും
കോതമ്പു ഉഴവുപൊളിയിലും യവം അതി
നുള്ള സ്ഥലത്തും ചെറുകോതമ്പു അതി
ന്റെ അററത്തും ഇടുകയും ചെയ്യുന്നി
ല്ലയോ? അങ്ങനെ അവന്റെ ദൈവം 26
അവനെ യഥാക്രമം ഉപദേശിച്ചു പഠി
പ്പിച്ചിരിക്കുന്നു. കരിഞ്ജീരകം മെതിവ 27
ണ്ടികൊണ്ടു മെതിക്കുന്നില്ല; ജീരകത്തി
ന്മേൽ വണ്ടിയുടെ ചക്രം ഉരുട്ടുന്നതുമില്ല;
കരിഞ്ജീരകം വടികൊണ്ടും ജീരകം കോൽ
കൊണ്ടും തല്ലിയെടുക്കയത്രേ ചെയ്യുന്നതു.
മെതിക്കയിൽ ധാന്യം ചതെച്ചുകളയാറു 28
ണ്ടോ? അവൻ അതിനെ എല്ലായ്പോഴും
മെതിക്കയും വണ്ടിയുടെ ചക്രത്തെയും
കുതിരകളെയും അതിന്മേൽ തെളിക്കയും
ചെയ്കയില്ലല്ലോ; അവൻ അതിനെ ചതെ
ച്ചുകളകയില്ല. അതും സൈന്യങ്ങളുടെ 29
യഹോവയിങ്കൽനിന്നു വരുന്നു; അവൻ
ആലോചനയിൽ അതിശയവും ജ്ഞാന
ത്തിൽ ഉൽകൃഷ്ടതയും ഉള്ളവനാകുന്നു.

## ൨൯. അദ്ധ്യായം.

അയ്യോ, അരീയേലേ, അരീയേലേ!
ദാവീദ് പാളയമിറങ്ങിയിരുന്ന നഗരമേ!
ആണ്ടോടു ആണ്ടു കൂട്ടുവിൻ; ഉത്സവങ്ങൾ
മുറെക്കു വന്നുകൊണ്ടിരിക്കട്ടെ. എന്നാൽ 2
ഞാൻ അരീയേലിനെ ഞെരുക്കും; ദുഃഖ
വും വിലാപവും ഉണ്ടാകും; അതു എനിക്കു
അരീയേലായി തന്നേ ഇരിക്കും. ഞാൻ 3
നിനക്കു വിരോധമായി ചുററും പാളയ
മിറങ്ങി വാട കോരി നിന്നെ നിരോധി
ക്കയും നിന്റെ നേരെ കൊത്തളം ഉണ്ടാ
ക്കുകയും ചെയ്യും. അപ്പോൾ നീ താണു, 4
നിലത്തുനിന്നു സംസാരിക്കും; നിന്റെ
വാക്കു പൊടിയിൽനിന്നു പതുക്കെ വരും;
വെളിച്ചപ്പാടന്റേതുപോലെ നിന്റെ
ഒച്ച നിലത്തുനിന്നു വരും; നിന്റെ വാക്കു

Digitized by Google
Original from CORNELL UNIVERSITY

വന്നു; യിസ്രായേൽമക്കൾ തങ്ങളുടെ കൈ
കളുടെ പ്രവൃത്തികൾകൊണ്ടു എന്നെ കോ
പിപ്പിച്ചതേയുള്ളു എന്നു യഹോവയുടെ
31 അരുളപ്പാടു. അവർ ഈ നഗരത്തെ
പണിത നാൾമുതൽ ഇന്നുവരെയും ഞാൻ
അതിനെ എന്റെ മുമ്പിൽനിന്നു നീക്കി
ക്കളയത്തക്കവണ്ണം അതു എനിക്കു കോപ
വും ക്രോധവും വരുത്തിയിരിക്കുന്നു.
32 എന്നെ കോപിപ്പിക്കേണ്ടതിന്നു യിസ്രാ
യേൽമക്കളും യെഹൂദാമക്കളും അവരു
ടെ രാജാക്കന്മാരും പ്രഭുക്കന്മാരും പുരോ
ഹിതന്മാരും പ്രവാചകന്മാരും യെഹൂദാ
പുരുഷന്മാരും യെരൂശലേംനിവാസികളും
ചെയ്ത സകലദോഷവുംനിമിത്തം തന്നേ.
33 അവർ മുഖമല്ല, പുറമത്രേ എങ്കലേക്കു തി
രിച്ചിരിക്കുന്നതു; ഞാൻ ഇടവിടാതെ അ
വരെ ഉപദേശിച്ചു പഠിപ്പിച്ചിട്ടും ഉപദേ
ശം കൈക്കൊൾവാൻ അവർ മനസ്സുവെ
34 ച്ചില്ല. എന്റെ നാമം വിളിച്ചിരിക്കുന്ന
ആലയത്തെ അശുദ്ധമാക്കുവാൻ തക്കവ
ണ്ണം അവർ അതിൽ മ്ലേച്ഛവിഗ്രഹങ്ങളെ
35 പ്രതിഷ്ഠിച്ചു. മോലെക്കിന്നു തങ്ങളുടെ
പുത്രന്മാരെയും പുത്രിമാരെയും ദഹിപ്പി
ക്കേണ്ടതിന്നു അവർ ബെൻഹിന്നോംതാ
ഴ്വരയിൽ ബാലിന്റെ പൂജാഗിരികളെ
പണിതു; ഈ മ്ലേച്ഛതകളെ പ്രവർത്തിച്ചു
യെഹൂദയെക്കൊണ്ടു പാപം ചെയ്യിപ്പാൻ
ഞാൻ അവരോടു കല്പിച്ചിട്ടില്ല; എന്റെ
36 മനസ്സിൽ അതു തോന്നീട്ടുമില്ല. ഇപ്പോൾ
വാൾ, ക്ഷാമം, മഹാമാരി എന്നിവയാൽ
ബാബേൽരാജാവിന്റെ കയ്യിൽ ഏല്പിക്ക
പ്പെടുന്നു എന്നു നിങ്ങൾ പറയുന്ന ഈ
നഗരത്തെക്കുറിച്ചു യിസ്രായേലിന്റെ ദൈ
വമായ യഹോവ ഇപ്രകാരം അരുളിച്ചെ
37 യ്യുന്നു: എന്റെ കോപത്തിലും ക്രോധ
ത്തിലും മഹാരോഷത്തിലും ഞാൻ അവരെ
നീക്കിക്കളഞ്ഞ സകലദേശങ്ങളിൽനിന്നും
ഞാൻ അവരെ ശേഖരിക്കും; ഞാൻ
അവരെ ഈ സ്ഥലത്തേക്കു മടക്കിവരുത്തി
അതിൽ നിർഭയമായി വസിക്കുമാറാക്കും.
അവർ എനിക്കു ജനമായും ഞാൻ അവൎക്കു 38
ദൈവമായും ഇരിക്കും. അവൎക്കും അവ 39
രുടെ ശേഷം അവരുടെ മക്കൾക്കും ഗുണം
വരത്തക്കവണ്ണം അവർ എന്നെ എന്നേ
ക്കും ഭയപ്പെടേണ്ടതിന്നു ഞാൻ അവൎക്കു
ഏകമനസ്സും ഏകമാൎഗ്ഗവും കൊടുക്കും.
ഞാൻ അവരെ വിട്ടുപിരിയാതെ അവൎക്കു 40
നന്മ ചെയ്തുകൊണ്ടിരിക്കും എന്നിങ്ങനെ
ഞാൻ അവരോടു ഒരു ശാശ്വതനിയമം
ചെയ്യും; അവർ എന്നെ വിട്ടുമാറാതെയി
രിപ്പാൻ എങ്കലുള്ള ഭക്തി ഞാൻ അവരുടെ
ഹൃദയത്തിൽ ആക്കും. ഞാൻ അവരിൽ 41
സന്തോഷിച്ചു അവൎക്കു ഗുണം ചെയ്യും;
ഞാൻ പൂൎണ്ണഹൃദയത്തോടും പൂൎണ്ണമനസ്സോ
ടും കൂടെ അവരെ ഈ ദേശത്തു നടും.
യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: 42
ഞാൻ ഈ ജനത്തിന്നു ഈ വലിയ അന
ൎത്ഥമൊക്കെയും വരുത്തിയതുപോലെ ത
ന്നേ ഞാൻ അവൎക്കു വാഗ്ദത്തം ചെയ്തിരി
ക്കുന്ന എല്ലാനന്മയും അവൎക്കു വരുത്തും.
മനുഷ്യനും മൃഗവും ഇല്ലാതെ ശൂന്യമായി 43
രിക്കുന്നു, കല്ദയരുടെ കയ്യിൽ ഏല്പിക്ക
പ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ പറയുന്ന
ഈ ദേശത്തു അവർ നിലങ്ങളെ വിലെക്കു
മേടിക്കും. ഞാൻ അവരുടെ പ്രവാസി 44
കളെ മടക്കിവരുത്തുന്നതുകൊണ്ടു ബെന്യാ
മീൻദേശത്തും യെരൂശലേമിന്നു ചുററു
മുള്ള പ്രദേശങ്ങളിലും യെഹൂദാപട്ടണ
ങ്ങളിലും മലനാട്ടിലെ പട്ടണങ്ങളിലും
താഴ്വീതിയിലെ പട്ടണങ്ങളിലും തെക്കെ
പട്ടണങ്ങളിലും ആളുകൾ നിലങ്ങളെ
വിലെക്കു മേടിച്ചു ആധാരങ്ങൾ എഴുതി
മുദ്രയിട്ടു സാക്ഷികളെയും വെക്കും എന്നു
യഹോവയുടെ അരുളപ്പാടു.

Digitized by Google
Original from
CORNELL UNIVERSITY

ഇപ്രകാരം അരുളിച്ചെയ്യുന്നു: ബാബേൽ
രാജാവു വന്നു ഈ ദേശത്തെ നശിപ്പിച്ചു,
മനുഷ്യനെയും മൃഗത്തെയും മുടിച്ചുകളയും
എന്നു നീ അതിൽ എഴുതിയതു എന്തിനു
എന്നു പറഞ്ഞു നീ ആ ചുരുൾ ചുട്ടുകള
30 ഞ്ഞുവല്ലോ. അതുകൊണ്ടു യെഹൂദാരാജാ
വായ യെഹോയാക്കീമിനെക്കുറിച്ചു യഹോ
വ ഇപ്രകാരം അരുളിച്ചെയ്യുന്നു: അവന്നു
വീദിൻെറ സിംഹാസനത്തിൽ ഇരി
ത്തന്നും ഉണ്ടാകയില്ല; അവൻെറ
വെയിലും രാത്രിയിൽ മഞ്ഞും
കളയും. ഞാൻ അവ
സന്തതിയെയും ഭൃത്യ
കൃത്യംനിമിത്തം
ശലേംനി

മ്യാപ്രവാചകൻമുഖാന്തരം യഹോവ അരു
ളിച്ചെയ്ത വചനങ്ങളെ കേട്ടനുസരിച്ചില്ല.
സിദെക്കീയാരാജാവു ശെലെമ്യാവി 3
ൻെറ മകനായ യെഹൂഖലിനെയും മയ
സേയാവിൻെറ മകനായ സെഫന്യാ
പുരോഹിതനെയും യിരെമ്യാപ്രവാചക
ൻെറ അടുക്കൽ അയച്ചു: നീ നമ്മുടെ
ദൈവമായ യഹോവയോടു ഞങ്ങൾക്കു
വേണ്ടി പക്ഷവാദം കഴിക്കേണം എന്നു
പറയിച്ചു. യിരെമ്യാവിന്നോ ജനത്തി 4
ൻെറ ഇടയിൽ വരത്തുപോക്കുണ്ടായി
രുന്നു; അവനെ തടവിലാക്കിയിരുന്നില്ല.
ഫറവോൻെറ സൈന്യം മിസ്രയീമിൽ 5
നിന്നു പുറപ്പെട്ടു എന്ന വൎത്തമാനം യെരൂ
ശലേമിനെ നിരോധിച്ചപാൎത്ത കല്ദയർ
കേട്ടപ്പോൾ അവർ യെരൂശലേമിനെ
ായി. അന്നു യിരെമ്യാപ്രവാച 6
ാവയുടെ അരുളപ്പാടുണ്ടായ
യിസ്രായേലിൻെറ ദൈ 7
പ്രകാരം അരുളിച്ചെ
ദിപ്പാൻ നിങ്ങളെ
യെഹൂദാരാജാ
തു: നിങ്ങൾ
ട്ടിരിക്കുന്ന
ടെ ദേശ
പ്പോകും.
ത്തോടു
വച്ചു
രു
ന

Digitized by Google
Original from
CORNELL UNIVERSITY

അവരെ അവരുടെ സഹോദരന്മാരോടു
9 കൂടെ കൊല്ലാതെയിരുന്നു. യിശ്മായേൽ
ഗെദല്യാവെയും കൂട്ടരെയും കൊന്നു ശവ
ങ്ങളെ എല്ലാം ഇട്ടുകളഞ്ഞ കുഴി ആസാ
രാജാവു യിസ്രായേൽരാജാവായ ബയശാ
നിമിത്തം ഉണ്ടാക്കിയതായിരുന്നു; നെഥ
ന്യാവിന്റെ മകനായ യിശ്മായേൽ അ
തിനെ നിഹതന്മാരെക്കൊണ്ടു നിറെച്ചു.
10 പിന്നെ യിശ്മായേൽ മിസ്പയിൽ ഉണ്ടായി
രുന്ന ജനശിഷ്ടത്തെ ഒക്കെയും രാജകുമാ
രികളെയും അകമ്പടിനായകനായ നെ
ബൂസർ-അദാൻ അഹീക്കാമിന്റെ മക
നായ ഗെദല്യാവെ ഏല്പിച്ചവരായി മിസ്പ
യിൽ ശേഷിച്ചിരുന്ന സകലജനത്തെയും
ബദ്ധരാക്കി കൊണ്ടുപോയി; നെഥന്യാ
വിന്റെ മകൻ യിശ്മായേൽ അവരെ
ബദ്ധരാക്കി അമ്മോന്യരുടെ അടുക്കൽ
കൊണ്ടുപോകുവാൻ യാത്ര പുറപ്പെട്ടു.
11 നെഥന്യാവിന്റെ മകൻ യിശ്മായേൽ
ചെയ്ത ദോഷം ഒക്കെയും കാരേഹിന്റെ
മകനായ യോഹാനാനും കൂടെ ഉണ്ടായി
രുന്ന പടത്തലവന്മാരും കേട്ടപ്പോൾ
12 അവർ സകലപുരുഷന്മാരെയും കൂട്ടിക്കൊ
ണ്ടു നെഥന്യാവിന്റെ മകനായ യിശ്മാ
യേലിനോടു യുദ്ധം ചെയ്വാൻ ചെന്നു,
ഗിബെയോനിലെ പെരിങ്കുളങ്ങരെവെ
13 ച്ചു അവനെ കണ്ടെത്തി. യിശ്മായേലി
നോടുകൂടെ ഉണ്ടായിരുന്ന ജനമൊക്കെ
യും കാരേഹിന്റെ മകനായ യോഹാനാ
നെയും കൂടെയുണ്ടായിരുന്ന എല്ലാപടത്ത
ലവന്മാരെയും കണ്ടപ്പോൾ സന്തോഷിച്ചു.
14 യിശ്മായേൽ മിസ്പയിൽനിന്നു ബദ്ധരാക്കി
കൊണ്ടുപോന്നിരുന്ന സൎവ്വജനവും തിരി
ഞ്ഞു, കാരേഹിന്റെ മകനായ യോഹാ
15 നാന്റെ അടുക്കൽ ചേന്നു. നെഥന്യാവി
ന്റെ മകൻ യിശ്മായേലോ എട്ടു ആളുമാ
യി യോഹാനാനെ വിട്ടു തെററി അമ്മോ
ന്യരുടെ അടുക്കൽ പൊയ്ക്കളഞ്ഞു. നെഥ 16
ന്യാവിന്റെ മകൻ യിശ്മായേൽ അഹീ
ക്കാമിന്റെ മകനായ ഗെദല്യാവെ കൊ
ന്നുകളഞ്ഞശേഷം, അവന്റെ കയ്യിൽനി
ന്നു കാരേഹിന്റെ മകനായ യോഹാനാ
നും കൂടെ ഉണ്ടായിരുന്ന എല്ലാപടത്തലവ
ന്മാരും വിടുവിച്ച ജനശിഷ്ടത്തെ ഒക്കെയും,
ഗിബെയോനിൽനിന്നു തിരികെ കൊ
ണ്ടുവന്ന പടയാളികളെയും സ്ത്രീകളെയും
കുഞ്ഞുങ്ങളെയും ഷണ്ഡന്മാരെയും തന്നേ,
അവർ മിസ്പയിൽനിന്നു കൂട്ടിക്കൊണ്ടു,
കല്ദയരെ പേടിച്ചിട്ടു മിസ്രയീമിൽ പോക 17
വാൻ യാത്ര പുറപ്പെട്ടു ബേത്ലേഹെമിന്നു
സമീപത്തുള്ള ഗേരൂത്ത്-കിംഹാമിൽ ചെ
ന്നു താമസിച്ചു. ബാബേൽരാജാവു ദേശാ 18
ധിപതിയാക്കിയ അഹീക്കാമിന്റെ മകനാ
യ ഗെദല്യാവെ നെഥന്യാവിന്റെ മകൻ
യിശ്മായേൽ കൊന്നുകളകകാരണത്താൽ
ആയിരുന്നു അവർ കല്ദയരെ പേടിച്ചതു.

## ൪൨. അദ്ധ്യായം.

അനന്തരം എല്ലാപടത്തലവന്മാരും കാ
രേഹിന്റെ മകനായ യോഹാനാനും
ഹോശയ്യാവിന്റെ മകനായ യെസന്യാ
വും ആബാലവൃദ്ധം സൎവ്വജനവും അടുത്തു
വന്നു യിരെമ്യാപ്രവാചകനോടു: നി 2
ന്റെ ദൈവമായ യഹോവ ഞങ്ങൾ നട
ക്കേണ്ടുന്ന വഴിയും ഞങ്ങൾ ചെയ്യേണ്ടുന്ന
കാൎയ്യവും ഞങ്ങൾക്കു അറിയിച്ചുതരേണ്ടു
തിന്നു ശേഷിച്ചിരിക്കുന്ന ഈ സകലജന
വുമായ ഞങ്ങൾക്കു വേണ്ടി നിന്റെ ദൈ
വമായ യഹോവയോടു പ്രാൎത്ഥിക്കേണം
എന്നുള്ള ഞങ്ങളുടെ അപേക്ഷ അംഗീക
രിക്കേണമേ. അസംഖ്യജനമായിരുന്ന 3
ഞങ്ങളിൽ അല്പംപേർ മാത്രമേ ശേഷി
പ്പുള്ളു എന്നു നീ സ്വന്തകണ്ണാൽ കാണുന്നു
വല്ലോ എന്നു പറഞ്ഞു. യിരെമ്യാപ്രവാ 4

Digitized by Google
Original from CORNELL UNIVERSITY

നിങ്ങളുടെ തരിമാവിന്റെ ആദ്യഭാഗവും
31 പുരോഹിതന്നു കൊടുക്കേണം. താനേ
ചത്തതും പറിച്ചുകീറിപ്പോയതുമായ പ
ക്ഷിയെയോ മൃഗത്തെയോ ഒന്നിനെയും
പുരോഹിതൻ തിന്നരുതു.

## ൪൫. അദ്ധ്യായം.

ദേശത്തെ അവകാശമായി ചീട്ടിട്ടു വിഭാ
ഗിക്കുമ്പോൾ, നിങ്ങൾ ദേശത്തിന്റെ ഒരു
വിശുദ്ധാംശം യഹോവെക്കു വഴിപാടായി
അൎപ്പിക്കേണം; അതു ഇരുപത്തയ്യായിരം
മുഴം നീളവും ഇരുപതിനായിരം മുഴം വീ
തിയും ഉള്ളതായിരിക്കേണം; അതു ചുററു
മുള്ള എല്ലാ അതിരോളവും വിശുദ്ധമായി
2 രിക്കേണം. അതിൽ അഞ്ഞൂറു മുഴം നീ
ളവും അഞ്ഞൂറു മുഴം വീതിയും ആയി ചതു
രശ്രമായോരു ഇടം വിശുദ്ധസ്ഥലത്തിന്നു
ആയിരിക്കേണം; അതിന്നു ചുററുപാടു
അമ്പതു മുഴം സ്ഥലം വെളിമ്പ്രദേശം ആ
3 യി കിടക്കേണം. ആ അളവിൽനിന്നു
നീ ഇരുപത്തയ്യായിരം മുഴം നീളവും
പതിനായിരം മുഴം വീതിയും അളക്കേ
ണം; അതിൽ അതിവിശുദ്ധമായ വിശു
4 ദ്ധമന്ദിരം ഉണ്ടായിരിക്കേണം. അതു
ദേശത്തിന്റെ വിശുദ്ധാംശമാകുന്നു; അതു
യഹോവെക്കു ശുശ്രൂഷചെയ്‌വാൻ അടുത്തു
വരുന്നവരായി വിശുദ്ധമന്ദിരത്തിലെ ശു
ശ്രൂഷകന്മാരായ പുരോഹിതന്മാൎക്കുള്ളതാ
യിരിക്കേണം; അതു അവരുടെ വീടുകൾ
ക്കുള്ള സ്ഥലവും വിശുദ്ധമന്ദിരത്തിന്നുള്ള
5 വിശുദ്ധസ്ഥലവുമായിരിക്കേണം. പിന്നെ
ഇരുപത്തയ്യായിരം മുഴം നീളവും പതി
നായിരം മുഴം വീതിയും ഉള്ളതു ആലയ
ത്തിന്റെ ശുശ്രൂഷകന്മാരായ ലേവ്യൎക്കു
പാൎപ്പാൻ ഗ്രാമങ്ങൾക്കായുള്ള സ്വത്തായി
6 രിക്കേണം. വിശുദ്ധാംശമായ വഴിപാ
ടിന്റെ പാൎശ്വത്തിൽ നഗരസ്വത്തായി അ
യ്യായിരം മുഴം വീതിയിലും ഇരുപത്തയ്യാ
യിരം മുഴം നീളത്തിലും ഒരു സ്ഥലം നിയ
മിക്കേണം; അതു യിസ്രായേൽഗൃഹത്തി
ന്നൊക്കെയും ഉള്ളതായിരിക്കേണം. പ്രഭു 7
വിന്നുള്ളതോ വിശുദ്ധവഴിപാടിടത്തിന്നും
നഗരസ്വത്തിന്നും ഇപ്പുറത്തും അപ്പുറ
ത്തും വിശുദ്ധവഴിപാടിടത്തിന്നും നഗര
സ്വത്തിന്നും മുമ്പിൽ പടിഞ്ഞാറുവശത്തു
പടിഞ്ഞാറോട്ടും കിഴക്കുവശത്തു കിഴ
ക്കോട്ടും ആയിരിക്കേണം; അതിന്റെ
നീളം ദേശത്തിന്റെ പടിഞ്ഞാറെ അതി
രുമുതൽ കിഴക്കെ അതിരുവരെയുള്ള അം
ശങ്ങളിൽ ഒന്നിനോടു ഒത്തിരിക്കേണം.
അതു യിസ്രായേലിൽ അവന്നുള്ള സ്വത്താ 8
യിരിക്കേണം; എന്റെ പ്രഭുക്കന്മാർ ഇനി
എന്റെ ജനത്തെ പീഡിപ്പിക്കാതെ ദേശ
ത്തെ യിസ്രായേൽഗൃഹത്തിലെ അതതു
ഗോത്രത്തിന്നു കൊടുക്കേണം. യഹോ 9
വയായ കൎത്താവു ഇപ്രകാരം അരുളിച്ചെ
യ്യുന്നു: യിസ്രായേൽപ്രഭുക്കന്മാരേ, മതിയാ
ക്കുവിൻ! സാഹസവും കവൎച്ചയും അകററി
നീതിയും ന്യായവും നടത്തുവിൻ; എന്റെ
ജനത്തോടു പിടിച്ചുപറിക്കുന്നതു നിൎത്തു
വിൻ എന്നു യഹോവയായ കൎത്താവിന്റെ
അരുളപ്പാടു. ഒത്ത തുലാസ്സും ഒത്ത ഏഫ 10
യും ഒത്ത ബത്തും നിങ്ങൾക്കുണ്ടായിരി
ക്കേണം. ഏഫയും ബത്തും ഒരു പ്രമാ 11
ണമായിരിക്കേണം; ബത്തു ഹോമെരി
ന്റെ പത്തിൽ ഒന്നും ഏഫാ ഹോമെരി
ന്റെ പത്തിൽ ഒന്നും ആയിരിക്കേണം;
അതിന്റെ പ്രമാണം ഹോമെരിന്നൊ
ത്തതായിരിക്കേണം. ശേക്കെൽ ഒന്നി 12
ന്നു ഇരുപതു ഗേരാ ആയിരിക്കേണം;
അഞ്ചു ശേക്കെൽ അഞ്ചുതന്നേ, പത്തു ശേ
ക്കെൽ പത്തത്രേ, അമ്പതു ശേക്കെൽ ഒരു
മാനേ എന്നിങ്ങനെ ആയിരിക്കേണം.
നിങ്ങൾ വഴിപാടു കഴിക്കേണ്ടതു എങ്ങി 13



Digitized by Google
Original from
CORNELL UNIVERSITY

ഗത്തെ അളവു നാലായിരത്തഞ്ഞൂറുമുഴം.
31 നഗരത്തിന്റെ ഗോപുരങ്ങൾ യിസ്രാ
യേൽഗോത്രങ്ങളുടെ പേരുകൾക്കു ഒത്ത
വണ്ണമായിരിക്കേണം; വടക്കോട്ടു മൂന്നു
ഗോപുരം; രൂബേന്റെ ഗോപുരം ഒന്നു;
യെഹൂദയുടെ ഗോപുരം ഒന്നു; ലേവിയു
32 ടെ ഗോപുരം ഒന്നു. കിഴക്കുഭാഗത്തു
നാലായിരത്തഞ്ഞൂറു മുഴം; ഗോപുരം മൂന്നു:
യോസേഫിന്റെ ഗോപുരം ഒന്നു; ബെ
ന്യാമീന്റെ ഗോപുരം ഒന്നു; ദാന്റെ
33 ഗോപുരം ഒന്നു. തെക്കുഭാഗത്തെ അളവു
നാലായിരത്തഞ്ഞൂറു മുഴം; ഗോപുരം
മൂന്നു: ശിമെയോന്റെ ഗോപുരം ഒന്നു;
യിസ്സാഖാരിന്റെ ഗോപുരം ഒന്നു; സെബൂ
ലൂന്റെ ഗോപുരം ഒന്നു. പടിഞ്ഞാറെ 34
ഭാഗത്തു നാലായിരത്തഞ്ഞൂറു മുഴം; ഗോ
പുരം മൂന്നു: ഗാദിന്റെ ഗോപുരം ഒന്നു;
ആശേരിന്റെ ഗോപുരം ഒന്നു; നഫ്താ
ലിയുടെ ഗോപുരം ഒന്നു. അതിന്റെ 35
ചുററളവു പതിനെണ്ണായിരം മുഴം. അന്നു
മുതൽ നഗരത്തിന്നു യഹോവശമ്മാ (യ
ഹോവ അവിടെ) എന്നു പേരാകും.

# THE BOOK OF DANIEL

## ദാനിയേലിന്റെ പുസ്തകം

### ൧. അദ്ധ്യായം.

യെഹൂദാരാജാവായ യെഹോയാക്കീ
മിന്റെ വാഴ്ചയുടെ മൂന്നാം ആണ്ടിൽ ബാ
ബേൽരാജാവായ നെബൂഖദ്-നേസർ
യെരൂശലേമിലേക്കു വന്നു അതിനെ നി
2 രോധിച്ചു. കർത്താവു യെഹൂദാരാജാവായ
യെഹോയാക്കീമിനെയും ദൈവത്തിന്റെ
ആലയത്തിലെ പാത്രങ്ങളിൽ ചിലതി
നെയും അവന്റെ കയ്യിൽ ഏല്പിച്ചു; അ
വൻ അവയെ ശിനാർദേശത്തു തന്റെ
ദേവന്റെ ക്ഷേത്രത്തിലേക്കു കൊണ്ടുപോ
യി; ആ പാത്രങ്ങളെ അവൻ തന്റെ
ദേവന്റെ ഭണ്ഡാരഗൃഹത്തിൽ വെച്ചു.
3 അനന്തരം രാജാവു തന്റെ ഷണ്ഡന്മാ
രിൽ പ്രധാനിയായ അശ്പെനാസിനോടു:
യിസ്രായേൽമക്കളിൽ രാജസന്തതിയിലും
കുലീനന്മാരിലും വെച്ചു അംഗഭംഗമില്ലാ 4
ത്തവരും സുന്ദരന്മാരും സകലജ്ഞാന
ത്തിലും നിപുണന്മാരും അറിവിൽ സമ
ർത്ഥന്മാരും വിദ്യാപരിജ്ഞാനികളും രാജ
ധാനിയിൽ പരിചരിപ്പാൻ യോഗ്യന്മാരും
ആയ ചില ബാലന്മാരെ വരുത്തുവാനും
അവരെ കല്ദയരുടെ വിദ്യയും ഭാഷയും
അഭ്യസിപ്പിപ്പാനും കല്പിച്ചു. രാജാവു 5
അവർക്കു രാജഭോജനത്തിൽനിന്നും താൻ
കുടിക്കുന്ന വീഞ്ഞിൽനിന്നും നിത്യവൃത്തി
നിയമിച്ചു; ഇങ്ങനെ അവരെ മൂന്നു സം
വത്സരം വളർത്തീട്ടു അവർ രാജസന്നിധി
യിൽ നില്ക്കേണം എന്നു കല്പിച്ചു. അവ 6
രുടെ കൂട്ടത്തിൽ ദാനീയേൽ, ഹനന്യാവു,
മീശായേൽ, അസൎയ്യാവു എന്നീ യെഹൂദാ

Digitized by Google
Original from CORNELL UNIVERSITY

പോയി; ബിംബത്തെ അടിച്ച കല്ല ഒരു
മഹാപൎവ്വതമായിത്തീൎന്ന ഭൂമിയിൽ ഒക്കെ
36 യും നിറഞ്ഞു. ഇതത്രേ സ്വപ്നം; അൎത്ഥവും
അടിയങ്ങൾ തിരുമനസ്സു അറിയിക്കാം.
രാജാവേ, തിരുമനസ്സകൊണ്ടു രാജാധിരാ
…വാകുന്നു; സ്വൎഗ്ഗസ്ഥനായ ദൈവം തി
…നസ്സിലേക്കു രാജത്വവും ഐശ്വൎയ്യവും
…യും മഹത്വവും നല്കിയിരിക്കുന്നു.
…പാൎക്കുന്നേടത്തൊക്കെയും അവ
…ലെ മൃഗങ്ങളെയും ആകാശ
…ളെയും അവൻ തൃക്ക
…ം തിരുമനസ്സിലെ
…പൊന്നു

പോലെ അവർ തമ്മിൽ ചേരുകയില്ല.
ഈ രാജാക്കന്മാരുടെ കാലത്തു സ്വൎഗ്ഗസ്ഥ 44
നായ ദൈവം ഒരുനാളും നശിച്ചുപോകാ
ത്ത ഒരു രാജത്വം സ്ഥാപിക്കും; ആ രാ
ജത്വം വേറെ ഒരു ജാതിക്കു ഏല്പിക്കപ്പെ
ടുകയില്ല; അതു ഈ രാജത്വങ്ങളെ ഒക്കെ
യും തകൎത്തു നശിപ്പിക്കയും എന്നേക്കും
നിലനില്ക്കയും ചെയ്യും. കൈ തൊടാ 45
തെ ഒരു കല്ല പൎവ്വതത്തിൽനിന്നു പറി
ഞ്ഞുവന്നു ഇരിമ്പും താമ്രവും കളിമണ്ണും
വെള്ളിയും പൊന്നും തകൎത്തുകളഞ്ഞതായി
കണ്ടതിന്റെ താല്പൎയ്യമോ: മഹാദൈവം
മേലാൽ സംഭവിപ്പാനുള്ളതു രാജാവിനെ
അറിയിച്ചിരിക്കുന്നു; സ്വപ്നം നിശ്ചയവും
…സത്യവുമാകുന്നു. അപ്പോൾ നെ 46
…രാജാവു സാഷ്ടാംഗം വീണു
…മസ്കരിച്ചു, അവന്നു ഒരു
…വാസനയും അൎപ്പി
… രാജാവു ദാനീ 47
…രഹസ്യം വെ
…യതുകൊണ്ടു
…ദൈവവും
…ള വെ
…സത്യം
…യലി 48
…നകം
…വ
…ക്ക
…
… 49
…
… 0

18 ലജ്ജാഭാരം വഹിച്ചവരായ നിനക്കുള്ളവ
രായി സംഘത്തെ വിട്ടു ദുഃഖിക്കുന്നവരെ
19 ഞാൻ ചേൎത്തുകൊള്ളും. നിന്നെ ക്ലേശി
പ്പിക്കുന്ന ഏവരോടും ഞാൻ ആ കാലത്തു
ഇടപെടും; മുടന്തിനടക്കുന്നതിനെ ഞാൻ
രക്ഷിക്കയും ചിതറിപ്പോയതിനെ ശേഖ
രിക്കയും സൎവ്വഭൂമിയിലും ലജ്ജ നേരിട്ടവ
രെ പ്രശംസയും കീൎത്തിയുമാക്കിത്തീൎക്കുക
യും ചെയ്യും. ആ കാലത്തു ഞാൻ നിങ്ങളെ 20
വരുത്തുകയും ആ കാലത്തു ഞാൻ നിങ്ങളെ
ശേഖരിക്കയും ചെയ്യും; നിങ്ങൾ കാൺകെ
ഞാൻ നിങ്ങളുടെ പ്രവാസികളെ മടക്കി
വരുത്തുമ്പോൾ ഞാൻ നിങ്ങളെ ഭൂമിയി
ലെ സകലജാതികളുടെയും ഇടയിൽ കീ
ൎത്തിയും പ്രശംസയും ആക്കിത്തീൎക്കുമെന്നു
യഹോവ അരുളിച്ചെയ്യുന്നു.

# HAGGAI

# ഹഗ്ഗായി

## ൧ അദ്ധ്യായം.

ദാൎയ്യാവേശ് രാജാവിന്റെ രണ്ടാം ആ
ണ്ടു, ആറാം മാസം, ഒന്നാം തിയ്യതി യ
ഹോവയുടെ അരുളപ്പാടു ഹഗ്ഗായിപ്രവാ
ചകൻമുഖാന്തരം യെഹൂദാദേശാധിപതി
യായി ശെയല്തീയേലിന്റെ മകനായ
സെരുബ്ബാബേലിന്നും മഹാപുരോഹിത
നായി യെഹോസാദാക്കിന്റെ മകനായ
യോശുവെക്കും ഉണ്ടായതെന്തെന്നാൽ:
2 സൈന്യങ്ങളുടെ യഹോവ ഇപ്രകാരം
അരുളിച്ചെയ്യുന്നു: യഹോവയുടെ ആല
യം പണിവാനുള്ള കാലം വന്നിട്ടില്ലെന്നു
3 ഈ ജനം പറയുന്നുവല്ലോ. ഹഗ്ഗായിപ്ര
വാചകൻമുഖാന്തരം യഹോവയുടെ അരു
4 ളപ്പാടുണ്ടായതെന്തെന്നാൽ: ഈ ആല
യം ശൂന്യമായിരിക്കെ നിങ്ങൾക്കു തട്ടിട്ട
5 വീടുകളിൽ പാൎപ്പാൻ കാലമായോ? ആ
കയാൽ സൈന്യങ്ങളുടെ യഹോവ ഇപ്ര
കാരം അരുളിച്ചെയ്യുന്നു: നിങ്ങളുടെ വഴി
കളെ വിചാരിച്ചുനോക്കുവിൻ. നിങ്ങൾ 6
വളരെ വിതെച്ചിട്ടും അല്പമേ കൊണ്ടുവരു
ന്നുള്ളു; നിങ്ങൾ ഭക്ഷിച്ചിട്ടും പൂൎത്തിവരു
ന്നില്ല; പാനം ചെയ്തിട്ടും തൃപ്തിവരുന്നില്ല;
വസ്ത്രം ധരിച്ചിട്ടും ആൎക്കും കുളിർ മാറു
ന്നില്ല; കൂലിക്കാരൻ ഓട്ടസ്സഞ്ചിയിൽ ഇടു
വാൻ കൂലിവാങ്ങുന്നു. സൈന്യങ്ങളുടെ 7
യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു:
നിങ്ങളുടെ വഴികളെ വിചാരിച്ചുനോക്കു
വിൻ. നിങ്ങൾ മലയിൽചെന്നു മരം 8
കൊണ്ടുവന്നു ആലയം പണിവിൻ; ഞാൻ
അതിൽ പ്രസാദിച്ചു മഹത്വപ്പെടും എന്നു
യഹോവ കല്പിക്കുന്നു. നിങ്ങൾ അധികം 9
കിട്ടുമെന്നു കാത്തിരുന്നു; എന്നാൽ അതു
അല്പമായ്തീൎന്നു; നിങ്ങൾ അതു വീട്ടിൽ
കൊണ്ടുവന്നു; ഞാനോ അതു ഊതിക്കള
ഞ്ഞു; അതെന്തുകൊണ്ടു? എന്റെ ആല
യം ശൂന്യമായ്ക്കിടക്കയും നിങ്ങൾ ഓരോ



Digitized by Google
Original from
CORNELL UNIVERSITY

ലൊസിനെയും മററു ചില തടവുകാരെ
യും ഔഗുസ്ത്യപട്ടാളത്തിലെ ശതാധിപ
യ യൂലിയൊസിനെ ഏല്പിച്ചു. അങ്ങ
ഞങ്ങൾ ആസ്യക്കര പററി ഓട്ടുവാ
ഒരു അദ്രമുത്ത്യകപ്പലിൽ കയറി
തെസ്സലൊനിക്കയിൽനിന്നുള്ള
ക്കാരനായ അരിസ്തൎഹൊസും
ഉണ്ടായിരുന്നു. പിറെറ
ോനിൽ എത്തി; യൂലി
നോടു ദയ കാണി
ക്കൽ പോയി
അവദിച്ചു.

സിച്ചു. ആ തുറമുഖം ശീതകാലം
പ്പാൻ തക്കതല്ലായ്കയാൽ അവിടെ
നീക്കി തെക്കുപടിഞ്ഞാറായും വടക്ക
ഞ്ഞാറായും തുറന്നുകിടക്കുന്ന ഫൊ
എന്ന ക്രേത്തതുറമുഖത്തു കഴിവുണ്ടെ
ചെന്നു ശീതകാലം കഴിക്കേണം
മിക്കപേരും ആലോചന പറഞ്ഞു.
ക്കൻകാററു മന്ദമായി ഊതുകയാൽ താ
സാധിച്ചു എന്നു തോന്നി, അവർ
ടെനിന്നു നങ്കൂരം എടുത്തു ക്രേത്തദ
ൻെറ മറപററി ഓടി. കുറെ കഴി
അതിന്നു വിരോധമായി ഈശാന
എന്ന കൊടുങ്കാററു അടിച്ചു. കപ്പ
ൻെറ നേരെ നില്പാൻ കഴിയ
ങ്ങുകയാൽ ഞങ്ങൾ കൈ
ിപ്പോയി. ക്ലൌദ
ൻെറ മറപററി
തോണി കൈ
കയററീട്ടു അ
മററും ഉറ
ൽ അക
ി അ
കൊടു
ടു പ

ഹാസനത്തിൽ ഇരിക്കുന്നവന്റെ മുമ്പിൽ
വീണു, എന്നെന്നേക്കും ജീവിച്ചിരിക്കുന്ന
11 വനെ നമസ്കരിച്ചു: കൎത്താവെ, നീ സൎവ്വ
വും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം
ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും
ആകയാൽ മഹത്വവും ബഹുമാനവും ശ
ക്തിയും കൈക്കൊൾവാൻ യോഗ്യൻ എന്നു
പറഞ്ഞുംകൊണ്ടു തങ്ങളുടെ കിരീടങ്ങളെ
സിംഹാസനത്തിൻമുമ്പിൽ ഇട്ടു.

## ൬. അദ്ധ്യായം.

**ഞാൻ** സിംഹാസനത്തിൽ ഇരിക്കുന്നവ
ന്റെ വലങ്കയ്യിൽ അകത്തും പുറത്തും എഴു
ത്തുള്ളതായി ഏഴു മുദ്രയാൽ മുദ്രയിട്ടോരു
2 പുസ്തകം കണ്ടു. ആ പുസ്തകം തുറപ്പാനും
അതിന്റെ മുദ്ര പൊട്ടിപ്പാനും യോഗ്യൻ
ആരുള്ളു എന്നു അത്യുച്ചത്തിൽ ഘോഷി
ക്കുന്ന ശക്തനായോരു ദൂതനെയും കണ്ടു.
3 പുസ്തകം തുറപ്പാനൊ നോക്കുവാനൊ സ്വ
ൎഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും ആ
4 ൎക്കും കഴിഞ്ഞില്ല. പുസ്തകം തുറന്നു വായി
പ്പാനെങ്കിലും അതു നോക്കുവാനെങ്കിലും
യോഗ്യനായി ആരെയും കാണായ്കകൊണ്ടു
5 ഞാൻ ഏററവും കരഞ്ഞു. അപ്പോൾ മൂപ്പ
ന്മാരിൽ ഒരുത്തൻ എന്നോടു: കരയണ്ടാ;
യെഹൂദാഗോത്രത്തിലെ സിംഹവും ദാവീ
ദിന്റെ വേരുമായവൻ പുസ്തകവും അതി
ന്റെ ഏഴു മുദ്രയും തുറപ്പാൻ തക്കവണ്ണം
ജയം പ്രാപിച്ചിരിക്കുന്നു എന്നു പറഞ്ഞു.
6 ഞാൻ സിംഹാസനത്തിന്റെയും നാലു
ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ
മദ്ധ്യത്തിലും ഒരു കുഞ്ഞാടു അറുക്കപ്പെട്ടതു
പോലെ നില്ക്കുന്നതു കണ്ടു; അതിന്നു ഏഴു
കൊമ്പും സൎവ്വഭൂമിയിലേക്കും അയച്ചിരി
ക്കുന്ന ഏഴു ദൈവാത്മാക്കൾ ആയ ഏഴു
7 കണ്ണും ഉണ്ടു. അവൻ വന്നു സിംഹാസ
നത്തിൽ ഇരിക്കുന്നവന്റെ വലങ്കയ്യിൽ
നിന്നു പുസ്തകം വാങ്ങി. വാങ്ങിയപ്പോൾ 8
നാലു ജീവികളും ഇരുപത്തുനാലു മൂപ്പന്മാ
രും ഓരോരുത്തൻ വീണയും വിശുദ്ധന്മാ
രുടെ പ്രാൎത്ഥന എന്ന ധൂപവൎഗ്ഗം നിറഞ്ഞ
പൊൻകലശവും പിടിച്ചുകൊണ്ടു കുഞ്ഞാ
ടിന്റെ മുമ്പാകെ വീണു. പുസ്തകം വാ 9
ങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും
നീ യോഗ്യൻ; നീ അറുക്കപ്പെട്ടു നിന്റെ
രക്തംകൊണ്ടു സൎവ്വഗോത്രത്തിലും ഭാഷ
യിലും വംശത്തിലും ജാതിയിലും നിന്നുള്ള
വരെ ദൈവത്തിന്നായി വിലെക്കു വാങ്ങി;
ഞങ്ങളുടെ ദൈവത്തിന്നു അവരെ രാജ്യ 10
വും പുരോഹിതന്മാരും ആക്കിവെച്ചു; അ
വർ ഭൂമിയിൽ വാഴുന്നു എന്നൊരു പുതിയ
പാട്ടു അവർ പാടുന്നു. പിന്നെ ഞാൻ 11
ദൎശനത്തിൽ സിംഹാസനത്തിന്റെയും ജീ
വികളുടെയും മൂപ്പന്മാരുടെയും ചുററിലും
ഏറിയ ദൂതന്മാരുടെ ശബ്ദം കേട്ടു; അവ
രുടെ എണ്ണം പതിനായിരം പതിനായി
രവും ആയിരം ആയിരവും ആയിരുന്നു.
അവർ അത്യുച്ചത്തിൽ: അറുക്കപ്പെട്ട കു 12
ഞ്ഞാടു ശക്തിയും ധനവും ജ്ഞാനവും
ബലവും ബഹുമാനവും മഹത്വവും സ്തോ
ത്രവും ലഭിപ്പാൻ യോഗ്യൻ എന്നു പറഞ്ഞു.
സ്വൎഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും 13
സമുദ്രത്തിലും ഉള്ള സകലസൃഷ്ടിയും അവ
യിലുള്ളതു ഒക്കെയും: സിംഹാസനത്തിൽ
ഇരിക്കുന്നവന്നും കുഞ്ഞാടിന്നും സ്തോത്രവും
ബഹുമാനവും മഹത്വവും ബലവും എന്നെ
ന്നേക്കും ഉണ്ടാകട്ടെ എന്നു പറയുന്നതു ഞാൻ
കേട്ടു. നാലു ജീവികളും: ആമേൻ എന്നു 14
പറഞ്ഞു; മൂപ്പന്മാർ വീണു നമസ്കരിച്ചു.

## ൬. അദ്ധ്യായം.

**കു**ഞ്ഞാടു മുദ്രകളിൽ ഒന്നു പൊട്ടിച്ചപ്പോൾ:
നീ വരിക എന്നു നാലു ജീവികളിൽ ഒന്നു
ഇടിമുഴക്കംപോലെ പറയുന്നതു ഞാൻ

Digitized by Google
Original from CORNELL UNIVERSITY

